
# ജീവദീപ്തി



# നല്ല നാളേക്കായി...

ഫാ. ജെൻസൺ ലിവേര



അംധേർ നഗരിയിലെ ചൗപട് രാജാവിന്റെ മുമ്പിൽ ഒരിക്കലൊരു പരാതിയെത്തി. കല്ലുവിന്റെ മതിലിടിഞ്ഞുവീണ് പരാതിക്കാരന്റെ ആടു ചത്തുവത്രേ. കേസുകേട്ട ചൗപട് രാജാവ് വിധി പ്രസ്താവിച്ചു. ആദ്യത്തെ കുറ്റക്കാരൻ മതിൽ! മതിലാണല്ലോ ആടിന്റെ പുറത്തു വീണത്. പിന്നെ കല്ലുമതിൽ പണിത ആശാരി, കുമ്മായം കൂട്ടിയവൻ, അതിൽ കൂടുതൽ വെള്ളമൊഴിച്ചുകൊടുത്ത ദിസ്തി. അയാൾക്ക് വലിയ മസ്ക് ഉണ്ടാക്കിക്കൊടുത്ത കസായി. കസായിക്ക് ആടിനെ വിറ്റ ഇടയൻ... ഏവരെയും തൂക്കിക്കൊല്ലാൻ രാജാവ് വിധിച്ചു. ആരാച്ചാർ റെഡിയായി.

പക്ഷേ, തൂക്കുകയറിന്റെ കുടുക്ക് ആരുടെയും കഴുത്തിന് പാകമായില്ല. അവർ ഒരു പോംവഴി തേടി. അപ്പോഴാണ് ഗോവർദ്ധനെന്ന പാവം വഴിപോക്കൻ ദൂരത്തു നിന്നു വരുന്നതു കണ്ടത്. അയാളുടെ കഴുത്തിന് ആ കുടുക്കു പാകമായിരുന്നു. അങ്ങനെ നിരപരാധിയായ ഗോവർദ്ദൻ നിർദാക്ഷിണ്യം തൂക്കിലേറ്റപ്പെട്ടു. നെറികേടിന്റെ ഇക്കഥയാണ് 'ഗോവർദ്ദന്റെ യാത്രകളി' ൽ ആനന്ദ് പറയുന്നത്.

എന്നാൽ, ഇതിനേക്കാൾ കടുത്ത അനീതി അനുഭവിക്കേണ്ടിവന്ന നിസ്സഹായനായ ഒരു ഗോവർദ്ദൻ വേദപുസ്തകത്തിലുണ്ട് (1 രാജാ..21:1). മണ്ണിൽ വിയർപ്പൊഴുക്കി കനകം വിളയിച്ച സാധാരണ കർഷകനായ നാബോത്ത്. സമരിയാ രാജാവായ ആഹാബിന്റെ കൊട്ടാരത്തോടു ചേർന്നാണ് നാബോത്തിന്റെ മുന്തിരിത്തോപ്പ്. പകലന്തിയോളം എല്ലുമുറിയെ പണിയെടുത്തുണ്ടാക്കിയതാണ് പൊന്നു വിളയുന്ന ആ തോട്ടം. രാജാവ് ഒരിക്കൽ മാളികമുകളിൽനിന്നു നോക്കി. മുന്തിരിത്തോപ്പിന്റെ സമൃദ്ധി കണ്ട് അയാൾ അമ്പരന്നു. അതെങ്ങനെയും സ്വന്തമാക്കണമെന്നുറച്ചു. പച്ചക്കറിത്തോട്ടമുണ്ടാക്കാൻ തനിക്കതു വിട്ടുതരണമെന്നായി രാജാവ്. എന്നാൽ, പുരയിടം വിട്ടുകൊടുക്കാൻ ഈ സാധുകർഷകനു മനസ്സു വന്നില്ല.

രാജ്ഞി ജസെബെൽ ഇക്കാര്യമറിഞ്ഞു. അവൾ തന്ത്രപൂർവ്വം കരുക്കളൊരുക്കി. കള്ളസാക്ഷികളെ നിരത്തി. നാബോത്തിനെ ചതിവിൽ കല്ലെറിഞ്ഞുകൊന്നു. ഏലിയാ പ്രവാചകൻ ഈ കൊടുംപാതകത്തിനെതിരെ ശബ്ദമുയർത്തി അന്യായക്കാരെ പിന്നെ കുറ്റം വിധിക്കുന്നുണ്ട്. പഴയ നിയമത്തിൽ വളരെ നാടകീയമായി അവതരിപ്പിച്ചിരിക്കുന്ന ഇക്കഥ കാലികപ്രാധാന്യമർഹിക്കുന്നതാണ്.

പാവപ്പെട്ടവർക്കു പലപ്പോഴും നീതിയും ന്യായവും നിഷേധിക്കുന്നു. സത്യം വളച്ചൊടിച്ച് ധർമ്മത്തെ തലകീഴ് മറിക്കുന്നു. ഭരണാധിപന്റെ അത്യാഗ്രഹത്തെ തൃപ്തിപ്പെടുത്താൻ പരമോന്നതമായ ന്യായപ്രമാണങ്ങൾ കാറ്റിൽ പറത്തുന്നു. പിന്നെ, ഭരണകൂടത്തിന്റെ സംവിധാനങ്ങൾ അധർമ്മത്തിനു കൈകോർക്കുന്നു. ന്യായാധിപൻ ദൗത്യവും ഭരണാധിപൻ പ്രജാസുഖവും മനഃപൂർവ്വം മറക്കുന്നു. സ്വാർത്ഥസുഖത്തിനും തൻകാര്യത്തിനുംവേണ്ടി നേരുകളുടെ കഴുത്തറുത്ത് അതിനെ ഇല്ലായ്മ ചെയ്യുന്ന സ്വേച്ഛാധിപത്യ ശൈലിയുടെയും മാർഗ്ഗതടസ്സമായതെന്തിനേയും മരണക്കെണിയിൽ കുടുക്കുന്ന കിരാതഭരണത്തിന്റെയും പ്രത്യക്ഷോദാഹരണമാണിത്. ഇക്കഥ വ്യത്യസ്ത സാഹചര്യങ്ങളിലും സന്ദർഭങ്ങളിലും പല രാഷ്ട്രങ്ങളിലും തുടരുന്നുണ്ടല്ലോ.

ഇന്ത്യ സ്വതന്ത്രമായശേഷം 75 വർഷങ്ങൾ പിന്നിട്ട് 76-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ നല്ല നാളേക്കായി...

*സ്വാതന്ത്ര്യദിന ആശംസകൾ.*

# ജീവദീപ്തി
JEEVADEEPTHI

August 2022 Vol 12 Book 08



രക്ഷാധികാരി
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

മാനേജിങ്ങ് എഡിറ്റർ
ഫാ. യേശുദാസ് പഴമ്പിള്ളി

പത്രാധിപർ
ഫാ. ജെൻസൺ ലിവേര

സഹപത്രാധിപർമാർ
ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

സർക്കുലേഷൻ മാനേജർ
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ

രൂപകല്പന
റ്റാബി ജോർജ്ജ്

ടൈപ്പ് സെറ്റ്
ASL computers

ഓഫീസ് ഇൻചാർജ്ജ്
മാനുവൽ പൊടുത്തോർ

പത്രാധിപസമിതി
ഫാ. ജോസഫ് ഓളിപ്പറമ്പിൽ
ഫാ. ലാസർ സിന്റോ തൈപ്പറമ്പിൽ
അഡ്വ. ഷെറി ജെ തോമസ്
ശ്രീമതി ജൂലിയറ്റ് ഡാനിയേൽ
ശ്രീ ജോർജ്ജ് പൊറ്റക്കുഴി
ജോബി തോമസ്സ്



ഓഫീസ്

0484-295 1472
jeevadeepthi@gmail.com


08





01

## *നല്ല നാളേക്കായി...*

*അംധേർ നഗരിയിലെ ചൗപട് രാജാവിന്റെ മുമ്പിൽ ഒരിക്കലൊരു പരാതിയെത്തി. കല്ലുവിന്റെ മതിലിടിഞ്ഞുവീണ് പരാതിക്കാരന്റെ ആടു ചത്തുവത്രേ. കേസുകേട്ട ചൗപട് രാജാവ് ..........*



## ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രവും

*പുരാതനകാലം മുതൽക്കേ ഇന്ത്യ പാശ്ചാത്യരാജ്യങ്ങളുമായി വ്യാപാര ബന്ധത്തിൽ ഏർപ്പെടുകയും അവരുമായി ചങ്ങാത്തം പുലർത്തു കയും ചെയ്തിരുന്നു. ഇന്ത്യൻ സുഗ ന്ധദ്രവ്യങ്ങൾക്കായിരുന്നു പാശ്ചാത്യ*





04

## വിമലതാരകം

*സ്വർഗാരോപണം സംബന്ധിച്ചതാണ് മറി യത്തിന്റെ നാലാം വിശ്വാസസത്യം. അമ ലോദ്ഭവം എന്ന പ്രമാണം പോലെതന്നെ സ്വർഗാരോപണം എന്ന ഈ പ്രകരണവും*







## സ്ത്രീശബ്ദം

*സ്ത്രീകളുടെ പദവി സമൂഹത്തിൽ മെച്ചപ്പെടുത്തുന്നതിന് സ്ത്രീകളെ സംബന്ധിക്കുന്ന നിയമങ്ങളും ചട്ട*

12

*ദൈവത്തിന്റെ വിരലുകൾ ..................................................................... 14*
*സ്ത്രീ ശാക്തീകരണത്തിന്റെ വഴികളിൽ.................................................18*
*സ്വാതന്ത്ര്യ ദിനത്തിൽ ......................................................................................21*
*Students Forum.............................................................................................22*
*കളമശ്ശേരി ലിറ്റിൽ ഫ്ളവർ എഞ്ചനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട്......................... ...........23*
*ആരാധനക്രമം (നിറങ്ങൾ)..............................................................................26*
*മഴക്കാല രോഗങ്ങൾ .......................................................................................27*
*ന്യൂസ്.......................................................................................................31*
*സൺഡേ ബ്രേക്ക്ഫാസ്റ്റ്.........................................................................................36*
*ബൈബിൾ വിചിന്തനം.....................................................................................40*

# വിമലതാരകം



**മറിയത്തിന്റെ സ്വർഗാരോപണം**

സ്വർഗാരോപണം സംബന്ധിച്ച താണ് മറിയത്തിന്റെ നാലാം വിശ്വാസസത്യം. അമലോദ്ഭവം എന്ന പ്രമാണം പോലെതന്നെ സ്വർഗാരോപണം എന്ന ഈ പ്രക രണവും അപ്രമാദിത്വമുള്ള ഒരു പേപ്പൽ വിളംബരം ആവശ്യമാ ക്കിയ ഒന്നാണ്. 1950-ൽ ഒരു പ്രഖ്യാപനത്തിലൂടെ പീയൂസ് പന്ത്രണ്ടാമൻ മാർപാപ്പ ഈ പ്രമാണം ഇങ്ങനെ വിശദീകരി ക്കുന്നു: "അമലോദ്ഭവയായ ദൈവമാതാവ്, നിത്യകന്യകയായ മറിയം, തന്റെ ഭൗമിക ജീവിതകാ ലഘട്ടം പൂർത്തിയാക്കിയപ്പോൾ ശരീരത്തോടും ആത്മാവോടും കൂടെ സ്വർഗീയ മഹത്വത്തിലേക്ക് എടുക്കപ്പെട്ടു. ഇത് ദൈവികമായി വെളിവാക്കപ്പെട്ട വിശ്വാസസത്യമാ ണെന്ന് ഞാൻ ഉറപ്പിച്ചു പറയു കയും പ്രഖ്യാപിക്കുകയും നിർവ ചിക്കുകയും ചെയ്യുന്നു" (മൂണിഫി ച്ചേന്തിസീമൂസ് 44, 'തിരുസഭ' 53).

മറിയത്തിന്റെ സ്വർഗാരോപണം സംബന്ധിച്ച് എന്തൊക്കെ തെളി വുകളാണ് വിശുദ്ധ വെളിപാടിന്റെ സ്രോതസ്സുകളിൽ ഉള്ളത്. പീയൂസ് പന്ത്രണ്ടാമൻ പാപ്പ അദ്ദേ ഹത്തിന്റെ പേപ്പൽ രേഖയിൽ പറ യുന്നത്, സ്വർഗാരോപണം ദൈവ ത്താൽ നേരിട്ട് വെളിവാക്കപ്പെട്ട താണെന്നാണ് (revealed by God). പാപ്പാ തന്റെ പ്രഖ്യാപനരേഖയിൽ മറ്റനേകം സ്രോതസ്സുകളും ഉദ്ധരി ക്കുന്നുണ്ട്.

**സഭയുടെ പ്രബോധനാധികാരം**

മറിയത്തിന്റെ സ്വർഗാരോപണം എന്ന വിശ്വാസത്തിനു സഭയുടെ പ്രബോധനാധികാരത്തിന്റെ ഏക

കണ്ഠമായ സമ്മതം ലഭിച്ചതാണ്. 1946-ൽ പീയൂസ് പന്ത്രണ്ടാമൻ പാപ്പാ സ്വർഗാരോപണം എന്ന മരിയൻസിദ്ധാന്തം വിശ്വാസസത്യമായി പ്രഖ്യാപിക്കണമോയെന്ന് തിരുസഭയിലെ എല്ലാ ബിഷപ്പുമാരോടും ആരായുകയുണ്ടായി. ബിഷപ്പുമാരും ഉത്സാഹത്തോടെ ഇതിനു സമ്മതം നൽകിയതുവഴി ബിഷപ്പുമാരുടെ സംഘത്തിന്റെ അസാധാരണമായ ഒരു പൊതുസമ്മതമാണ് രേഖപ്പെടുത്തപ്പെട്ടത്.

അതുപ്രകാരം, വിശ്വാസികളുടെയും ബിഷപ്പുമാരുടെയും പിന്തുണയോടെ, തന്റെ പേപ്പൽ അപ്രമാദിത്വത്തിന്റെ പിൻബലത്തിൽ, പീയൂസ് പന്ത്രണ്ടാമൻ പാപ്പാ ഈ സത്യം ഔദ്യോഗികമായി നിർവചിക്കുകയും സാർവലൗകികമായി സ്വീകരിക്കപ്പെട്ട ഒരു വിശ്വാസസത്യമായി പ്രഖ്യാപിക്കുകയും ചെയ്തു. 1854-ലെ അമലോദ്ഭവത്തെക്കുറിച്ചുള്ള പേപ്പൽ പ്രഖ്യാപനത്തിനുശേഷം ലോകമെമ്പാടുമുള്ള ബിഷപ്പുമാരും പുരോഹിതരും ദൈവശാസ്ത്ര പണ്ഡിതരും വിശ്വാസികളും സ്വർഗാരോപണത്തെക്കുറിച്ചും ഇത്തരത്തിലുള്ള ഒരു പ്രഖ്യാപനത്തിനായി വത്തിക്കാനിലേക്ക് അപേക്ഷകൾ അയച്ചിരുന്നു എന്ന കാര്യവും ഇവിടെ സ്മരണീയമാണ്.

**സ്വർഗാരോപണം വിശുദ്ധഗ്രന്ഥത്തിൽ**

ഉല്പത്തി പുസ്തകത്തിൽ (3:15) സ്വർഗാരോപണമെന്ന വിശ്വാസസത്യത്തെക്കുറിച്ച് വ്യംഗ്യമായ ഒരു സൂചനയുണ്ട്. പീയൂസ് പന്ത്രണ്ടാമൻ പാപ്പായുടെ പേപ്പൽ രേഖ വിശദീകരിക്കുന്നതുപോലെ, ഉത്പത്തി 3:15 സാത്താനുമേലുള്ള സ്വന്തം മകന്റെ വിജയത്തിൽ മറിയവും ആഴത്തിൽ പങ്കുചേർന്നുവെന്ന് മുൻകൂട്ടി അറിയിക്കുന്നു. നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും (ഉത്പ 3:15).

വിശുദ്ധ പൗലോസിന്റെ കാഴ്ചപ്പാടിൽ (റോമ 5 മുതൽ 8 വരെ അധ്യായങ്ങളിലും ഹെബ്ര 2-ലും), തിന്മ എന്ന സാത്താന്റെ വിത്തിനു ഫലങ്ങൾ രണ്ടാണ്: പാപവും മരണവും (മരണം എന്നാൽ ശാരീരികമായ അപഭ്രംശം). ആയതിനാൽ, സാത്താനും അവന്റെ വിത്തിനും മേലേ തന്റെ മകന്റെ വിജയത്തിൽ പങ്കാളിയായ മറിയത്തിന് പാപവും മരണവുമെന്ന പരിണിതഫലങ്ങളിൽ നിന്ന് മുക്തി ആവശ്യമായി വരുന്നു. അവൾ തന്റെ അമലോദ്ഭവത്തിലൂടെ പാപത്തെയും, ഇഹലോക ജീവിതത്തിന്റെ അവസാനത്തിൽ ഉടലോടെ സ്വർഗാരോപിതയായതിലൂടെ മരണത്തെയും (അതായത് ശാരീരികമായ അപ്രഭംശത്തെയും) ജയിക്കുന്നു.

ഇവിടെ ചേർത്തുവായിക്കാവുന്ന ഒരു പ്രധാന കാര്യം, പീയൂസ് പന്ത്രണ്ടാമന്റെ പേപ്പൽ രേഖയ്ക്കു മുൻപുള്ള സമവായത്തിൽ, ഭൂരിഭാഗം ബിഷപ്പുമാരും സ്വർഗാരോപണത്തിനു ദൃഷ്ടാന്തമായി ഉയർത്തിക്കാട്ടിയത് ഉല്പത്തി പുസ്തകത്തിലെ 3:15 വചനമായിരുന്നു. ഇത് തെളിയിക്കുന്നത് മറിയത്തിന്റെ സ്വർഗാരോപണത്തെക്കുറിച്ചുള്ള വിശുദ്ധഗ്രന്ഥത്തിലെ പ്രാഥമികവും പ്രധാനവുമായ മാർഗരേഖ ഉല്പത്തി 3:15 തന്നെയാണെന്നുള്ളതിന് മെത്രാൻസമിതിയുടെ സ്ഥിരീകരണവും ലഭിച്ചു എന്നാണ്.

മറ്റ് തിരുവചനഭാഗങ്ങളും സ്വർഗാരോപണ സത്യം ഏറ്റുപറയുന്നുണ്ട്. ലൂക്കാ 1:28 "കൃപ നിറഞ്ഞവളേ സ്വസ്തി" എന്ന വചനം സ്പഷ്ടമായ ഒരുദാഹരണമാണ്. മറിയം കൃപനിറഞ്ഞവളായിരുന്നതിന്റെ സ്വാഭാവിക അനന്തരഫലമാണ് ശരീരത്തോടെ തന്നെ സ്വർഗത്തിലേക്ക് സംവഹിക്കപ്പെട്ടത്. വെളിപാടിന്റെ പുസ്തകത്തിലെ മറിയത്തിന്റെ കിരീടധാരണം അതിനു മുമ്പു നടന്നിട്ടുള്ള സ്വർഗാരോപണത്തെയാണല്ലോ സൂചിപ്പിക്കുന്നത്: "സ്വർഗത്തിൽ വലിയൊരടയാളം കാണപ്പെട്ടു: സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ. ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങൾകൊണ്ടുള്ള കിരീടം" (വെളി 12:1). "കർത്താവേ, എഴുന്നേറ്റ് അവിടുത്തെ ശക്തിയുടെ പേടകത്തോടൊപ്പം അങ്ങയുടെ വിശ്രമസ്ഥലത്തേക്കു വരണമേ" (സങ്കീ 132:8) എന്ന വാക്കുകളിലൂടെ സങ്കീർത്തനങ്ങളിൽ ഇത് പ്രവചിക്കപ്പെടുന്നു. വിശുദ്ധ പൗലോസിന്റെ തിരുവെഴുത്തുകളിലും (1 കൊറി 15:23) മത്തായിയുടെ സുവിശേഷത്തിലും (മത്താ 27: 52-53) സ്വർഗാരോപണത്തെ പിന്തുണയ്ക്കുന്ന വരികൾ ദർശിക്കാൻ കഴിയും.

വിശുദ്ധ യോഹന്നാനു ലഭിച്ച വെളിപാട് 11:19-ൽ സ്വർഗാരോപണത്തിനുള്ള ശ്രദ്ധേയമായ ഒരു ബൈബിൾ അടിസ്ഥാനം ഉണ്ട്: "അപ്പോൾ, സ്വർഗത്തിൽ ദൈവത്തിന്റെ ആലയം തുറക്കപ്പെട്ടു. അതിൽ അവിടുത്തെ വാഗ്ദാനപേടകം കാണപ്പെട്ടു. മിന്നൽപ്പിണരുകളും ശബ്ദങ്ങളും ഇടിമുഴക്കങ്ങളും ഭൂകമ്പവും വലിയ കന്മഴയും ഉണ്ടായി" (വെളി 11:19). ഈ ദർശനത്തിന്റെ തുടർച്ചയിൽ നാം കാണുന്നതാകട്ടെ "സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ, ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങൾക്കൊണ്ടുള്ള കിരീടം" (വെളി 12:1). 'വാഗ്ദാനത്തിന്റെ പേടകം' (Ark of the Covenant) പഴയനിയമത്തിൽ മറിയത്തെക്കുറിച്ചുള്ള ഒരു പ്രാഗ്‌രൂപമായി കാണപ്പെടുന്നതിനാൽ അതിന്റെ തൊട്ടുപിന്നാലെ സൂര്യനെ ഉടയാടയാക്കിയ സ്ത്രീയെപ്പറ്റി പറയുന്ന വാക്കുകൾ മറിയത്തിന്റെ സ്വർഗാരോപണമാണ് സമർത്ഥിക്കുന്നതെന്ന് നിസ്സംശയം പറയാൻ കഴിയും.

**സ്വർഗാരോപണം അപ്പസ്തോലിക പാരമ്പര്യത്തിൽ**

സ്വർഗാരോപണസത്യം സഭയുടെ പാരമ്പര്യത്തിലുമുണ്ട്. ആദ്യക്രൈസ്തവർ ഈ വിശ്വാസത്തിന്റെ വ്യംഗ്യസൂചനകൾ കണ്ടെത്തിയിരുന്നു. ഇതിനെക്കുറിച്ചുള്ള പണ്ഡിതമതങ്ങളിൽ ആദ്യം പുറത്തുവന്നവയിലൊന്നാണ്, ടൂർസിലെ വിശുദ്ധ ഗ്രിഗറിയുടെ (മരണം 593-ൽ) താഴെ പറയുന്ന വാക്കുകൾ:

"'കന്യകമറിയത്തിന്റെ പരിശുദ്ധ ശരീരം മേഘങ്ങളിൽ പറുദീസായിലേക്കു വഹിക്കപ്പെടാൻ കല്പനയി

ട്ടു. അവിടെവച്ച് ആത്മാവിനോടു ചേർക്കപ്പെട്ട മറിയത്തിന്റെ ശരീരം, തിരഞ്ഞെടുക്കപ്പെട്ടവരോടു ചേർന്ന് ഒരിക്കലും അവസാനിക്കാത്ത നിത്യാനന്ദത്തിൽ പങ്കുചേർന്നു."

രണ്ടാം നൂറ്റാണ്ടുമുതൽതന്നെ സ്വർഗാരോപണത്തെ പിൻതാങ്ങുന്ന നിരവധി പരാമർശങ്ങളുണ്ട്. മാതാവിന്റെ മരണവും ഉയിർത്തെഴുന്നേല്പും, സ്വർഗാരോപണവും ആഘോഷിക്കുന്ന 'ഡോർമീസിയോ' (Dormition of the Mother God) പെരുന്നാൾ, കിഴക്കൻ നാടുകളിൽ നാലാം നൂറ്റാണ്ടിൽതന്നെ പ്രചാരത്തിലെത്തിയിരുന്നു. കോൺസ്റ്റാന്റിനോപ്പിളിലെ വിശുദ്ധ ജർമയിൻ (മരണം 733 -ൽ), ക്രീറ്റിലെ വിശുദ്ധ അന്ത്രയോസ് (മരണം 740-ൽ) തുടങ്ങിയ സഭാപിതാക്കന്മാർ സ്വർഗാരോപണസത്യം പ്രചരിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്തു. സിറിയയിലും ഈജിപ്തിലെ അലക്സാണ്ട്രിയൻ സഭയിലും ആറാം നൂറ്റാണ്ടിൽത്തന്നെ സ്വർഗാരോപണം കൊണ്ടാടുന്ന പ്രാർഥനാ പെരുന്നാളുകൾ തുടങ്ങിക്കഴിഞ്ഞിരുന്നു. ഏഴാം നൂറ്റാണ്ടിൽ പടിഞ്ഞാറൻ സഭയും സ്വർഗാരോപണപ്പെരുന്നാളുകൾക്ക് ഫ്രാൻസിൽ (അന്നത്തെ കാലത്തെ ഗൗൾ) തുടക്കമിട്ടു. എട്ടാം നൂറ്റാണ്ടായതോടെ ഇവ റോമിലും ആഘോഷിക്കപ്പെടാൻ തുടങ്ങി. പതിമൂന്നാം നൂറ്റാണ്ടു മുതൽ, സ്വർഗാരോപണ സത്യം ലോകം മുഴുവൻ കിഴക്കും പടിഞ്ഞാറുമുള്ള ദൈവശാസ്ത്രപണ്ഡിതരാലും ക്രിസ്തീയ ലേഖകരാലും ഏകചിത്തമായി പഠിപ്പിക്കപ്പെടാൻ തുടങ്ങി.

## മറ്റു മരിയൻ വിശ്വാസ സത്യങ്ങളുമായുള്ള ബന്ധം

സ്വർഗാരോപണവും മറ്റ് മരിയൻ വിശ്വാസസത്യങ്ങളുമായി, പ്രത്യേകിച്ച് ദൈവമാതൃത്വവും അമലോദ്ഭവവുമായി, അടുത്തബന്ധം നിലനില്ക്കുന്നുവെന്ന് പീയൂസ് പന്ത്രണ്ടാമൻ പാപ്പാ കണ്ടെത്തുന്നു. ദൈവമാതൃത്വം എന്ന

*ഇഹലോകവാസത്തിനൊടുവിൽ ആത്മാവും ശരീരവും തമ്മിൽ ഒരു ക്ഷണിക വിയോഗം മറിയം അനുഭവിച്ചുവോ എന്ന കാര്യം സഭ ഒരിടത്തും വിശദീകരിക്കുന്നില്ല. അത്തരം ഒരു വിയോഗം യേശു കുരിശിൽ കിടന്നുകൊണ്ട് അനുഭവിച്ചിരുന്നതിനാൽ, യേശുവിന്റെ ഉത്തമമായ ശിഷ്യത്വം പാലിച്ചിരുന്ന മറിയവും സമാനമായ ഒരു അനുഭവത്തിലൂടെ കടന്നുപോയിരിക്കാം.*

പ്രമാണം അടിസ്ഥാനപ്പെടുത്തി അദ്ദേഹം പറയുന്നത്, യേശുവിനു തന്റെ അമ്മയോടുള്ള ബഹുമാനം ഒരു പുണ്യസന്താനത്തിനു യോജിക്കുംവിധം ആയിരുന്നു എന്നാണ്. ഒരേസമയം പിതാവായ ദൈവത്തിന്റെ പുത്രനും മറിയത്തിന്റെ മകനുമായ യേശു മാതാപിതാക്കന്മാരോടുള്ള ബന്ധം വിശദീകരിക്കുന്ന നാലാം ദിവ്യകല്പന മറ്റാരെക്കാളും മേലേ പാലിക്കുമെന്ന് നമുക്കറിയാം. ആയതുകൊണ്ട്, യേശു തന്റെ മാതാവിനെ രണ്ടുവിധത്തിൽ ബഹുമാനിക്കുന്നു. ഒന്നാമതായി, ശവക്കുഴിയുടെ ദൂഷണത്തിൽനിന്നു സംരക്ഷിക്കുന്നു. രണ്ടാമതായി, അവസാനദിവസം മറ്റു പുണ്യാത്മാക്കളുടെ ശരീരത്തിന്റെ ഉയിർത്തെഴുന്നേല്പിന് മുൻപ് മാതാവിന്റെ ശരീരത്തിന് സ്വർഗാരോപണം പ്രദാനം ചെയ്യുന്നു.മേല്പറഞ്ഞതിനെക്കാൾ ബന്ധമുണ്ട് സ്വർഗാരോപണവും അമലോദ്ഭവവും തമ്മിൽ. ലളിതമായി പറയുകയാണെങ്കിൽ, മറിയത്തിന്റെ

അമലോദ്ഭവത്തിന്റെ സ്വാഭാവികമായ പരിണാമമമാണ് അവളുടെ സ്വർഗാരോപണം. ശരീരത്തിന് നേരിടേണ്ടി വരുന്ന ദൂഷണം ആദിപാപത്തിന്റെ ഫലമാണെന്നിരിക്കേ (റോമ 5:8, ഹെബ്ര 2) സ്വർഗാരോപണം ആദിപാപത്തിൽ നിന്ന് മറിയത്തിന്റെ മുക്തിയുടെ യുക്തിപരമായ വികാസപരിണാമമമായിത്തീരുന്നു. ആദവും ഹവ്വയും ആദിപാപത്തിൽ ഏർപ്പെട്ടില്ലായിരുന്നുവെങ്കിൽ, അവർക്കും ഇഹലോകവാസത്തിനൊടുവിൽ കല്ലറയിലെ ശരീരദൂഷണത്തിൽ നിന്നു മുക്തരായി ഉടലോടെ നേരിട്ട് സ്വർഗത്തിലേക്ക് പ്രവേശിക്കാൻ കഴിയുമായിരുന്നു. ശരീരദൂഷണം ആദിപാപത്തിന്റെ ഫലമാണ്. അമലോദ്ഭവത്താൽ ദൈവമാതാവ് ആദിപാപത്തിന്റെ കറയിൽനിന്ന് മുക്തയായിരുന്നതിനാൽ ദൈവവരപ്രസാദം കാത്തുസൂക്ഷിക്കാൻ സാധിച്ചതുകൊണ്ട് ഭൂമിയിലെ വാസത്തിനൊടുവിൽ ശരീരദൂഷണം സംഭവിക്കുക എന്ന ആദിപാപഫലം അനുഭവിക്കേണ്ടിവരാതെ അതിൽനിന്ന് അവൾക്കു മോചനം ലഭിച്ചു.

അമലോദ്ഭവവും സ്വർഗാരോപണവും ആന്തരികമായും യുക്ത്യധിഷ്ഠിതമായും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് പീയൂസ് പന്ത്രണ്ടാമൻ പാപ്പായുടെ ഈ പേപ്പൽ രേഖയിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

ഈ രണ്ട് ആനുകൂല്യങ്ങളും ഉറ്റബന്ധമുള്ളവയാണ്. ക്രിസ്തു തന്റെ തന്നെ മരണംവഴി പാപത്തെയും മരണത്തെയും കീഴടക്കി. മാമ്മോദീസയിലൂടെ അതിസ്വാഭാവികമായി ജനിച്ച വ്യക്തി ആ ക്രിസ്തുവിലൂടെ പാപവും മരണവും കീഴടക്കി. എന്നാലും പൊതുനിയമപ്രകാരം, കാലാന്തംവരെ മരണത്തിന്മേലുള്ള വിജയത്തിന്റെ പൂർണഫലം നീതിമാന്മാർക്ക് അനുവദിച്ചുകൊടുക്കാൻ ദൈവം ആഗ്രഹിക്കുന്നില്ല. അതുകൊണ്ട്, നീതിമാന്മാരുടെ ശരീരങ്ങൾപോലും മരണശേഷം അഴുകിപ്പോകുന്നു. അന്തിമദിനത്തിൽ മാത്രമേ ആ ശരീരങ്ങൾ ഓരോന്നും സ്വന്തം മഹത്വപൂർണമായ ആത്മാവിനോട് കൂടിച്ചേരുന്നുള്ളൂ. എന്നാൽ, അനുഗൃഹീതയായ കന്യകമറിയം ഈ പൊതുനിയമത്തിൽനിന്ന് ഒഴിവാക്കപ്പെടണ

മെന്ന് ദൈവം നിശ്ചയിച്ചു. അവൾ തികച്ചും അനന്യമായ ഒരു ആനുകൂല്യം വഴി, തന്റെ അമലോദ്ഭവം വഴി, പാപം പൂർണമായി കീഴടക്കി അതിന്റെ ഫലമായി കബറിടത്തിലെ ജീർണിക്കലെന്ന നിയമത്തിന് അവൾ വിധേയയായില്ല. ശരീരത്തിന്റെ വീണ്ടെടുപ്പിനായി കാലാന്തംവരെ കാത്തിരിക്കേണ്ടി വന്നുമില്ല" (മുണിഫിച്ചേന്തിസീമൂസ് ദേവൂസ്, 4,5).

ഇവിടെ ഉയർന്നുവരുന്ന ഒരു ചോദ്യമുണ്ട്. മറിയത്തിന്റെ മരണം യഥാർത്ഥത്തിൽ സംഭവിച്ചോ? ഇഹലോകവാസത്തിനൊടുവിൽ ആത്മാവും ശരീരവും തമ്മിൽ ഒരു ക്ഷണിക വിയോഗം മറിയം അനുഭവിച്ചുവോ എന്ന കാര്യം സഭ ഒരിടത്തും വിശദീകരിക്കുന്നില്ല. അത്തരം ഒരു വിയോഗം യേശു കുരിശിൽ കിടന്നുകൊണ്ട് അനുഭവിച്ചിരുന്നതിനാൽ, യേശുവിന്റെ ഉത്തമമായ ശിഷ്യത്വം പാലിച്ചിരുന്ന മറിയവും സമാനമായ ഒരു അനുഭവത്തിലൂടെ കടന്നുപോയിരിക്കാം. 'അവളുടെ ഭൂലോകവാസത്തിന്റെ ഒടുവിൽ' (at the end of her earthly life) എന്ന ഒരു സാമാന്യപ്രസ്താവമല്ലാതെ പീയൂസ് പന്ത്രണ്ടാമൻ ഇതിന് കൂടുതൽ വിശദീകരണം നല്കുന്നില്ല.

തന്റെ പുത്രൻ അനുഭവിച്ചതിനു സമാനമായ ഒരു താല്കാലിക മരണം മറിയവും അനുഭവിച്ചിരിക്കാം എന്ന് പല ദൈവശാസ്ത്ര പണ്ഡിതരും വിശ്വസിക്കുന്നുണ്ട്. എന്നാൽ, ഏറ്റവും പ്രധാനമായ കാര്യം, ആദിപാപത്തിന്റെ ഫലമായ ഭൗതിക മരണവും (material death) അതുമൂലമുള്ള ശരീരദൂഷണവും മറിയത്തിനു സംഭവിക്കില്ല എന്നതാണ് ജോൺ പോൾ രണ്ടാമൻ പാപ്പാ പറയുന്നത്. അദ്ദേഹം നടത്തിയ ചില ഔപചാരിക പ്രസംഗങ്ങളിൽ മറിയത്തിന്റെ മരണത്തെ കിഴക്കൻ പാരമ്പര്യത്തിലെ "Our Lady's dormition' എന്ന സങ്കല്പവുമായി ബന്ധപ്പെടുത്തിയാണ് പറഞ്ഞിട്ടുള്ളത്. നമ്മുടെ കർത്താവായ തന്റെ പുത്രനുമായി ആഴത്തിൽ ബന്ധം കാത്തുസൂക്ഷിച്ച, ദൈവഹിതത്തിനു തന്നെത്തന്നെ പൂർണമായി സമർപ്പിച്ച ഒരു വ്യക്തിയുടെ ഇഹലോകവാസത്തിന്റെ സമുചിതമായ അന്തമായാണ് സ്വർഗാരോപണത്തെ രണ്ടാം വത്തിക്കാൻ കൗൺസിൽ വിവരിക്കുന്നത്:

'അവസാനം കറയില്ലാത്ത ഈ കന്യക ജന്മപാപത്തിന്റെ എല്ലാ കറയിലും നിന്ന് ഒഴിവാക്കി സംരക്ഷിക്കപ്പെട്ടവളായി, ഇഹലോകജീവിതവാസം പൂർത്തിയാക്കി ആത്മശരീരങ്ങളോടെ സ്വർഗീയമഹത്വത്തിൽ സംവഹിക്കപ്പെടുകയും ചെയ്തു. കർത്താക്കളുടെ കർത്താവും പാപത്തെയും മരണത്തെയും ജയിച്ചവനുമായ തന്റെ സുതനോട് കൂടുതൽ അനുരൂപപ്പെടാൻവേണ്ടി കർത്താവാൽ പ്രപഞ്ചറാണിയായി അവൾ അവരോധിക്കപ്പെടുകയും ചെയ്തു' (തിരുസഭ, 59).

സ്വർഗാരോപണം കത്തോലിക്കാ സഭയുടെ 'യുഗാന്തശാസ്ത്രപരമായ അടയാളം' (eschatologicsal sign) ആയി വർത്തിക്കുന്നുവെന്ന് സഭയുടെ മതബോധനഗ്രന്ഥം അടിവരയിട്ടു പ്രഖ്യാപിച്ചിരിക്കുന്നു (ഖണ്ഡിക നമ്പർ 972). മനുഷ്യരാശിയുടെ ആദ്ധ്യാത്മിക മാതാവ് എന്ന ധർമത്തിന്റെ പ്രതിഫലനമായിട്ടാണ് മറിയത്തിന്റെ സ്വർഗാരോപണത്തെ ബെഡഡിക്ട് പതിനാറാമൻ പാപ്പാ ദർശിക്കുന്നത്:

*ആത്മാവോടും ശരീരത്തോടും കൂടെ മറിയം സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു; ദൈവത്തിൽ ശരീരത്തിനും വസിക്കാനിടമുണ്ട്. നമുക്കജ്ഞാതമായ ഒരു വിദൂരമേഖലയല്ല സ്വർഗം. സ്വർഗത്തിൽ നമുക്കൊരു അമ്മയുണ്ട്. ദൈവത്തിന്റെ അമ്മ, ദൈവപുത്രന്റെ അമ്മ നമ്മുടെയും അമ്മയാണ്. യേശുതന്നെ അതു പറഞ്ഞിട്ടുണ്ട്. തന്റെ പ്രിയ ശിഷ്യരോടും അതുവഴി നമ്മോടെല്ലാവരോടും 'ഇതാ നിന്റെ അമ്മ' എന്നു പറഞ്ഞപ്പോൾ അവിടന്ന് മറിയത്തെ നമ്മുടെ അമ്മയാക്കി മാറ്റി. നമുക്ക് സ്വർഗത്തിൽ ഒരമ്മയുണ്ട്. സ്വർഗം തുറന്നു; സ്വർഗത്തിനു ഒരു ഹൃദയമുണ്ട്."*

**ചിന്താകവിത; കവിതാ ചിന്ത**

**കാണാതെപോയ നാണയം**

അവൾക്ക് പത്ത് നാണയങ്ങൾ ഉണ്ടായിരുന്നു. അതിലൊന്ന് കാണാതെ പോയി. സംഭ്രാന്തയായ അവളാകട്ടെ, വിളക്കു കൊളുത്തി, വീടു മുഴുവൻ അടിച്ചുവാരി. ഏറെ വിയർപ്പിനും സങ്കടങ്ങൾക്കുമൊടുവിൽ അവൾക്ക് ആ നാണയം കണ്ടുകിട്ടി. ഉടനെ, അവൾ കൂട്ടുകാരെയും അയൽവാസികളെയും വിളിച്ചുകൂട്ടി പറഞ്ഞു:

"എന്നോടുകൂടെ സന്തോഷിക്കുവിൻ. എന്റെ നഷ്ടപ്പെട്ട നാണയം വീണ്ടുകിട്ടിയിരിക്കുന്നു.!

തുടർന്ന് അവൾ അന്തിക്കടയിലെത്തി അത്യാവശ്യം വീട്ടുസാധനങ്ങൾ വാങ്ങി. കണ്ടുകിട്ടിയ നാണയം കൊടുത്തപ്പോൾ, കടക്കാരൻ അത് തിരിച്ചും മറിച്ചും നോക്കിയിട്ട്, പരിഹാസത്തോടെ ചോദിച്ചു:

'ഇതെവിടുന്ന് കിട്ട്യേടി? എടുക്കാത്ത കള്ളനാണയം കൊണ്ടുവന്നിരിക്കുന്നു! മേടിച്ചതൊക്കെ അവിടെത്തന്നെ വെച്ചിട്ട് നിന്റെ കള്ളക്കാശും കൊണ്ട് വേഗം പൊയ്ക്കോണം. ഇല്ലെങ്കി, ഞാൻ പോലീസിനെ പിടിപ്പിക്കും, ങാ!

എന്നാറേ, കടവരാന്തയിൽനിന്ന് വിങ്ങിപ്പൊട്ടി അവൾ വഴിയിലേക്കിറങ്ങി. അവിടെ മുഴുവൻ ഇരുട്ട് കട്ടകൂടി കിടന്നിരുന്നു.

ഫൈവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

# സ്വാതന്ത്ര്യസ്മൃതികൾ

അഡ്വ. സരീന ജോർജ്ജ്



പുരാതനകാലം മുതൽക്കേ ഇന്ത്യ പാശ്ചാത്യരാജ്യങ്ങളുമായി വ്യാപാര ബന്ധത്തിൽ ഏർപ്പെടുകയും അവരുമായി ചങ്ങാത്തം പുലർത്തുകയും ചെയ്തിരുന്നു. ഇന്ത്യൻ സുഗന്ധദ്രവ്യങ്ങൾക്കായിരുന്നു പാശ്ചാത്യവിപണിയിൽ ഏറെ പ്രിയം. 7–ാം നൂറ്റാണ്ടോടുകൂടി ഇന്ത്യയുടെ വിദേശ വ്യാപാരം അറബികളുടെ അധീനതയിൽ ആയപ്പോൾ പാശ്ചാത്യർ അറബികളിൽനിന്നുമായിരുന്നു ഇന്ത്യൻ ഉല്പന്നങ്ങൾ വാങ്ങിയിരുന്നത്. മധ്യേഷ്യയിലെ പ്രമുഖ വ്യാപാര കേന്ദ്രമായ കോൺസ്റ്റാന്റിനോപ്പിൾ 1453–ൽ തുർക്കികൾ കൈവശപ്പെടുത്തിയതിനെ തുടർന്ന് കരമാർഗ്ഗം യൂറോപ്യർക്ക് ഇന്ത്യയിലെത്താൻ വഴി അടയുകയും കടൽമാർഗ്ഗം ഇന്ത്യയിലെത്താൻ ശ്രമം ആരംഭിക്കുകയും ചെയ്തു.

**പോർച്ചുഗീസുകാർ**

പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കടൽമാർഗ്ഗം ഇന്ത്യയിലെത്തിയ ആദ്യസംഘം പോർച്ചുഗീസുകാർ ആയിരുന്നു. യൂറോപ്യൻമാരുടെ ഇന്ത്യയിലേക്കുള്ള വരവിനെക്കുറിക്കുന്ന കാലഘട്ടം ഗാമായുഗം എന്ന പേരിൽ ചരിത്രത്തിൽ അറിയപ്പെടുന്നു.

ഗോവ തുറമുഖം അധീനതയിൽ ആക്കിയതാണ് ഇന്ത്യയിൽ പോർച്ചുഗീസ് സാമ്രാജ്യം സ്ഥാപിക്കാൻ അവർ നടത്തിയ സുപ്രധാന കാൽവയ്പ്. കുറെയേറെ പ്രദേശങ്ങൾ പോർച്ചുഗീസ് അധീനതയിൽ ആക്കിയെങ്കിലും ആ പ്രദേശങ്ങൾ മിക്കവാറും ഇംഗ്ലീഷുകാരും ഡച്ചുകാരും ചേർന്ന് കൈവശപ്പെടുത്തുകയും ചെയ്തു. ഒടുവിൽ കൈവശമുണ്ടായിരുന്ന ഗോവ, ദാമൻ, ദിയു എന്നീ പ്രദേശങ്ങൾ 1961–ൽ ഇന്ത്യാ ഗവൺമെന്റ് പോർച്ചുഗീസ് അധീനതയിൽനിന്ന് മോചിപ്പിച്ചു. അതോടെ പോർച്ചുഗീസ് കാലഘട്ടത്തിന് വിരാമമായി.

**ഡച്ചുകാർ**

പതിനേഴാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടിയാണ് ഡച്ചുകാർ രംഗപ്രവേശം ചെയ്യുന്നത്. 1604–ൽ സാമൂതിരി രാജാവ് ഡച്ചുകാർക്ക് കോഴിക്കോട് വ്യാപാരം നടത്തുന്നതിനുള്ള അനുവാദം നൽകി. പിന്നീടവർ മച്ചലി പട്ടണം, പുലിക്കാട്, സൂറത്ത് എന്നിവിടങ്ങളിൽ വ്യവസായ ശാലകൾ സ്ഥാപിച്ചു. 1663–ൽ ഡച്ചുസൈന്യം പോർച്ചുഗീസുകാരെ കൊച്ചിയിൽനിന്നും തുരത്തി. തുടർന്ന് കൊച്ചിരാജാവ് ഡച്ചുകാർക്ക് ആനുകൂല്യങ്ങൾ നൽകി. പിന്നീട് 1741–ൽ കുളച്ചലിൽ വച്ചു നടന്ന യുദ്ധത്തിൽ തിരുവിതാംകൂർ സൈന്യം ഡച്ചുകാരെ തോല്പിച്ചു. ഇതോടുകൂടി ഡച്ചുകാരുടെ സ്വാധീന ശക്തിയും ക്ഷയിച്ചു.

**ഫ്രഞ്ചുകാർ**

ഇന്ത്യയിലെത്തിയ ഫ്രഞ്ചുകാർ 1725–ൽ മാഹിയും 1739–ൽ കാരയ്ക്കലും തങ്ങളുടെ പൂർണ നിയന്ത്രണത്തിലാക്കി.

**ഇംഗ്ലീഷുകാർ**

1600 ഡിസംബർ 31–ാം തീയതിയാണ് ലണ്ടനിലെ ചില പ്രമുഖ വ്യാപാരികൾ ചേർന്ന് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി സ്ഥാപിക്കുന്നത്. 1612–ൽ സൂറത്തിൽ വച്ച് പോർച്ചുഗീസുകാരെ തോല്പ്പിച്ച ഇംഗ്ലീഷുകാർക്ക് മുഗൾ ചക്രവർത്തിയായ ജഹാംഗീർ സൂറത്തിൽതന്നെ പാണ്ടികശാല സ്ഥാപിക്കാൻ അനുവാദം നൽകി.

**ബ്രിട്ടീഷ് ആധിപത്യത്തിന്റെ ആരംഭം**

മുസ്ലീംങ്ങൾക്ക് മുഗൾസാമ്രാജ്യവും ഹിന്ദുക്കൾക്ക് മഹാരാഷ്ട്രയുടെ പ്രാബല്യം പുനഃസ്ഥാപിക്കലും ആയിരുന്നു പ്രധാന ലക്ഷ്യം. ഈ മുഖ്യലക്ഷ്യത്തോടെ ഇംഗ്ലീഷുകാർ

ബംഗാൾ ഉൾക്കടലിൽ ശക്തമായ ആധിപത്യം സ്ഥാപിക്കാൻ ആരംഭിച്ചു. ഇതിനെതിരെ നടപടി സ്വീകരിച്ച് സിറാജ് ഉദ്-ദൗള കൽക്കത്തയിലും മറ്റുമുള്ള ഇംഗ്ലീഷ് താവളങ്ങൾ ആക്രമിച്ച് ഇംഗ്ലീഷുകാരെ തടവിലാക്കി. ഇതിനെതിരെ റോബർട്ട് ക്ലൈവിന്റെ നേതൃത്വത്തിൽ പ്ലാസി യുദ്ധം നടത്തി വിജയിച്ച് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി ബംഗാൾ രാഷ്ട്രീയത്തിലെ പ്രധാന ശക്തിയായിത്തീർന്നു. സിറാജ്-ഉദ്-ദൗളയെ തോൽപ്പിച്ച് അദ്ദേഹത്തിന്റെ സേനാനായകനായ മിർജാഫർ നവാബാക്കപ്പെട്ടു. മിർജാഫറിനുശേഷം മിർകാസിമിനെ നവാബാക്കിയെങ്കിലും ബക്സർ യുദ്ധത്തിലൂടെ അദ്ദേഹത്തെ തോൽപ്പിച്ച് മിർജാഫിറിനെ വീണ്ടും അധികാരത്തിലെത്തിച്ചു.

റോബർട്ട് ക്ലൈവിനുശേഷം ബംഗാൾ ഗവർണറായി എത്തിയ വാറൻ ഹേസ്റ്റിങ്ങ്സ് കൊച്ചിയിൽനിന്നും തുരത്തി. തുടർന്ന് കൊച്ചിരാജാവ് ഡച്ചുകാർക്ക് ആനുകൂല്യങ്ങൾ നൽകി. പിന്നീട് 1741-ൽ കുളച്ചലിൽ വച്ചുനടന്ന വാറൻ ഹേസ്റ്റിങ്ങ്സ് ഇന്ത്യയിൽ ഇംഗ്ലീഷുകാരുടെ രാഷ്ട്രീയാധിപത്യത്തിന്റെ വേരുറപ്പിക്കാൻ പല പ്രവർത്തനങ്ങളും നടത്തി. തുടർന്ന് വെല്ലസ്ലി, ഡൽഹൗസി പ്രഭു, വില്യം ബെന്റിക്ക് എന്നിവരും ഗവർണർ ജനറൽമാരായി.

ഇന്ത്യയിലെ നാട്ടുരാജ്യങ്ങള ഇംഗ്ലീഷ് കമ്പനിയുടെ പരിപൂർണ്ണ നിയന്ത്രണത്തിൽ കൊണ്ടുവരാൻ വെല്ലസ്ലിക്ക് കഴിഞ്ഞു. നേരിട്ടുള്ള ആക്രമണങ്ങൾവഴി ഒട്ടേറെ നാട്ടുരാജ്യങ്ങളെ ഇംഗ്ലീഷ് കമ്പനിയുടെ ഭരണത്തിൻ കീഴിലാക്കിയ ഡൽഹൗസി പ്രഭു, അതോടൊപ്പം തന്നെ രാജാവ് മരിക്കുമ്പോൾ അനന്തരാവകാശികളില്ലെങ്കിൽ ആ രാജ്യത്തെ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൽ ലയിപ്പിക്കുകയും ചെയ്തു. 1853-ൽ ബോംബെ മുതൽ താന വരെയുള്ള ഇന്ത്യയിലെ ആദ്യത്തെ റെയിൽപ്പാത നിർമ്മിച്ചതും ഡൽഹൗസിയാണ്. ഇന്ത്യയിൽ ആദ്യമായി ടെലഗ്രാം സമ്പ്രദായം ഏർപ്പെടുത്തുകയും ഓരോ സംസ്ഥാനത്തിനും പ്രത്യേകം വിദ്യാഭ്യാസ വകുപ്പുകൾ ഏർപ്പെടുത്തുകയും ചെയ്തു. ഹിന്ദുസമുദായത്തിലെ സതി പോലുള്ള ദുരാചാരങ്ങൾ, സാമൂഹ്യ പരിഷ്കർത്താക്കളായ രാജാറാം മോഹൻ റോയ്യെപ്പോലുള്ളവരുടെ സഹകരണത്തോടെ നിർത്തലാക്കിയത് വില്യം ബെന്റിക്ക് ആണ്.

**ഒന്നാം സ്വാതന്ത്ര്യസമരം**

ബ്രിട്ടീഷ് ആധിപത്യത്തിന്റെ വളർച്ചയും വ്യാപനവും വരുത്തിവച്ച ദൂരവ്യാപകമായ മാറ്റങ്ങളുടെ ഫലമായി 1857-ലെ വിപ്ലവം പൊട്ടിപ്പുറപ്പെട്ടു. രാഷ്ട്രീയം, സാമൂഹികം, സാമ്പത്തികം, മതപരം, സൈനികം എന്നീ 4 കാരണങ്ങളാണ് പ്രധാനമായും ഉണ്ടായിരുന്നത്.

**രാഷ്ട്രീയകാരണങ്ങൾ**

മുൻ നാട്ടുരാജാക്കന്മാരുടെ പെൻഷനും പദവികളും നിർത്തലാക്കിയത്. ദത്തവകാശം നിർത്തലാക്കിയത്.

**സാമ്പത്തികം**

ഭൂനികുതി നടപ്പിലാക്കുകയും ഭൂനികുതി അടച്ചില്ലെങ്കിലും വസ്തുവകകൾ സർക്കാരിനു ലേലം ചെയ്തു വിൽക്കാൻ നിയമം ഉണ്ടാക്കുകയും ചെയ്തത് രാജകുടുംബാംഗങ്ങളെ സ്ഥാനഭ്രഷ്ടരാക്കി. എല്ലാ മേഖലയിലും ഉള്ളവർക്ക് ബ്രിട്ടീഷ് സാമ്പത്തിക നയം മൂലം ദുരിതം വർധിച്ചു.

**സാമൂഹികവും മതപരവും ആയ കാരണങ്ങൾ**

തീവണ്ടി, കമ്പിത്തപാൽ എന്നീ മേഖലകളിൽ ഉൾപ്പെടെ വരുത്തിയ മാറ്റങ്ങൾ ജനങ്ങൾക്ക് സാമൂഹികവും മതപരവുമായ വേർതിരിവുകൾ അനുഭവിക്കുവാൻ ഇടയാക്കി.

**സൈനിക കാരണങ്ങൾ**

കമ്പനിയുടെ കീഴിലുള്ള ഇന്ത്യൻ പട്ടാളക്കാർക്ക് കുറഞ്ഞ ശമ്പളമാണ് നൽകിയിരുന്നത്. 1856-ന്റെ അവസാനത്തോടുകൂടി വന്ന പുതിയതരം തിരയും തോക്കും മതവികാരങ്ങൾ വ്രണപ്പെടുത്തുന്നു എന്ന് ആരോപണം ഉയർന്നു.

**1857-ലെ സമരത്തിന്റെ പരാജയ കാരണങ്ങൾ**

ലഹളക്കാരുടെ ഇടയിൽ ഐക്യബോധം ഇല്ലായിരുന്നു. മുസ്ലീങ്ങൾക്ക് മുഗൾസാമ്രാജ്യവും ഹിന്ദുക്കൾക്ക് മഹാരാഷ്ട്രയുടെ പ്രാബല്യം പുനഃസ്ഥാപിക്കലും ആയിരുന്നു പ്രധാന ലക്ഷ്യം. ഇതെല്ലാം ലഹള പരാജയപ്പെടാൻ കാരണമായി.

**ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഉദയം**

ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച ഇന്ത്യക്കാർ, മത-സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുത്തു. അതോടൊപ്പം യൂറോപ്പിലും മറ്റും ഉണ്ടായ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനും സാമ്പത്തിക സമത്വത്തിനും വേണ്ടി നടത്തിയ സമരങ്ങൾ ഇന്ത്യക്കാരെയും ആവേശം കൊള്ളിച്ചു. വർത്തമാന പത്രങ്ങളായ ബോംബെ സമാചാർ, ഹിന്ദു, കേസരി, ബംഗാളി, അമൃത ബസാർ പത്രിക എന്നിവയുടെ വളർച്ചയും ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് കാരണമായി.

ഇന്ത്യക്കാരുടെ ഇടയിൽ ഉണ്ടായ അവകാശ ബോധത്തിന്റെയും സ്വാതന്ത്ര്യബോധത്തിന്റെയും സാക്ഷാത്കാര ഫലമാണ് 1885 ഡിസംബർ അവസാനത്തിൽ ബോംബെയിൽ രൂപംകൊണ്ട ഇന്ത്യൻ നാഷണൽ കോൺഗ്രസ്. അഭ്യർത്ഥിക്കുക, പരാതിപ്പെടുക, പ്രതിഷേധിക്കുക എന്നായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഉയർത്തിക്കാട്ടിയ പ്രധാന നയം. കോൺഗ്രസ്സിൽ മിതവാദികളും തീവ്രവാദികളും ഉണ്ടായിരുന്നു. മിതമായ ആവശ്യങ്ങൾക്കുവേണ്ടി നിയമവിധേയമായ മാർഗ്ഗങ്ങളിലൂടെ സമാധാനപരമായി പ്രവർത്തിക്കാനായിരുന്നു മിതവാദികൾ ആഗ്രഹിച്ചത്. കഴ്സൺ പ്രഭു നടപ്പിലാക്കിയ ഭരണപരിഷ്കാരങ്ങളും ബംഗാൾ വിഭജനവും ഒരുകൂട്ടം രാജ്യസ്നേഹികളെ ചൊടിപ്പിച്ചു. ഈ തീക്ഷണതയിൽനിന്നും തീവ്രവാദികൾ ബാല ഗംഗാധരതിലകൻ, ബിബിൻചന്ദ്രപാൽ, ലാലാ ലജ്പത്റായി എന്നിവ

രുടെ നേതൃത്വത്തിൽ ശക്തിപ്രാപി ച്ചു. 1907-ലെ സൂറത്ത് സമ്മേളന ത്തിൽവച്ച് തീവ്രവാദികൾ കോൺഗ്രസിൽനിന്ന് പിരിയുകയും ചെയ്തു. 1906 ഡിസംബറിൽ അഖി ലേന്ത്യാ മുസ്ലീം ലീഗ് സ്ഥാപിക്ക പ്പെട്ടു. മുസ്ലീം ലീഗ് ബംഗാൾ വിഭ ജനത്തെ അനുകൂലിക്കുകയും വിദേശ ഉൽപ്പന്ന ബഹിഷ്കരണ പ്രസ്ഥാനത്തെ എതിർക്കുകയും ചെയ്തു.

## ഗാന്ധിജിയുടെ നേതൃത്വം

1914-18 കാലഘട്ടത്തിൽ നടന്ന ഒന്നാം ലോകമഹായുദ്ധത്തെ തുടർന്ന് സഖ്യകക്ഷികൾ ലോക ത്തിൽ ജനാധിപത്യത്തെ കൂടുതൽ സുരക്ഷിതമാക്കുകയും ജനവിഭാഗ ങ്ങളുടെ സ്വയംനിർണയാവകാശം സംരക്ഷിക്കുകയും ചെയ്യുമെന്ന് പ്രഖ്യാപിച്ചു. ഇതിനെതിരെ ഇന്ത്യ യിലും ചലനങ്ങൾ ഉണ്ടായി.

1914-ൽ ഒന്നാം ലോകമഹായുദ്ധം ആസന്നമായിരിക്കുന്ന ഘട്ടത്തി ലാണ് ഗാന്ധിജി ഇന്ത്യൻ രാഷ്ട്രീ യത്തിൽ പ്രവേശിക്കുന്നത്. റൗലറ്റ് ആക്ടിനെതിരെ പ്രതിഷേധിക്കാൻ 1919 ഏപ്രിൽ 1-ന് ജാലിയൻ വാലാ ബാഗിൽ ചേർന്ന വമ്പിച്ച പ്രതി ഷേധ സമ്മേളനത്തിനുനേരേ നടന്ന വെടിവയ്പിൽ ആയിരങ്ങൾ മരിച്ചുവീണത് ഇന്ത്യക്കാരിൽ ബ്രിട്ടീഷ് ഭരണത്തിനെതിരെ പ്രതി ഷേധം ആളിക്കത്തിച്ചു.

ഇസ്ലാമിക പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ച ഖിലാ ഫത്ത് പ്രസ്ഥാനത്തോട് ഗാന്ധി ജിയും താല്പര്യം പ്രകടിപ്പിച്ച തോടെ ഹിന്ദു മുസ്ലീം മൈത്രിയിൽ സമരപരിപാടികൾ ആരംഭിക്കുന്ന തിന് ഇടയാക്കി. നിസ്സഹകരണ പ്രസ്ഥാനം ചമ്പാരൻ സമരം, സൈമൺ കമ്മീഷൻ വിരുദ്ധസമ രം, ദണ്ഡിയാത്ര തുടങ്ങി നിരവധി സമരങ്ങൾ അരങ്ങേറി.
തുടർന്നാണ് ബ്രിട്ടീഷുകാർ വട്ട മേശ സമ്മേളനങ്ങൾ പ്രഖ്യാപിച്ച ത്. അതിന്റെയെല്ലാം ഫലമായി സംസ്ഥാനങ്ങൾക്ക് സ്വയം ഭരണം നൽകാനും ബ്രിട്ടീഷ് സംസ്ഥാന ങ്ങളും നാട്ടുരാജ്യങ്ങളും കൂടി ച്ചേർന്ന ഒരു ഫെഡറേഷൻ രൂപീക രിക്കാനും നിയമം വന്നു. പുതിയ നിയമപ്രകാരം സംസ്ഥാന ഭരണകാ ര്യങ്ങളിൽ ഗവർണർമാർ ഉൾപ്പെടില്ല എന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന നിയമസഭകളിലേക്ക് കോൺഗ്രസ്സ് മത്സരിച്ചു. 11 നിയമസഭ കളിൽ 8 എണ്ണത്തിൽ കോൺഗ്രസ് ജയിച്ചു. 1939-ൽ നടന്ന രണ്ടാം ലോകമഹായുദ്ധത്തിൽ ഇന്ത്യയെ യുദ്ധത്തിലേക്ക് വലിച്ചിഴച്ചതിൽ പ്രതിഷേധിച്ച് കോൺഗ്രസ് മന്ത്രിസ ഭകൾ രാജിവച്ചു. ജനങ്ങൾ സഹി കെട്ട് സർക്കാർ വിരുദ്ധ പ്രക്ഷോഭ ത്തിന് മുന്നിട്ടിറങ്ങുന്ന കാഴ്ച നമ്മുടെ അയൽരാജ്യങ്ങളിൽപോലും സംഭവിച്ചു കഴിഞ്ഞു. സർക്കാരിനെ വിമർശിക്കാൻ ഉപയോഗിക്കുന്ന വാക്കുകൾ നിരോധിച്ചു. അവ ഉപ യോഗിച്ചാൽ പാർലമെന്റ് രേഖക ളിൽ കാണില്ല. അതോടൊപ്പം പാർല മെന്റ് വളപ്പിൽ പ്രതിഷേധങ്ങൾ, സമരങ്ങൾ, ഉപവാസങ്ങൾ എന്നി വയ്ക്ക് നിരോധനം ഏർപ്പെടുത്തി. ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന സമാധാനപൂർവ്വം സംഘ ടിക്കാനുള്ള മൗലികാവകാശമാണ് അതോടെ ഇല്ലാതാകുന്നത്.

1940-ൽ ലാഹോറിൽ ചേർന്ന സമ്മേ ളനം മുസ്ലീങ്ങൾക്കായി പ്രത്യേക രാഷ്ട്രം എന്ന ആവശ്യം ഉന്നയിച്ചു. 1942-ൽ ക്വിറ്റ് ഇന്ത്യാ സമരം കോൺഗ്രസ് ആരംഭിച്ചു. പ്രധാന നേതാക്കളായ ഗാന്ധിജി, നെഹ്റു എന്നിവരെ അറസ്റ്റു ചെയ്തു. കോൺഗ്രസിനെ നിരോധിച്ചു.

1945-ൽ ഇംഗ്ലണ്ടിൽ അധികാരത്തിൽ വന്ന തൊഴിലാളി കക്ഷി ക്ലമന്റ് ആറ്റ്ലിയുടെ നേതൃത്വത്തിൽ ഭരണം തുടങ്ങി. ആറ്റ്ലി മുൻകൈയെടുത്ത് ഇന്ത്യൻ പ്രശ്നത്തിന് പരിഹാരം കണ്ടെത്താനുള്ള നടപടികൾ ആരം ഭിച്ചു.

1946-ൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഇടക്കാല ഗവൺമെന്റ് അധികാരത്തിൽ വന്നു. എന്നാൽ ലീഗുമായുള്ള ഭിന്നിപ്പിനെ തുടർന്ന് അധികാരം ഒഴിയേണ്ടി വന്നു.

1947-ഫെബ്രുവരിയിൽ ആറ്റ്ലി ബ്രിട്ടീഷ് പാർലമെന്റിൽ ചരിത്രപ്ര സിദ്ധമായ ഒരു പ്രഖ്യാപനം നടത്തി. 1948 ജൂണിനു മുമ്പായി ഇന്ത്യയുടെ ഭരണാധികാരം ഇന്ത്യക്കാരാൽ തിര ഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് കൈമാറുമെന്ന്. തുടർന്ന് മൗണ്ട് ബാറ്റൺ പ്രഭുവിനെ പുതിയ വൈസ്രോയിയായി നിയോഗിച്ചു. തുടർന്ന് നടന്ന ചർച്ചയുടെ ഫല മായി 1947 ആഗസ്റ്റ് 14 അർദ്ധരാത്രി -ഭരണഘടനാ നിർമ്മാണ സഭയുടെ ഒരു പ്രത്യേക ചടങ്ങിൽവച്ച് ഇന്ത്യ- പാക്കിസ്ഥാൻ എന്നീ രണ്ടു സ്വതന്ത്ര രാഷ്ട്രങ്ങൾ പിറവിയെടു ത്തു.

## സ്വാതന്ത്ര്യാനന്തര ഭാരതം

സ്വാതന്ത്ര്യം കിട്ടിയിട്ട് 75 സംവത്സര ങ്ങൾ പൂർത്തിയായി. ഭരണഘടന യുടെ ആമുഖത്തിൽ പ്രഖ്യാപി ക്കുന്ന പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യരാജ്യം എന്ന ലക്ഷ്യം പൂർണമായ തോതിൽ നേടാൻ കഴിഞ്ഞോ എന്നുള്ളത് പ്രസക്തമായ ഒരു ചോദ്യമാണ്. ഓരോ ഘടകവും നമുക്കൊന്നു വിലയിരുത്താം.

## ഇന്ത്യയിലെ സോഷ്യലിസം

1947-ൽ ഇന്ത്യയുടെ സ്വാതന്ത്ര്യത്തി നുശേഷം പ്രധാനമന്ത്രിമാരായ നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയു ടെയും കീഴിലുള്ള ഇന്ത്യൻ സർക്കാർ ഭൂപരിഷ്കരണത്തിനും ബാങ്കിംഗ് മേഖലയുടെയും പ്രധാന വ്യവസായങ്ങളുടെയും ദേശ സാൽക്കരണത്തിനും മേൽനോട്ടം വഹിച്ചു. ഭൂവുടമകൾ കർഷക തൊഴിലാളികൾക്ക് ഭൂമി അനുവദി ച്ചു. എന്നാൽ 1980-കളുടെ അവസാ നത്തിലും 1990-കളിലും വിദേശ നിക്ഷേപം ആകർഷിക്കാൻ ലക്ഷ്യ മിട്ട് സ്വകാര്യവൽക്കരണം നടത്തി ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ ഉദാര വൽക്കരിക്കാൻ സർക്കാരുകൾ ശ്രമം ആരംഭിച്ചു.

മിക്കവാറും പൊതുമേഖലാ സ്ഥാപ നങ്ങൾ ഇപ്പോൾ സ്വകാര്യവൽകരി ക്കുന്ന തിരക്കിലാണ് മോദി സർക്കാർ. ബാങ്കുകളിൽനിന്ന് വൻതോതിൽ വായ്പയെടുത്ത വൻകിട കമ്പനികൾ മനഃപൂർവ്വ മായി വരുത്തിയ കുടിശ്ശികമൂലം ഗ്രാമവികസനത്തിനായി നീക്കിവച്ചി രുന്ന സബ്സിഡികൾ നഷ്ടപ്പെടു ത്തി. 2018-ലെ കണക്കുപ്രകാരം 1.4

ലക്ഷം കോടി രൂപയാണ് ഇത്തരത്തിൽ തിരിച്ചടക്കാതെ നഷ്ടമാക്കിയത്. ഇത്തരക്കാർ മോഷ്ടിച്ച പണം ഉണ്ടായിരുന്നുവെങ്കിൽ അത് ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹിക സുരക്ഷ, ഗ്രാമവികസനം എന്നിവയ്ക്കുള്ള വിഹിതം ഇരട്ടിപ്പിക്കാനും തൊഴിലുറപ്പു പോലുള്ള പദ്ധതികൾക്ക് കൂടുതൽ വിഹിതം നല്കുവാനും ഉപയോഗിക്കാമായിരുന്നു എന്നാണ് 2019-2020 ലെ സാമ്പത്തിക സർവ്വേയിൽ കേന്ദ്രസർക്കാർ വ്യക്തമാക്കിയത്. ഇതുമൂലം വിപണിയുടെ ഇടിവിനും സാമ്പത്തിക വളർച്ചയുടെ മന്ദഗതിക്കും ഉൽപാദനശേഷിയും തൊഴിലവസരങ്ങൾ കുറയുന്നതിനും ഇടയായതിനും നമ്മൾ സാക്ഷ്യം വഹിക്കുന്നു. ഇപ്പോഴത്തെ ഭരണംകൊണ്ട് കോർപ്പറേറ്റുകൾക്ക് മാത്രമാണ് ഗുണം എന്നുള്ള ജനവികാരം സത്യമാണെന്ന് പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല.

**ജനാധിപത്യം**

ലോകത്തിലെ ഏറ്റവം വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയിലെ ഇപ്പോഴത്തെ സ്ഥിതി നമുക്കൊന്ന് വിലയിരുത്താം. തെരഞ്ഞെടുപ്പുകാലത്ത് മതത്തിനും ജാതിക്കും പാർട്ടിക്കും ചിലപ്പോൾ അന്നത്തെ അന്നത്തിനും ഇത്തിരി കാശിനും ഒരു കടപ്പാട് തീർക്കാനും വോട്ടുചെയ്യുന്നവരായി വോട്ടർമാർ മാറുന്നുവോ? സ്വന്തം സുരക്ഷ, വ്യക്തിസ്വാതന്ത്ര്യം, പ്രാഥമിക ജീവിതാവശ്യങ്ങൾ തുടങ്ങിയ കാര്യങ്ങൾ അവർ ആലോചിക്കുന്നതേയില്ല. രാഷ്ട്രീയമോ ചരിത്രമോ ഭാവിയോ മനുഷ്യാവകാശങ്ങളോ ആദർശങ്ങളോ ഇന്നത്തെ ഇന്ത്യൻ ജനതയ്ക്ക് അന്യമാണോ. ഈ സാധ്യത മുതലെടുക്കുന്നവരാണ് ഇപ്പോൾ നാടുഭരിക്കുന്നത്. ജനങ്ങൾ അനുഭവിക്കുന്ന രൂക്ഷമായവിലക്കയറ്റം, അഴിമതി, തൊഴിലില്ലായ്മ തുടങ്ങിയ പ്രശ്നങ്ങളോട് ജനങ്ങൾ കാണിക്കുന്ന നിസ്സംഗ മനോഭാവം പേടിപ്പെടുത്തുന്നു. യുവജനങ്ങൾ ഈ നാട്ടിൽ ജീവിക്കാൻ ഇഷ്ടപ്പെടുന്നില്ല.

പ്രധാനപ്പെട്ട വിഷയങ്ങളെല്ലാം ജാതിയുടെയും മതത്തിന്റെയും പേരിൽ മുങ്ങിപ്പോകുന്ന അവസ്ഥ. ജനാധിപത്യം നിലനിർത്താൻ വേണ്ടി തിരഞ്ഞെടുക്കപ്പെടുന്ന സർക്കാരുകളുടെ സ്ഥിരത ഉറപ്പാക്കാൻ കൊണ്ടുവന്ന കൂറുമാറ്റ നിരോധന നിയമം ഇപ്പോഴുള്ള സംഘടിത കൂറുമാറ്റത്തെ ഉപയോഗിച്ച് നോക്കുകുത്തിയാക്കുന്നു.

**ഇലക്ട്രോണിക് വോട്ടിങ്ങ് മെഷീൻ**

ക്രമക്കേടുകളുടെ പേരിൽ കോടതിയെ സമീപിക്കുന്നവർക്ക് നീതി ലഭിക്കാത്ത അവസ്ഥ. ജാതിയും മതവും നോക്കി ന്യായാധിപരെ നിയമിക്കുന്ന അവസ്ഥയ്ക്കും രാജ്യം സാക്ഷ്യം വഹിക്കുന്നു. എതിർക്കുന്നവന് ജീവൻ നഷ്ടപ്പെടുന്ന അവസ്ഥയും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും കേൾക്കുന്നു. ജനാധിപത്യ മതേതര പുരോഗമന പ്രസ്ഥാനങ്ങളും തൊഴിലാളി പ്രസ്ഥാനങ്ങളും ക്ഷീണിതാവസ്ഥയിലാണ്. ശക്തിയും ദിശാബോധവും ജനപിന്തുണയും വിശ്വാസ്യതയും ഉള്ള മികച്ച നേതാക്കളുടെ അഭാവവും ഏറെ വ്യക്തമാണ്.

**മതേതരത്വം നേരിടുന്ന വെല്ലുവിളികൾ**

ഭാരതത്തിന്റെ മതേതരത്വം ഇന്ത്യയുടെ സംസ്കാരമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുവന്ന എല്ലാ മതവിഭാഗങ്ങളെയും എല്ലാ സംസ്കാരങ്ങളെയും കൈനീട്ടി സ്വീകരിച്ചിട്ടുള്ള പാരമ്പര്യമാണ് ഇന്ത്യയുടേത്. ഇന്ത്യയുടെ ഭരണഘടന ഒരു മതേതര ഭരണഘടനയാണ്. മതത്തെ ഉൾക്കൊണ്ടുള്ള മതേതരത്വമാണ് ഇന്ത്യയിലേത്. പാശ്ചാത്യ നാടുകളിൽ മതത്തെ നിരസിച്ചുകൊണ്ടുള്ളതും. എല്ലാവർക്കും അവരവരുടെ മതങ്ങളിൽ വിശ്വസിക്കാനുള്ള സ്വാതന്ത്ര്യവും അതു പ്രചരിപ്പിക്കാനുള്ള സ്വാതന്ത്ര്യവും ഇതു രണ്ടും ഭരണഘടന ഉറപ്പുനൽകുന്നു. ന്യൂനപക്ഷങ്ങളെ ഭൂരിപക്ഷം അടിച്ചമർത്തുന്ന സ്ഥിതി ഉണ്ടാവരുത്.

ഇന്ന് മതേതരത്വം വലിയ ഭീഷണി നേരിടുന്നു. രാജ്യത്തെ മതാധിഷ്ഠിതമാക്കാനുള്ള പ്രവൃത്തികൾ, ശ്രമങ്ങൾ നടക്കുന്നു. ഭൂരിപക്ഷത്തിന്റെ വോട്ടുകൾ നേടുവാൻ ന്യൂനപക്ഷത്തെ അടിച്ചമർത്തുന്നു. ന്യൂനപക്ഷ സംരക്ഷണം ഒരിക്കലും വർഗീയതയല്ല. ഭൂരിപക്ഷത്തെ സംരക്ഷിക്കാൻ എന്ന പേരിൽ നടത്തുന്ന പ്രവർത്തനങ്ങളും ന്യൂനപക്ഷത്തിന്റെ പേരിൽ നടക്കുന്ന തീവ്രവാദ പ്രവർത്തനങ്ങളും ആശങ്ക ഉണ്ടാക്കുന്നു. സ്വാതന്ത്ര്യത്തിനു ശേഷം രാജ്യം കൈവരിച്ച നേട്ടങ്ങളെല്ലാം പിന്നിലാക്കിക്കൊണ്ട് വർഗീയതയും മതവിദ്വേഷവും തീവ്രവാദചിന്തകളും മുന്നോട്ട് വരുന്നു.

മതപരമായ ആചാരങ്ങളും ചടങ്ങുകളും നിരോധിക്കണമെന്ന് ഭരണനേതൃത്വത്തിലുള്ളവർ തന്നെ പറയുമ്പോൾ രാജ്യത്തെ മതേതരത്വത്തിന്റെ ഭാവി തുലാസിലാണ്.

**സംഗ്രഹം**

ജാതിമത വർഗവർണ വൈരുധ്യങ്ങൾക്കതീതമായി ജനങ്ങൾ ഒറ്റക്കെട്ടായി ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ പോരാടി നേടിയ സ്വാതന്ത്ര്യം. വിവിധ തലങ്ങളിലുള്ള ചർച്ചകൾക്കും ഒടുവിൽ 1949 നവംബർ 26-ന് ഈ രാജ്യത്ത് ഭരണഘടന നിലവിൽ വന്നു. ഈ ദിനം ഭരണഘടനാ ദിനമായും പ്രഖ്യാപിക്കപ്പെട്ടു.

75 വർഷങ്ങൾക്കിപ്പുറം തിരിഞ്ഞു നോക്കുമ്പോൾ വിദ്യാഭ്യാസം, ആരോഗ്യം, മാത്രമല്ല അടിസ്ഥാന ഭരണഘടനാവകാശങ്ങൾപോലും വെല്ലുവിളി നേരിടുന്നു. ഒരു ജനാധിപത്യ ഭരണഘടനയുടെ വിജയകരമായ പ്രവർത്തനം അതു നടപ്പാക്കുന്നവരുടെ മനോഭാവത്തെയും സഹിഷ്ണുതാ ബോധത്തെയും പ്രതിപക്ഷ ബഹുമാനത്തെയും ആശ്രയിച്ചാണ്. രാജ്യം 75-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ രാജ്യത്ത് ജാതിമത ചിന്തകൾക്കതീതമായ ഒരു മാറ്റത്തിനായി നല്ലൊരു ശതമാനം ജനത ആഗ്രഹിക്കുന്നു.

# സ്ത്രീശബ്ദം

**അഡ്വ. റീന ടോണി**



***സ്ത്രീകളുടെ പദവി സമൂഹത്തിൽ മെച്ചപ്പെടുത്തുന്നതിന് സ്ത്രീകളെ സംബന്ധിക്കുന്ന നിയമങ്ങളും ചട്ടങ്ങളും എന്തൊക്കെയാണെന്ന് ഓരോ സ്ത്രീയേയും ബോധ്യപ്പെടുത്തേണ്ടത് അനിവാര്യമാണ്. സ്ത്രീസുരക്ഷയും ഉന്നമനവും ഉറപ്പാക്കുന്ന ഒട്ടേറെ നിയമങ്ങൾ ഇന്ന് നിലവിലുണ്ട്. നിയമവ്യവസ്ഥയുടെ അഭാവമല്ല മറിച്ച് അതിനെക്കുറിച്ച് സ്ത്രീകൾക്കുള്ള അറിവിന്റെ പരിമിതിയാണ് പലപ്പോഴും നിയമനിഷേധങ്ങൾക്കും അതിക്രമങ്ങൾക്കും കാരണമാകുന്നത്. സ്ത്രീ അപലയും ചപലയുമല്ല എന്ന് സമൂഹത്തെ ബോധ്യപ്പെടുത്തണമെങ്കിൽ സ്ത്രീകൾ ഈ നിയമങ്ങളും ചട്ടങ്ങളും അറിഞ്ഞിരിക്കണം. എങ്കിൽ മാത്രമേ, നിയമലംഘനമുണ്ടാകുമ്പോൾ പ്രതികരിക്കാൻ കഴിയൂ.*** സ്ത്രീസുരക്ഷ, സ്ത്രീശാക്തീകരണം ഇവയെക്കുറിച്ചുള്ള അവബോധം ഉണ്ടായെങ്കിൽ മാത്രമേ, അവർ സമൂഹത്തിൽ കൂടുതൽ സുരക്ഷിതരും ചൂഷണരഹിതരും ആവുകയുള്ളൂ. "വിദ്യാധനം സർവ്വധനാൽ പ്രധാനം" ഇത് യാഥാർത്ഥ്യം. സ്ത്രീകൾ വിദ്യാസമ്പന്നരാകണം എന്നതാണ് പ്രധാനം. 'പിതോരക്ഷതു കൗമാരേ, ഭർത്തോ രക്ഷതു യൗവ്വനേ, പുത്രോ രക്ഷതു വാർദ്ധക്യേ, നഃസ്ത്രീ സ്വാതാന്തു ദുർഹതി' എന്ന് പ്രാചീനഭാരത സ്ത്രീകളോടുള്ള കാഴ്ചപ്പാടുകൾക്കെതിരെ സാമൂഹ്യ നീതിക്കും സാമ്പത്തിക നീതിക്കുമായി നടത്തിയ നൂറ്റാണ്ടുകളുടെ നിരന്തരവും സന്ധിയില്ലാത്തതുമായ പോരാട്ടങ്ങളാണ് ആധുനിക സ്ത്രീസമൂഹത്തിന് അടിത്തറ പാകിയത്. നവോത്ഥാന കാലം മുതൽ നടന്ന സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദു സാമൂഹ്യ അസമത്വത്തിനെതിരായി ആചാരങ്ങളുടേയും വിശ്വാസങ്ങളുടേയും പേരിൽ അടിച്ചേൽപ്പിക്കപ്പെടുന്ന ബന്ധനങ്ങളിൽ നിന്ന് സ്ത്രീയുടെ മോചനമാണ്. സതി എന്ന അനാചാരത്തിനെതിരെ നടത്തിയ പോരാട്ടം! സമുദായത്തിന്റെയും മതത്തിന്റെയും ആചാരാനുഷ്ഠാനങ്ങൾക്കുവേണ്ടി ബലിയാടുകളായിത്തീരുന്ന സ്ത്രീജന്മം ഈ അനാചാരങ്ങൾക്കെതിരെ പൊരുതി നേടിയ വിജയമാണ് സ്ത്രീകൾ ഇന്നനുഭവിക്കുന്ന സുരക്ഷിതത്വം.

സ്വാതന്ത്ര്യ ലബ്ധിക്കുശേഷം കേരളത്തിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്ത്രീകളുടെ വിദ്യാഭ്യാസരംഗത്തും, സാമൂഹ്യക്ഷേമ സുരക്ഷ പ്രവർത്തന മേഖലകളിലും വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് സ്ത്രീയുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഗണ്യമായ പങ്കു വഹിച്ചു. പൊതുവിദ്യാഭ്യാസ മേഖലയുടെ വളർച്ച സാധാരണ സ്ത്രീകളുടെ ജീവിതഗതി മാറ്റുന്നതിനു നിദാനമായി. സമ്പൂർണ്ണ സാക്ഷരതായജ്ഞം വയോജന വിദ്യാഭ്യാസം ഇവ അറിവിന്റെ വാതായനങ്ങൾ തുറക്കുന്നതിനും കാരണമായി. ജനകീയാസൂത്രണം, അയൽക്കൂട്ടങ്ങൾ, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ അധികാരത്തിന്റേയും സാമ്പത്തിക വികസനത്തിന്റേയും മാർഗ്ഗം തെളിച്ചു, സ്ത്രീയുടെ കർമ്മപഥം കൂടുതൽ മികവുറ്റതാക്കി. പ്രാദേശിക ഭരണരംഗത്ത് മികവ് തെളിയിക്കാൻ പല സ്ത്രീകൾക്കും അവസരം ലഭിച്ചു. ഓരോ സ്ത്രീയിലും ദൈവം നിക്ഷേപിച്ചിരിക്കുന്ന ശക്തിയെ അവർ തന്നെ കണ്ടെത്തി പുറത്തുകൊണ്ടുവന്നതു സമൂഹ പിന്തുണയോടെ സമൂഹത്തിന്റെ സമഗ്ര ഉന്നമനത്തിനും നന്മപ്രവർത്തനങ്ങൾക്കും വഴിയൊരുക്കി. സ്ത്രീയുടെ സാമ്പത്തികവും സാംസ്കാരികവും സാമൂഹികവു

മായ വളർച്ച ഉണ്ടായതും, സ്ത്രീസുരക്ഷയ്ക്ക് വനിതാനയം ആവിഷ്കരിച്ചതും, വനിതാ കമ്മീഷൻ രൂപീകരിച്ചതും സ്ത്രീ സംരക്ഷണത്തിന് കളമൊരുക്കി. സ്ത്രീയുടെ അന്തസ്സ് ഉയർത്തുന്നതിനും സ്ത്രീകൾക്കെതിരെ ഉണ്ടാവുന്ന അതിക്രമങ്ങൾക്ക് അറുതി വരുത്തുന്നതിനു വനിതാ ശിശുവികസന ഓഫീസുകളുടെ ആവിർഭാവം സഹായകമായി. സ്ത്രീകളുടെ നേതൃപാടവവും അറിവും കുടുംബത്തിന്റേയും സമൂഹത്തിന്റേയും നന്മയ്ക്കായ് വിനിയോഗിക്കാൻ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ഇന്നിതാ സ്ത്രീകളുടെ നിശബ്ദ അധ്വാനമായ വീട്ടുജോലി. അതിലൂടെ കുടുംബത്തിനും സമൂഹത്തിനും നൽകുന്ന പരിഗണനയും സംഭാവനയും അംഗീകരിച്ച് വീട്ടുകാർക്ക് പെൻഷൻ ഏർപ്പെടുത്തുന്ന പദ്ധതി ആവിഷ്കരിച്ച സവിശേഷ നടപടി ശ്ലാഘനീയം.

പഴയനിയമ പാരമ്പര്യങ്ങളും സമൂഹവും സ്ത്രീക്കു നൽകിയ സ്ഥാനത്തേക്കാൾ ഉപരിയായ അംഗീകാരമാണ് പുതിയനിയമവും ക്രിസ്തുവിന്റെ തുടർച്ചയായ സഭയും സ്ത്രീക്ക് നൽകിപോന്നത്. ഹെറോദിയയെയോ സലോമിയേയോ പോലെ നാരികൾ വിശ്വവിപത്തിന്റെ നാരായവേരുകളല്ലെന്ന് പുതിയ നിയമത്തിൽ കാലിത്തൊഴുത്ത് മുതൽ കാൽവരി വരെ ക്രിസ്തുവിനെ പിന്തുടരുന്ന സ്ത്രീ സമൂഹം തെളിയിക്കുന്നു. ക്രിസ്തുനാഥൻ തന്റെ ആദ്യ അത്ഭുതം നടത്തിയ കാനായിലെ കല്യാണവിരുന്നിലും ഒരമ്മ സാന്നിദ്ധ്യമായ് സ്ത്രീ മറ്റുള്ളവർക്ക് സാന്ത്വനമായ് തീരുന്നുണ്ട്. ഓരോ പെൺകുഞ്ഞും മകളായും ഭാര്യയായും അമ്മയായും കുടുംബനാഥയായും മാറ്റപ്പെടുന്നു. അങ്ങനെ സ്ത്രീയിലൂടെ ഉത്തമകുടുംബവും സമൂഹവും രൂപവത്കരിക്കപ്പെടുന്നു. സ്ത്രീയുടെ കരങ്ങളിലൂടെയാണ് ഭാവി തലമുറ സൃഷ്ടിക്കപ്പെടുന്നത്.

സ്ത്രീയുടെ ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണെന്ന ബോധ്യം, സാമൂഹ്യ സാമുദായിക രാഷ്ട്രീയ

*സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം കേരളത്തിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്ത്രീകളുടെ വിദ്യാഭ്യാസരംഗത്തും, സാമൂഹ്യക്ഷേമ സുരക്ഷ പ്രവർത്തന മേഖലകളിലും വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് സ്ത്രീയുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഗണ്യമായ പങ്കു വഹിച്ചു*

തലങ്ങളിൽ, താന്താങ്ങളുടെ കർത്തവ്യം ഇതൊക്കെ മനസ്സിലാക്കി അതിനനുസൃതമായി ജീവിക്കാൻ ഓരോ സ്ത്രീയ്ക്കുംകഴിയണം. ആധുനിക സമൂഹത്തിൽ പൗര എന്ന നിലയിൽ സ്ത്രീയുടെ അവകാശങ്ങൾ തിരിച്ചറിഞ്ഞ്, തങ്ങളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിന് പ്രത്യേകിച്ച് സമൂഹത്തിന്റെ വളർച്ചയ്ക്ക് വിദ്യാഭ്യാസ മേഖലയിൽ സ്ത്രീകൾ അതിദൂരം സഞ്ചരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

തുല്യനീതി അവകാശങ്ങൾ അനുഭവിക്കാൻ ജനനം മുതൽ ആൺ–പെൺ വ്യത്യാസമില്ലാതെ കുഞ്ഞുങ്ങളെ വളർത്തണം. സ്നേഹം ലിംഗഭേദമില്ലാതെ പകർന്നു നൽകണം. പിതാവായ ദൈവം ഏദൻതോട്ടത്തിലേക്ക് സ്ത്രീയേയും പുരുഷനേയും സൃഷ്ടിച്ച് അയച്ചത് ഇതിന് ദൃഷ്ടാന്തം. ആത്മവിശ്വാസത്തോടെ ജീവിക്കാൻ സ്ത്രീകളുടെ സാമൂഹ്യവും സാമ്പത്തികവുമായ സ്വാതന്ത്ര്യം പാർശ്വവൽകരിക്കപ്പെട്ടവർക്കും ദളിതർക്കും അനുഭവയോഗ്യമാക്കുന്നതിനു അഭ്യസ്തവിദ്യർ സഹായമൊരുക്കണം. സാമൂഹ്യ പ്രതിബദ്ധതയോടെ ജീവിക്കുക. വിവാഹത്തോടെയോ കുടുംബ ജീവിതത്താലോ സ്ത്രീയുടെ ജീവിതം പൂർണമാക്കപ്പെടേണ്ടതല്ല. കാലോചിതമായ മാറ്റം അഭ്യസ്തവിദ്യരായ സ്ത്രീകളിലൂടെ കുടുംബത്തിന്റെ സാമ്പത്തിക സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതിലൂടെ സമൂഹത്തിലും സമുദായത്തിനും ഉണ്ടാവും. അത് സ്ത്രീകളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കും. സ്ത്രീധനം എന്ന കുരുക്കിൽ പൊലിഞ്ഞുപോകുന്ന അഭ്യസ്തവിദ്യരായ സ്ത്രീകൾ ഉൾപ്പെടെയുള്ളവർ ഇന്നും ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു. തങ്ങളുടെ അഭിലാഷങ്ങൾ കുഴിച്ചുമൂടി മെഴുകുതിരിയായി ഉരുകിത്തീരുന്ന നിയോഗമാണ് സ്ത്രീയുടേതെന്ന പഴഞ്ചൻ ധാരണകളാൽ തളയ്ക്കപ്പെടുന്ന ഒരു തലമുറ വരുംനാളുകളിൽ ഉണ്ടാകയില്ലെന്ന് ഉറപ്പുവരുത്തേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞു.

വീടിനു പുറത്ത് സ്വജീവിതത്തെ നിർണ്ണയിക്കത്തക്കവിധം സ്വാതന്ത്ര്യമുള്ള സ്ത്രീ സൗഹൃദ സമൂഹം രൂപം കൊള്ളണം.

*കുടുംബത്തിന്റേയും നാടിന്റേയും വികസനത്തിന് സർവ്വതലസ്പർശിയായ ഒരു പ്രക്രിയയിലൂടെ സ്ത്രീ ഒരു നവസൃഷ്ടിയായി മാറ്റപ്പെടുമെന്ന് പ്രത്യാശിക്കാം.*

# ദൈവത്തിന്റെ വിരലുകൾ

**ഫാ. ബോബി ജോസ് കട്ടികാട്**



സുഹൃത്തേ, ദൈവം നിനക്ക് നൂറുവർഷം ആയുസ്സു നൽകുന്നുവെങ്കിൽ ഞാൻ അവിടത്തോട് പ്രാർഥിക്കുന്നു, എനിക്കതിനേക്കാൾ കുറച്ചൊരു ദിനം മതി. കാരണം, നീയില്ലാത്ത ഭൂമിയിൽ എനിക്കൊരു നിമിഷാർദ്ധംപോലും ജീവിക്കേണ്ട. ഈ ഭൂമി ഇത്രമേൽ മനോഹരിയായിരിക്കുന്നത് നീയതിനുമീതെ വസിക്കുന്നതുകൊണ്ടു മാത്രം.

അതിഗാഢമായൊരു ആത്മസൗഹൃദത്തിന്റെ തിരുശേഷിപ്പുകളുള്ള ഈ പട്ടണത്തിൽ വീണ്ടുമെത്തുമ്പോൾ പുറത്തെല്ലാം പഴയതുപോലെതന്നെ. കാലം തെറ്റി മഴപോലും പെയ്യുന്നുണ്ടെന്നുള്ളത് ഒരു അതിയാദൃച്ഛികത ആവാൻ വഴിയില്ല. സൗഹൃദത്തിന്റെ ഒരു മഴപ്പെയ്ത്തുകാലം കഴിഞ്ഞാലും ഓർമ്മകളുടെ ചില്ല പിന്നെയും പിന്നെയും പെയ്തുകൊണ്ടിരിക്കുന്നു; എത്ര അകന്നാലും, അലഞ്ഞാലും. സ്നേഹം നിനക്കെന്തു നൽകി? ചെറുപൂവോളം പുഞ്ചിരി, ഒരു കടലോളം കണ്ണീരും. പുറത്തു പെയ്യുന്ന മഴയുടെ വെള്ളിനൂലുകളിലേക്ക് കൈകൾ നീട്ടി ഞാൻ നിനക്കായ് പ്രാർത്ഥിക്കുന്നു.

യഥാർത്ഥ സുഹൃത്ത് നല്ല ആരോഗ്യം പോലെന്നൊരു പഴമൊഴി. ശരിയാണ്, അതു നഷ്ടമാകുമ്പോൾ മാത്രമാണ് നിങ്ങൾ അതിനെ വിലമതിക്കുന്നത്... നമുക്ക് നഷ്ടമായ പറുദീസകൾ. എല്ലാവരും പുറത്തേക്ക് പോകുമ്പോൾ ഉള്ളിലേക്ക് പ്രവേശിക്കുന്നത് നീയാണ്-നീ മാത്രം. ബാക്കിയുള്ളവരൊക്കെ ഒരുമിച്ച് നൃത്തം ചവിട്ടിയവർ. ബാൻഡുമേളങ്ങൾ നിലച്ചപ്പോൾ, മായാവിളക്കുകൾ കണ്ണടച്ചപ്പോൾ, അവസാനത്തെ അതിഥിയും കടന്നുപോകുമ്പോൾ, ഞാനീ മുറിക്കൂട്ടിൽ കുരുങ്ങു

മ്പോൾ നീ നിശ്ശബ്ദയായി പ്രവേശിക്കുന്നു.

നിനക്കറിയാം, എന്റെ വിധി ഇങ്ങനെയൊക്കെത്തന്നെ. ഉത്സവങ്ങളൊഴിവാക്കാൻ എനിക്കാവുന്നില്ല. എന്നാൽ ഉത്സവങ്ങളാവട്ടെ എന്നെ വളരെവേഗം ഒഴിവാക്കുന്നു. മുളങ്കാടുകൾ പൂക്കുന്നതുപോലെ-വല്ലപ്പോഴുമൊരിക്കൽ. പിന്നെ കാത്തിരിക്കുന്ന ആത്മീയ വറുതിയുടെ ദുരിതനാഴികകൾ. കൂട്ടി, കുറച്ച്, ഹരിച്ച് ഒടുവിലെത്തുമ്പോൾ എനിക്ക് നീ മാത്രമേയുള്ളു. ഒത്തിരി അലച്ചിലുകൾക്കുശേഷം അനാഥനായൊരു കുട്ടിക്ക് മടങ്ങിയെത്താനൊരു വാത്സല്യത്തിന്റെ മടിത്തട്ട്. പാപം കഴുകിക്കളയാൻ നിന്റെ കണ്ണീര്, എന്റെ തീർത്ഥം. ഘോരാപരാധങ്ങളെന്ന് ഞാൻ നിനച്ചിരുന്നവയെ നടക്കാൻ പഠിക്കുന്ന കുഞ്ഞിന്റെ വീഴ്ചകൾ മാത്രമെന്ന് പറഞ്ഞ് നീയെന്നെ സാന്ത്വനപ്പെടുത്തുന്നു. ആത്മനിന്ദയിൽ കുനിയുന്ന ശിരസ്സിനെ തൊട്ടുണർത്തുന്നു. ''എന്നെ കുടിയനെന്നു വിളിക്കരുത്. ഞാൻ കുടിച്ച കണ്ണീരുമായി നോക്കുമ്പോൾ ഞാൻ കുടിക്കുന്നതെത്രയോ തുച്ഛ'' മെന്ന് പാടിയ പേർഷ്യൻ കവിയെ വായിച്ച് കേൾപ്പിക്കുന്നു. ഒരു കുമ്പസാരക്കൂടുപോലെ എല്ലാമറിയുന്നു. എല്ലാം പൊറുക്കുന്നു. അപവാദങ്ങളിൽ നഷ്ടധൈര്യനാകരുതേ എന്ന് ആവശ്യപ്പെടുന്നു. വേദഗ്രന്ഥം തുറന്ന് നടപടി പുസ്തകം ഇരുപത്തിയെട്ടാം അധ്യായം വച്ചു നീട്ടുന്നു; മാൾട്ട എന്ന ദ്വീപിൽ ഞങ്ങളെത്തി. അപരിചിതരെങ്കിലും സ്ഥലവാസികൾ ഞങ്ങളോട് അസാധാരണ കനിവ് കാട്ടി. മഴക്കാലം വന്നുചേർന്നിരുന്നതുകൊണ്ടും തണുപ്പായിരുന്നതുകൊണ്ടും അവർ തീ കൂട്ടി ഞങ്ങളെ സ്വാഗതം ചെയ്തു. പൗലോസ് കുറേ ചുള്ളിക്കമ്പുകൾ പെറുക്കിയെടുത്ത് തീയിലിട്ടു. അപ്പോൾ ഒരു അണലിപ്പാമ്പ് ചൂടേറ്റു പുറത്ത് ചാടി. അവന്റെ കൈയിൽ ചുറ്റി. പാമ്പ് അവന്റെ കൈയിൽ തൂങ്ങിക്കിടക്കുന്നതു കണ്ട് നാട്ടുകാർ പരസ്പരം പറഞ്ഞു: ''ഈ മനുഷ്യൻ കൊലപാതകിയാണെന്നതിന് സംശയമില്ല. അവർ കടലിൽ നിന്ന് രക്ഷപ്പെട്ടെങ്കിലും ജീവിക്കാൻ നീതിയവനെ അനുവദിക്കുന്നില്ല.'' അവൻ പാമ്പിനെ തീയിലേക്ക് കുടഞ്ഞിട്ടു. അവന് അപകടമൊന്നും സംഭവിച്ചുമില്ല. അവൻ നീരുവന്ന് വീർക്കുകയോ, പെട്ടെന്ന് വീണു മരിക്കുകയോ ചെയ്യുമെന്ന് അവർ വിചാരിച്ചു. ഏറെ നേരം കഴിഞ്ഞിട്ടും അവന് അത്യാഹിതമൊന്നും സംഭവിക്കുന്നില്ലെന്ന് കണ്ടപ്പോൾ അവർ അഭിപ്രായം മാറ്റുകയും അവൻ ഒരു ദേവനെന്ന് ഘോഷിക്കുകയും ചെയ്യുന്നു. ഇത്രേയുള്ളൂ മനുഷ്യരുടെ സാക്ഷ്യങ്ങളെന്ന് നെടുവീർപ്പിട്ട് നാം വേദപുസ്തകം മടക്കുന്നു.

പറയാൻപോലും ബലം തോന്നാത്ത കുഞ്ഞുകുഞ്ഞു നേട്ടങ്ങളെയാവട്ടെ പടയോട്ടങ്ങൾ ജയിച്ച പൊന്നുതമ്പുരാൻമാർക്കുപോലും മേലെയെന്ന് ഗണിച്ചാശംസിക്കുന്നു. പുറത്ത് മഞ്ഞു പെയ്യുന്നുണ്ടാവാം. നമ്മൾ നെരിപ്പോടിന് ചാരെ. നമുക്കിടയിൽ സ്നേഹത്തിന്റെ ഒരു കനലെരിയുന്നു. ചില നേരങ്ങളിൽ പുരുഷാർത്ഥങ്ങളിലെ കാമത്തിലേക്കും അർത്ഥത്തിലേക്കും കുതറുന്ന മനസ്സിനെ നിർമ്മലസ്നേഹത്തിന്റെ മോക്ഷം കാട്ടി നീ കീഴ്പ്പെടുത്തുന്നു.

പലരുമിപ്പോൾ ഞാൻ പറയുന്നത് കേൾക്കുന്നുണ്ട്. എന്നാൽ നീ ഞാൻ പറയാത്തതും കേട്ടല്ലോ. എന്റെ ഈ പ്രസാദാത്മകതകൾ വെറും മുഖംമൂടികളാണെന്ന് നിനക്ക് മാത്രമറിയാം. ഇലകൊഴിയുന്ന ശിശിരത്തിൽ മാത്രമാണ് വൃക്ഷം നഗ്നനായി സൂര്യനെ അഭിമുഖീകരിക്കുന്നത്. അതുപോലെ ഈ ആത്മീയശിശിരത്തിൽ ഞാൻ നിനക്കു മുമ്പിൽ. അശരണനും അനാഥനുമായൊരു മുതിർന്ന കുഞ്ഞ്! മഴമേഘങ്ങൾപോലെ വിങ്ങിക്കറുക്കുന്ന മനസ്സ്. ഒരിക്കലും അത് പെയ്തൊഴിയുന്നുമില്ല. നീ അത്ഭുതങ്ങളെക്കുറിച്ച് എന്നോട് പറയുന്നില്ല. പകരം മറ്റൊരു ദൃഷ്ടാന്തകഥ. പൗലോസിന്റെ മുള്ള്, അയാളുടെ ശരീരത്തെ നിരന്തരം അലട്ടിയിരുന്നയൊന്ന്. അയാൾ കൊണ്ടുനടന്ന മുള്ള് എന്തായിരിക്കാം? ഒരുപക്ഷേ, ജഡത്തിന്റെ ഗൂഢതൃഷ്ണകൾ, അധികാരത്തോടുള്ള ഇഷ്ടം, അപസ്മാരം കണക്കെന്തോ രോഗം എന്നൊക്കെ ഒരു നൂറ് അനുമാനങ്ങൾ. ദൈവത്തോടയാൾ കരഞ്ഞു പ്രാർത്ഥിക്കുന്നു: ദൈവമേ, എടുത്തു മാറ്റുമോ എന്റെയീ മുള്ള്? എന്നാൽ ദൈവം അവനോട് മന്ത്രിച്ചു: ''ആ മുള്ളവിടെ ഇരുന്നുകൊള്ളട്ടെ. നിനക്കെന്റെ കൃപ മതി.'' ചില മുള്ളുകൾ അങ്ങനെയായിരിക്കാം. ജീവിതാന്ത്യംവരെ കൊണ്ടുനടക്കേണ്ടി വരിക. മറ്റു വഴികളില്ല നമുക്ക് മുന്നിൽ; ശിരസ്സിൽ വച്ചത്.

ഞാനൊരിക്കലും പാടാൻ ധൈര്യപ്പെടാത്തൊരു പാട്ടു നീ മാത്രം കേൾക്കുന്നു. പിന്നെ ഞാൻ തന്നെയാ പാട്ടു മറന്നുപോകുമ്പോൾ നീയതിന്റെ വരികൾ എനിക്കുവേണ്ടി ചൊല്ലിത്തരുന്നു. ഇതു പാട്ടുകളുടെ പാട്ട്, song of songs എന്നർത്ഥത്തിൽ.

ഒരു പാലത്തിന്റെ കൈവിരികൾ പിടിച്ച് പുഴയെ നോക്കി നിൽക്കുമ്പോൾ ഞാൻ വെറുതെ പറയുന്നു: ''ദാ, ഞാൻ താഴേക്കു ചാടുന്നു.''

'ഞാനുണ്ടാവില്ല നിന്നോടൊപ്പം.'' ഉള്ളിലെ ചെറുനടുക്കം മുഖത്ത് കാട്ടാതിരിക്കാൻ ആത്മാവില്ലാത്ത ഒരു പുഞ്ചിരികൊണ്ട് ശ്രമിക്കുമ്പോൾ നീ ഗൗരവത്തിൽ പറയുന്നു: ''ഞാൻ താഴെയായിരിക്കും. പുഴയുടെ മദ്ധ്യേ... പുഴ നനയാതെ നിന്നെ താങ്ങാൻ.'' രണ്ടു കൈയും കൊണ്ടുവേണം നീയൊരു ചങ്ങാതിയെ പിടിക്കാൻ. കാരണം, അയാൾ അത്രയ്ക്കും വിലപ്പെട്ടതാണ്.

ചിലപ്പോൾ എനിക്കു തോന്നുന്നു, ആത്മസുഹൃത്തുക്കൾ സയാമീസ് ഇരട്ടകൾപോലെ. ഒരേ ഹൃദയം, ഉടലുകൾമാത്രം വേറിട്ട്. സ്നേഹിക്കുന്നവർക്കിടയിൽ ഒരു അദൃശ്യ ചരട് ഉണ്ട്. നിങ്ങൾക്കെല്ലാം ശുഭമാകുമ്പോൾ ആ ചരട് താനെ അയയുന്നു. അപ്പോൾ അപരനും ശാന്തനാകുന്നു. നിങ്ങൾ ജീവിതത്തിന്റെ പിരിമുറുക്കങ്ങളിലേക്ക് വഴുതി നീങ്ങുമ്പോൾ ഈ അദൃശ്യചരടും മുറുകുന്നു. അതുകൊണ്ടാണ് ഒരേ നേരങ്ങളിൽ നിങ്ങൾ ഇരുവരും

ഒരേ വ്യഥകളിലൂടെ ഉഴറി നീങ്ങുന്നത്. അതുകൊണ്ടാണ് അയാളുടെ ശബ്ദം നിങ്ങളെത്തേടി എത്തുന്നത്, എന്തുപറ്റി? 'ഒളിച്ചേ കണ്ടേ' കളിക്കുന്ന കുട്ടികളെ പിന്നിൽ നിന്നാരോ തൊടുന്നതുപോലെ...

തീരത്ത് ഒരാൾ നിൽക്കുന്നു എന്ന അറിവിലാണ് ജീവിതത്തിലെ അപ്രതീക്ഷിത ചുഴികളെ നിങ്ങൾ അതിജീവിക്കുന്നത്. ഒരു കുസൃതിപ്പറ്റവുമായി ആറ്റുവക്കിലെ വല്യപ്പച്ചനെ കാണാൻ പോയ ഒരാൾ. പുഴയുടെ കുറുമ്പുകൾ ക്രൂരമായത് പെട്ടെന്നാണ്. അതിൽ കുരുങ്ങിപ്പോയൊരു കുട്ടി. രക്ഷിക്കാനെത്തിയ ആളെ അവൻ മരണഭീതിയിൽ അടക്കം പൂട്ടി പിടിച്ചു. പുഴ രണ്ടുപേരെയും ആവശ്യപ്പെടുന്നുണ്ടോ? ഓർത്തത് ഇതു മാത്രം: നിനക്ക് ഇതെങ്ങനെ താങ്ങാനാവും? ആ നിമിഷത്തിൽ നിന്റെ സൗമ്യവും ദീപ്തവുമായ സാന്നിദ്ധ്യം. തീരത്ത്, അമരത്വത്തിലേക്കുള്ള പ്രാർത്ഥനാവിളികൾ. ദൈവമേ, ദുർബലമായ ഈ കരങ്ങൾക്ക് ഏത് ശ്രീഭണ്ഡാരത്തിൽ നിന്നാണ് ബലത്തിന്റെയും വിപദിധൈര്യത്തിന്റെയും പൊൻനാണയങ്ങൾ കിട്ടുക. സൂക്ഷിക്കണം, പുഴയിൽ മാത്രമല്ല കരയിലുമുണ്ടാകും ചുഴികൾ.

എനിക്കു മുന്നേ നീ നടക്കരുത്. ഈ ഇത്തിരി അഹന്തകൾ കൂടി ഇല്ലെങ്കിൽ പിന്നെ ഞാനെന്ത്? സത്യമായിട്ടും ഞാൻ നിന്നെ അനുഗമിക്കില്ല. എന്റെ പിന്നാലെയും നീ വരണ്ട. എനിക്കറിയാം നന്നായി, ഞാനാരാണെന്ന്. എന്നോടൊപ്പം നടക്കുക, എന്റെ ചാരെ. നമ്മിലൊരാൾ സുൽത്താനും അപരൻ യാചകനുമല്ല. അന്നദാനമല്ല സൗഹൃദം. ഒന്നുകിൽ നമ്മൾ രണ്ടു സുൽത്താന്മാർ; ഒരേ മേശയിൽ വിരുന്നുണ്ണുന്നവർ. കുറഞ്ഞപക്ഷം, ഒരേ പാഥേയം വൃക്ഷച്ചുവട്ടിലിരുന്ന് പങ്കിട്ടു ഭക്ഷിക്കുന്ന ദരിദ്രരായ കൂട്ടുയാത്രക്കാരെങ്കിലും നമ്മൾ.

'പാന്ഥർ വഴിയമ്പലം തന്നിൽ...' കർക്കിടകത്തിന്റെ ഈ രാമസന്ധ്യയിൽ ആരോ ഉറക്കെ പാടുന്നു. ഈ രാത്രി സത്രത്തിലെ സ്നേഹോത്സവങ്ങൾക്കുശേഷം പുലരിയിൽ കൈവഴികൾ പിരിഞ്ഞേ തീരൂ. എന്നാലും എനിക്കറിയാം ഈ ഒറ്റയടിപ്പാതയിൽ നമ്മളാരും ഇനി ഒറ്റയല്ല. പൊള്ളുന്ന വെയിലിനെ കുടപിടിച്ചകറ്റുന്ന ഓരോ തണൽവൃക്ഷവും നീ തന്നെ. പോകുന്നിടത്തെല്ലാം പരസ്പരം നമ്മൾ നമ്മളെ കൊണ്ടുപോകുന്നു. എത്ര വർഷങ്ങൾക്കു ശേഷം കണ്ടുമുട്ടിയാലും എനിക്കറിയാം നമ്മൾ പരിചിതരായിരിക്കും; ഒരു കാപ്പിയുടെ ഇടവേളയ്ക്കു പിരിഞ്ഞവരെപ്പോലെ. സച്ചിദാനന്ദന്റെ വരികൾ പോലെ: 'ഏറെ പുതുക്കിപ്പണിതിട്ടും താൻ പണ്ടു പാർത്തിരുന്ന ഗ്രാമത്തിലെ വീടിനെ തിരിച്ചറിയുന്നതുപോലെ, കെട്ടിടങ്ങളും ആരവങ്ങളും നിറഞ്ഞു കഴിഞ്ഞിട്ടും ഒരിക്കൽ പൂക്കളാൽ മൂടിയിരുന്ന കുന്നിൻപുറത്തിന്റെ വിജനത തിരിച്ചറിയുംപോലെ, വാലൻപുഴു തിന്നുതീർത്ത സ്കൂൾ ഗ്രൂപ്പ് ഫോട്ടോയിൽ താൻ നിന്നിരുന്ന സ്ഥാനം ഓർത്തെടുക്കുന്നതുപോലെ.'



ആത്മസുഹൃത്തേ, നീ ദൈവത്തിന്റെ വിരലുകൾ. ചില നേരങ്ങളിൽ വിരലുകൾ, കത്തുന്ന മെഴുകുതിരികൾപോലെ പൊള്ളിക്കുന്നു. മറ്റു ചിലപ്പോൾ ചന്ദനലേപം പോലെ പൊള്ളുന്ന നെറ്റിത്തടത്തെ തണുപ്പിക്കുന്നു. നിനക്കല്ല, ദൈവത്തിന് നന്ദി.

### ആത്മസുഹൃത്തേ നീ അരികിലുണ്ടാവുക

ജീവിതം ഒരുവനോട് കാട്ടുന്ന ഏറ്റവും വലിയ കനിവ് ആത്മസൗഹൃദത്തിന്റെ സുകൃതമാണ്. വെറുമൊരു ചങ്ങാതിയല്ല, companion; അതിന്റെ പൂർണമായ അർത്ഥത്തിൽ. cum, pane ലാറ്റിനിലെ ഈ പദങ്ങളാണ് അതിന്റെ മൂലം. അതിന്റെ സൂചന, ഒരുമിച്ച് അപ്പം പങ്കിടുന്നയാൾ-എന്റെ സ്വപ്നത്തിന്റെ, കർമ്മത്തിന്റെ, ഹൃദയമർമ്മരങ്ങളുടെ, ഊട്ടുമേശയിൽ എന്നോടൊപ്പം വിരുന്നിനിരിക്കുന്ന ആൾ.

നിങ്ങൾ ഒരേ മേൽക്കൂരയ്ക്കു താഴെ കരങ്ങൾ കോർത്ത് ഇരിക്കണമെന്നുപോലുമില്ല. ശരീരം ഒരു മീഡിയമാണ്. അതിൽ വല്ലാത്ത കുരുങ്ങിയ ഒരു കാലമുണ്ടായിരിക്കാം. എന്നാൽ, പതുക്കെപ്പതുക്കെ ഹൃദയം ഹൃദയത്തെ അറിയുകയാണ്. ആത്മാവിന്റെ ചെറിയ മർമ്മരങ്ങൾ പോലും; soulmate.

പട്ടം പറപ്പിക്കുന്ന കുറേ കുഞ്ഞുങ്ങളുടെ മധ്യേ ഇരിക്കുമ്പോൾ ഞാനോർക്കുന്നത് ജീവിതത്തെക്കുറിച്ചുതന്നെയാണ്. എത്ര അകന്നാലും അലഞ്ഞാലും ഈ മണ്ണുമായി നമ്മെ ബന്ധിപ്പിക്കുന്ന ഏതൊക്കെയോ പവിത്രച്ചരടുകൾ. അത്തരത്തിലൊന്ന് തീർച്ചയായും സൗഹൃദനൂലുകളുടേതുതന്നെ. ആ ചരടുകൾ അറ്റാൽ നിങ്ങളുടെ വിധിയെന്തെന്ന് ആർക്കൂഹിക്കാനാവും? ഒരുപക്ഷേ, എല്ലാ ചിട്ടകളേയും ലംഘിക്കുന്ന അരാജകത്വം, ഒന്നും സ്പർശിക്കാത്ത നിസ്സംഗത, ചിത്തരോഗാശുപത്രിയോട് അടുത്തു നിൽക്കുന്ന വിഷാദം... സ്നേഹതാളങ്ങളുടെ ഭ്രമണപഥങ്ങളിൽ നിന്ന് പുറത്തു കടക്കുന്ന ആകാശഗോളങ്ങൾ ഉല്ക്കകളായി കത്തിച്ചാരമായി നിലത്ത് വീഴുന്നതുപോലെ, ആത്മസുഹൃത്തിനെ നഷ്ടമാവുകയോ അവനാൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നവർ ഇത്തരം ചില സ്വകാര്യ ദുരന്തങ്ങൾക്ക് വിധേയരാവുന്നു. അതുകൊണ്ടാവണം സങ്കീർത്തനങ്ങളിൽ ദാവീദിന്റെ വരികൾ നാമൊരു പൊള്ളലോടെ വായിക്കുന്നത്: ''ശത്രുവാലാണിത് ചെയ്യപ്പെട്ടതെങ്കിൽ ഞാനിത് താങ്ങിയേനെ. എന്നാൽ നീ, എന്നോടൊപ്പം അപ്പം പങ്കിട്ട നീ...''

ക്രിസ്തുവും സൗഹൃദങ്ങൾക്കു വേണ്ടി എത്രമാത്രം കൊതിച്ചിട്ടുണ്ടാവും. അവനോടൊപ്പം ഉണ്ടായിരുന്ന മൂന്നുപേർ-പീറ്റർ, യോഹന്നാൻ, യാക്കോബ്. തന്റെ ജീവിതത്തിന്റെ മഹത്വങ്ങൾക്കും വ്യാകുലങ്ങൾക്കും ഒരേപോലെ കൂടെ നിൽക്കാൻ അവരുണ്ടാകണമെന്ന് ക്രിസ്തു ആശിച്ചിട്ടുണ്ടാകണം. മഹത്വങ്ങളുടെ താബോറിൽ അവരുണ്ടായിരുന്നു. നിദ്രാവിവശരായിരുന്നിട്ടും അവർ അവനോടൊപ്പം ഉണർന്നിരുന്നു. അവിടെ എന്നുമാകുവാൻ ശഠിച്ചു. വ്യാകുലങ്ങളുടെ ഗദ്സമനിയിലും അവരുണ്ടായിരുന്നു. ഉറങ്ങരുതെന്ന് പറഞ്ഞ് ഒരു കല്ലേറ് ദൂരം പോയി പ്രാർത്ഥിച്ച് മടങ്ങിയെത്തുമ്പോൾ അവർ സുഖനിദ്രയിലായിരുന്നു. എന്നോടൊപ്പം ഉണർന്നിരിക്കുവാൻ നിങ്ങൾക്ക് എന്തുകൊണ്ടാവുന്നില്ല? ഇത് പാനപാത്രങ്ങളുടെ രാവാണ്. ഏതു പാനപാത്രവും കുടിക്കുവാൻ ഞാൻ മനസ്സിനെ പഠിപ്പിക്കാം; ഉണർന്നിരിക്കാൻ കൂടെ നീയുണ്ടെങ്കിൽ...

ആത്മസുഹൃത്തേ, നീ അരികിലുണ്ടാവുക, എന്റെ താബോറിലും എന്റെ ഗദ്സമനിയിലും. പാതിവഴിയിൽ ആരും ആരെയും വിട്ടുപോകരുതേ. സൗഹൃദം മരണത്തിലും അവസാനിക്കാത്ത ഒരു ഉടമ്പടിയാണ്. കവിമൊഴി പോലെ, 'ഇരുളിൻ മഹാനിദ്രയിൽ നിന്നുണർത്തി നീ, നിറമുള്ള ജീവിതപ്പീലി തന്നു. എന്റെ ചിറകിന് ആകാശവും തന്നു. നിൻ ആത്മശിഖിരത്തിൽ ഒരു കൂടു തന്നു. പിരിയുവാൻ വയ്യ നിന്റെ ഹൃദയത്തിൽ നിന്ന്, ഏതു സ്വർഗ്ഗം വിളിച്ചാലും...'

മംഗല്യത്തെക്കുറിച്ച് പറയുന്നതുപോലെ, ആത്മസൗഹൃദങ്ങളും ദൈവം യോജിപ്പിക്കുന്നതാണ്. ആരും അതിനെ വേർപെടുത്തിക്കൂടാ.

---

**ഞങ്ങളോട് സൗഹൃദത്തെക്കുറിച്ച് പറയുക**

---

നിങ്ങളുടെ അഭിലാഷങ്ങൾക്ക് കിട്ടിയ ഉത്തരമാണ് സ്നേഹിതൻ.

സ്നേഹപൂർവ്വം വിതച്ച് നന്ദിയോടെ കൊയ്യേണ്ട വയൽ.

അവൻ നിങ്ങളുടെ തീയടുപ്പും തീൻമേശയും.

കാളുന്ന വയറോടെ നിങ്ങളവന്റെ ചാരത്ത് എത്തുന്നു. മനഃശാന്തിക്കു വേണ്ടി അവനെ തേടുന്നു.

സ്നേഹിതൻ തന്റെ മനസ്സ് തുറക്കുമ്പോൾ അവനോട് അതെ എന്നും അല്ല എന്നും പറയാൻ നീ മടിക്കേണ്ട. അയാൾ മൂകനാകുമ്പോൾ അയാളുടെ ചങ്കിനെ കാതോർക്കാതെയും ഇരിക്കരുത്. പദങ്ങളില്ലാതെ വിചാരങ്ങളും ആഗ്രഹങ്ങളും പ്രതീക്ഷകളും പിറക്കുകയും ആനന്ദത്തോടെ കൈമാറുകയും ചെയ്യുന്ന ഇടമാണത്.

ചങ്ങാതിയെ പിരിയുമ്പോൾ തകരരുത്. എന്തെന്നാൽ, അയാളിൽ നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടത് അയാളുടെ അഭാവത്തിൽ കൂടുതൽ മിഴിവോടെ നിങ്ങൾ തിരിച്ചറിയും. പർവതാരോഹകർ താഴ്‌വാരങ്ങളിൽനിന്നാണ് കൊടുമുടിയെ വ്യക്തമായി കാണുന്നത്.

സ്വന്തം ആത്മാവിന്റെ അഗാധതയെ വർദ്ധിപ്പിക്കുക എന്നല്ലാതെ മറ്റൊന്നും മൈത്രിയിൽ തിരയരുത്. എന്തെങ്കിലും കാരണം വച്ചുള്ള സ്നേഹമൊക്കെ ആരോ വലിച്ചെറിയുന്ന വലയാണ്, അതിൽ നഷ്ടം മാത്രം കുരുങ്ങുന്നു. അതിന്റെ തന്നെ നിഗൂഢതയുടെ ഇതൾ വിരിയുകയാണ് പ്രധാനം.

നിന്നിലുള്ള ഏറ്റവും നല്ലതൊക്കെ അവന് സമ്മാനിക്കുക. ഹൃദയത്തിന്റെ വേലിയിറക്കങ്ങളേയും പ്രളയത്തേയും അവൻ ഒരുപോലെ അറിയട്ടെ.

സമയംകൊല്ലാനായി അയാളെ തിരയരുത്. അയാളോടൊപ്പം ജീവിക്കയാണ് വേണ്ടത്. നിങ്ങളിലെ ശൂന്യതയെ അല്ല, ആഗ്രഹങ്ങളെയാണ് അയാൾ നിറയ്ക്കേണ്ടത്.

മൈത്രിയുടെ മാധുര്യത്തിൽ പൊട്ടിച്ചിരികളും ആഹ്ലാദങ്ങളുമുണ്ടാകട്ടെ. കാരണം, കുഞ്ഞുകാര്യങ്ങളുടെ മഞ്ഞുകണങ്ങളിലാണ് ഹൃദയം അതിന്റെ പുലരിയെ കാണുന്നതും ഉന്മേഷം നേടുന്നതും.
(പ്രവാചകൻ ഖലീൽ ജിബ്രാൻ)

# സ്ത്രീ ശാക്തീകരണത്തിന്റെ വഴികളിൽ ഇ.എസ്.എസ്.എസ്.




സ്ത്രീശാക്തീകരണം നമ്മുടെ സമൂഹത്തിൽ വളരെയധികം ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതും നിരന്തരം ചർച്ച ചെയ്യുന്നതുമായ വിഷയമാണ്. സ്വാതന്ത്ര്യം നേടി 75 ആണ്ടുകൾ പിന്നിട്ടിട്ടും ഭാരതത്തിലെ സ്ത്രീകളുടെ സർവ്വോന്മുഖമായ വികസനവും സാമ്പത്തിക സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിലെ ഉൾച്ചേരലുകളും ഇന്നും ചോദ്യചിഹ്നമായി നിലനിൽക്കുന്നു. സ്ത്രീകൾക്ക് തന്റേതായ ഒരിടം സമൂഹത്തിൽ യാതൊരുവിധ വിലക്കുകളും ഇല്ലാതെ കണ്ടെത്താൻ കഴിയുമ്പോഴാണ് സ്ത്രീശാക്തീകരണം അതിന്റെ സമഗ്രമായ അർത്ഥത്തിൽ പ്രാവർത്തികമാകുന്നത്. പുരുഷ കേന്ദ്രീകൃതമായ സാമൂഹ്യ വ്യവസ്ഥിതി നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് സ്ത്രീപുരുഷ സമത്വം എന്നത് കഠിനമായ പ്രക്രിയ ആണെങ്കിലും നീതിയിൽ അധിഷ്ഠിതമായ സാമൂഹ്യ നിർമ്മിതിക്ക് ഇത് അനിവാര്യമാണ്.പാർശ്വവൽകരിക്കപ്പെട്ട ജനങ്ങളുടെ സമഗ്രമായ വിമോചനവും നീതിയിലധിഷ്ഠിതമായ സാമൂഹ്യനിർമ്മിതിയും സ്വപ്നം കാണുന്ന വരാപ്പുഴ അതിരൂപത സാമൂഹ്യ സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ഈ പശ്ചാത്തലത്തിലാണ് ശ്രദ്ധേയമാകുന്നത്. കാലാകാലങ്ങളിൽ സ്ത്രീകളുടെ സ്വയംപര്യാപ്തതയും ശാക്തീകരണവും ലക്ഷ്യമാക്കി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ഇ.എസ്.എസ്.എസ്. നു കഴിഞ്ഞിട്ടുണ്ട്. സ്ത്രീകൾക്കായുള്ള സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം, മൈതി നിധി ലിമിറ്റഡ്, സംരംഭകത്വ വികസനവും തൊഴിൽ പരിശീലനവും, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, സേവ് എ ഫാമിലി പ്ലാൻ കുടുംബ ശാക്തീകരണ പദ്ധതി, ഗാർഹിക തൊഴിലാളികളുടെ ശാക്തീകരണം, വിധവകളുടെയും ഏകസ്ഥരുടെയും ശാക്തീകരണം, സാമൂഹ്യസുരക്ഷാ പദ്ധതികളുടെ പ്രോത്സാഹനം എന്നിവ ഇവയിൽ ചിലതാണ്. ചിട്ടയായ പരിശീലനത്തിലൂടെ കുടുംബത്തിൽ ഒതുങ്ങിനിന്ന സ്ത്രീകളെ നാട് ഭരിക്കുന്നവർ ആയും സംരംഭകരായും പരിവർത്തനപ്പെടുത്തുവാൻ സാധിച്ചു എന്നുള്ളതാണ് സാമൂഹ്യ സേവനത്തിന്റെ അറുപതാം വാർഷികം ആഘോഷിക്കുന്ന ഇ.എസ്.എസ്.എസിന്റെ പ്രധാനപ്പെട്ട നേട്ടം.

*സ്ത്രീകളുടെ ഉന്നമനത്തിനും സ്വയം പര്യാപ്തതയ്ക്കുമായി രൂപപ്പെടുത്തിയിട്ടുള്ള ഈ പദ്ധതികളെ പരിചയപ്പെടുന്നത് സ്ത്രീ ശാക്തീകരണം കൂടുതൽ മേഖലകളിലേക്ക് എത്തിക്കുന്നതിന് ഉപകാരപ്രദം ആയിരിക്കും.*

**1. മൈത്രി വനിതാ സ്വയം സഹായ സംഘം**

ഒരു പ്രദേശത്ത് അടുത്ത് താമസിക്കുന്ന 10 മുതൽ 20 വരെ വനിതകളുടെ കൂട്ടായ്മയാണ് വനിത സ്വയം സഹായ സംഘങ്ങൾ. വീട്ടുമുറ്റത്തൊരു ബാങ്ക് എന്ന സങ്കൽപത്തിൽ ഊന്നിയാണ് സ്വയംസഹായ സംഘങ്ങൾ പ്രവർത്തിക്കുന്നത്. സ്ത്രീകളുടെ സാമ്പത്തിക വളർച്ചയിലൂടെ അവരുടെ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവും  സാമൂഹികവുമായ ഉന്നമനവുമാണ് സ്വയം സഹായ സംഘങ്ങളുടെ പ്രാഥമിക ലക്ഷ്യം. ആഴ്ചതോറും ഉള്ള ഒരുമിച്ചു കൂടൽ, അംഗങ്ങളുടെ ലഘുനിക്ഷേപം സമാഹരിക്കുകയും അതിൽനിന്നും അംഗങ്ങൾക്ക് ആവശ്യാനുസരണം വായ്പ ലഭ്യമാക്കുക, പരിശീലന

പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ. 25 വർഷങ്ങൾക്ക് മുമ്പ് 1997-98 കാലഘട്ടത്തിലാണ് വനിത സ്വയംസഹായ സംഘങ്ങളുടെ രൂപീകരണത്തിലൂടെ സ്ത്രീ ശാക്തീകരണ രംഗത്ത് ഒരു പുതിയ വിപ്ലവത്തിന് ഇ.എസ്.എസ്. തുടക്കം കുറിച്ചത്. 13 സ്വയം സഹായ സംഘങ്ങളിലൂടെ ആരംഭിച്ച ഈ പ്രവർത്തനം ഇന്ന് 850-ൽ അധികം വനിതാ സ്വയം സഹായ സംഘങ്ങളിലായി പടർന്ന് പന്തലിച്ച് നിൽക്കുന്നു.

**2. ഇ.എസ്.എസ്.എസ്. മൈത്രി നിധി ലിമിറ്റഡ്**

ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ ഇ.എസ്.എസ്.എസ്. മുൻ ഡയറക്ടർ മോൺ. ജോസഫ് പടിയാരംപറമ്പിൽ ആരംഭം കുറിച്ച പദ്ധതിയാണ് മൈത്രി എന്നത്. വളർന്ന് സ്വതന്ത്ര സംവിധാനമായ ഇ.എസ്.എസ്.എസ്. മൈത്രി നിധി ലിമിറ്റഡ് എന്ന നിധി കമ്പനിയായി പ്രവർത്തിക്കുന്നു. 18 വയസ്സ് പൂർത്തിയായവർക്ക് കമ്പനിയുടെ 100 രൂപയുടെ ഓഹരി വാങ്ങി (10 രൂപയുടെ 10 ഓഹരികൾ) ഇ.എസ്.എസ്. മൈത്രി നിധി ലിമിറ്റഡിൽ അംഗമാകാവുന്നതാണ്. ആകർഷകമായ സമ്പാദ്യ വായ്പാ പദ്ധതികളാണ് ഇതിന്റെ മുഖ്യ ആകർഷണം.

**3. സംരംഭകത്വ വികസനവും തൊഴിൽ പരിശീലനവും**

തൊഴിലിടങ്ങളിലുള്ള സ്ത്രീകളുടെ പങ്കാളിത്തവും സാന്നിധ്യവും പുരുഷന്മാരെ അപേക്ഷിച്ച് വളരെ കുറവാണ്. അതുകൊണ്ടു തന്നെ സ്വയം പര്യാപ്തതയും സാമ്പത്തിക സുസ്ഥിരതയും പലപ്പോഴും സ്ത്രീകളിൽ കുറവാണ്. സംരംഭകത്വ വികസനവും തൊഴിൽ പരിശീലനങ്ങളും ഇ.എസ്.എസ്.എസ്. ന്റെ പ്രവർത്തനത്തിന്റെ പ്രധാന ഭാഗമാകുന്നത് ഇതുമൂലമാണ്. ഇ.എസ്.എസ്.എസ്. ൽ ഇത്തരത്തിലുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനായി ഇ.എസ്.എസ്.എസ്. സെന്റർ ഫോർ ലേർണിംഗ് പ്രവർത്തന സജ്ജമാണ്. കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയത്തിന്റെ കീഴിലുള്ള ജൻ ശിഷ്യൻ സംസ്ഥാനമായി കൂടിച്ചേർന്നും അല്ലാതെയും വിവിധ തൊഴിൽ പരിശീലനങ്ങൾ ഇ.എസ്.എസ്.എസ്. ൽ ഓരോ വർഷവും നടത്തപ്പെടുന്നു.

ടെയ്‌ലറിംഗ്, എംബ്ലോയിഡറി, കാറ്ററിംഗ്, കേക്ക് ബേക്കിംഗ്, പേപ്പർ ബാഗ് നിർമ്മാണം, കുട നിർമ്മാണം, എൽഇഡി ബൾബ് മേക്കിങ്ങ്, ബ്യൂട്ടീഷ്യൻ കോഴ്സ്, മെഴുകുതിരി നിർമ്മാണം, ഫുഡ് പ്രോസസിംഗ് തുടങ്ങിയവയാണ് സെന്ററിന്റെ പ്രധാന പരിശീലന പരിപാടികൾ. കൂടാതെ തൊഴിൽ പരിശീലനം സിദ്ധിച്ച വിദ്യാർത്ഥികൾക്ക് സംരംഭകത്വവും പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും ഇ.എസ്.എസ്.എൽ നൽകപ്പെടുന്നു.

**4. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്**

സ്വയംതൊഴിൽ സംരംഭം ആരംഭിക്കുവാൻ താല്പര്യമുള്ളവർക്കു വേണ്ടി കാനറ ബാങ്കിന്റെ സഹായത്തോടുകൂടി NABARD മായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഒരേ തൊഴിൽ ചെയ്യുന്ന അഥവാ ഒരേ തൊഴിൽ ചെയ്യാൻ താല്പര്യപ്പെടുന്ന നാല് മുതൽ 10 വരെയുള്ള വ്യക്തികൾക്കാണ് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് രൂപീകരിക്കുവാൻ സാധിക്കുന്നത്. പ്രസ്തുത ഗ്രൂപ്പിലെ അംഗങ്ങൾക്ക് 50000 രൂപ വരെ കുറഞ്ഞ പലിശ നിരക്കിൽ കാനറാ ബാങ്ക് വായ്പയായി നൽകുന്നു.

**5. സേവ് എ ഫാമിലി പ്ലാൻ കുടുംബ ശാക്തീകരണ പദ്ധതി**

സമൂഹത്തിൽ ഏറ്റവും കൂടുതൽ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ സഹായിക്കുന്നതിനു വേണ്ടി ഇ.എസ്.എസ്.എസ്. സേവ് എ ഫാമിലി പ്ലാൻ ഇന്ത്യയുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. കുടുംബനാഥൻ മരണപ്പെട്ട അല്ലെങ്കിൽ മാരകമായ അസുഖങ്ങളാൽ കഷ്ടപ്പെടുന്ന കുടുംബങ്ങളെയാണ് ഈ പദ്ധതിയിലേക്ക് പ്രധാനമായും പരിഗണിക്കുന്നത്. അതോടൊപ്പം തന്നെ 13 വയസ്സിൽ താഴെയുള്ള പഠിക്കുന്ന ഒരു കുട്ടി നിർബന്ധമായും ഈ കുടുംബത്തിൽ ഉണ്ടായിരിക്കണം. ഇങ്ങനെയുള്ള കുടുംബങ്ങളെ ആറുവർഷത്തേക്ക് എല്ലാ മാസവും നിശ്ചിത തുക നൽകി സ്പോൺസർ കുടുംബത്തിന്റെ ഉത്തരവാദിത്തം നിർവഹിക്കുന്ന സ്ത്രീകൾക്ക് നിശ്ചിത വരുമാനം ലഭ്യമാകുന്ന സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനുള്ള സഹായവും നൽകുന്നു.

**6. ഗാർഹിക തൊഴിലാളികളുടെ ശാക്തീകരണം**

അസംഘടിത മേഖലയിൽ പ്രത്യേകിച്ച് ഗാർഹിക തൊഴിലിൽ ഏർപ്പെടുന്ന സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചും ട്രേഡ് യൂണിയൻ സംഘടിപ്പിച്ചും അവരുടെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ ശാക്തീകരണം ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള പരിപാടികൾ ഇ.എസ്. എസ്.എസ്. വളരെ പ്രാധാന്യത്തോടെ നടപ്പിലാക്കുന്നുണ്ട്. കേരള ലേബർ മൂവ്മെന്റ് വരാപ്പുഴ അതിരൂപത ഘടകവുമായി സഹകരിച്ചാണ് ഈ കാര്യങ്ങൾ ചെയ്യുന്നത്.

**7. വിധവകളുടെയും ഏകസ്ഥരുടെയും സംഘാടനവും ശാക്തീകരണവും**

വിധവകളേയും ഏകസ്ഥരേയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ഇ.എസ്. എസ്.എസ്. കൃത്യമായ ഇടപെടലുകൾ നടത്തുന്നു. അവരുടെ സാമൂഹ്യ സംഘാടനത്തിലൂടെയും

സാമ്പത്തിക ശാക്തീകരണ ത്തിലൂടെയുമാണ് ഇത് സാധ്യ മാക്കുന്നത്.

.
8. **ഇൻഷുറൻസ് പദ്ധതികൾ**

.
സാമ്പത്തിക സുസ്ഥിരതയ്ക്കും ഭദ്രതയ്ക്കും ഇൻഷുറൻസ്-സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ പങ്ക് വലുതാണ്. യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസുമായി ചേർന്നുകൊണ്ട് ഒരു ലക്ഷം രൂപവരെ കവറേജ് ലഭിക്കുന്ന മെഡി ക്ലെയിം പദ്ധതി ഇതിൽ പ്രധാനപ്പെട്ടതാണ്. ഇതു കൂടാതെ ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, ഇതര ഇൻഷുറൻസ് കമ്പനികൾ എന്നിവയുടെ നിരവധി ലൈഫ് ഇൻഷുറൻസ് പദ്ധതി കളും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതികളും ഇ.എസ്.എസ്.എസ്. ജനങ്ങളിലേക്ക് എത്തിക്കുവാൻ ശ്രമിക്കുന്നു.

9. **അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി**

കൂടുതലായി ഏർപ്പെടുന്ന ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങളിലും, ഗാർഹിക തൊഴിൽ, കൈത്തൊഴിൽ, കര കൗശല തൊഴിൽ, ബ്യൂട്ടീഷ്യൻ, ട്യൂഷൻ തുടങ്ങി നൂറിൽ അധികം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വർക്ക് ഏറെ പ്രയോജനം ചെയ്യുന്ന പദ്ധതിയാണിത്. ഒരു വർഷം അടയ്ക്കേണ്ട അംശാദായം 1200 രൂപ. പദ്ധതിയിൽ അംഗമായ സ്ത്രീകൾക്കും പെൺമക്കൾക്കും വിവാഹ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, പ്രസവാനുകൂല്യം, ചികിത്സ സഹായം എന്നിവ ഇതിന്റെ പ്രത്യേകതകളാണ്. 60 വയസ്സ് കഴിയുമ്പോൾ അംഗത്തിന് പെൻഷന് അർഹത ഉണ്ടായിരിക്കും.

*സ്ത്രീകൾക്ക് തന്റേതായ ഒരിടം സമൂഹത്തിൽ യാതൊരുവിധ വിലക്കുകളും ഇല്ലാതെ കണ്ടെത്താൻ കഴിയുമ്പോഴാണ് സ്ത്രീശാക്തീകരണം അതിന്റെ സമഗ്രമായ അർത്ഥത്തിൽ പ്രാവർത്തികമാകുന്നത്. പുരുഷ കേന്ദ്രീകൃതമായ സാമൂഹ്യ വ്യവസ്ഥിതി നിലനിൽക്കുന്ന നമ്മുടെ രാജ്യത്ത് സ്ത്രീപുരുഷ സമത്വം എന്നത് കഠിനമായ പ്രക്രിയ ആണെങ്കിലും നീതിയിൽ അധിഷ്ഠിതമായ സാമൂഹ്യ നിർമ്മിതിക്ക് ഇത് അനിവാര്യമാണ്.*

10. **തയ്യൽ തൊഴിലാളി ക്ഷേമനിധി**

സ്ത്രീകൾ വളരെയധികം ഏർപ്പെട്ടിരിക്കുന്ന മറ്റൊരു തൊഴിൽ മേഖലയാണ് തയ്യൽ തൊഴിൽ. തയ്യൽ തൊഴിലാളികൾക്കായി ഗവൺമെന്റ് പ്രത്യേകമായ ഒരു ക്ഷേമനിധി ബോർഡ് തന്നെ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ അംഗത്വം എടുക്കുന്നതിനുള്ള സഹായങ്ങളും എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നിന്നും ലഭ്യമാണ്. 18 വയസ്സ് മുതൽ 54 വയസ്സു വരെയുള്ള തയ്യൽ തൊഴിലാളികൾക്കാണ് ഈ ക്ഷേമനിധിയിൽ അംഗത്വം എടുക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നത്. ഇവിടെയും വ്യാസാനുകൂല്യം, വിവാഹ സഹായം, ചികിത്സാ സഹായം, പ്രസവാനുകൂല്യം, 60 വയസ്സ് പൂർത്തിയാകുമ്പോൾ പെൻഷൻ തുടങ്ങിയവ ഉണ്ടായിരിക്കും.

11. **നിയമസഹായം**

സിവിൽ കേസുകൾ പ്രത്യേകിച്ച് സ്ത്രീകളും കുടുംബവുമായും ബന്ധപ്പെട്ട കേസുകൾ മധ്യസ്ഥതയിലൂടെ പരിഹരിക്കുന്നതിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള കമ്മ്യൂണിറ്റി മീഡിയേഷൻ സെന്ററിന്റെ ഒരു വിഭാഗവും ഇ.എസ്.എസ്.എസ്. ൽ പ്രവർത്തിക്കുന്നുണ്ട്. കേരള ഹൈക്കോടതിയുടെയും സംസ്ഥാന ജില്ലാ ലീഗൽ സർവീസ് അതോറിറ്റികളുടെയും മേൽനോട്ടത്തിലാണ് ഈ സെന്റർ പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകുന്നത്.

12. **വായ്പാ ലിംഗേജ്**

സ്ത്രീകൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ ബാങ്കുകളുമായും മറ്റു ധനകാര്യ സ്ഥാപനങ്ങളുമായും സഹകരിച്ച് കുറഞ്ഞ പലിശ നിരക്കിൽ ഉള്ള വായ്പകൾ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളും ഇ.എസ്.എസ്.എസ്. ന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു.

ഇപ്രകാരം കുടുംബങ്ങളിലും സമൂഹങ്ങളിലും സ്ത്രീകളുടെ ശാക്തീകരണവും സമഗ്രമായ വികസനവും നടപ്പിലാക്കുന്നതിന് വിവിധ പദ്ധതികൾ കാലാകാലങ്ങളിൽ ഇ.എസ്.എസ്.എസ്. നടപ്പിലാക്കി വരുന്നു. എന്നാൽ ഇവയുടെ കൃത്യമായ ഗുണഫലങ്ങൾ കുടുംബങ്ങളിലേക്കും സ്ത്രീകളിലേക്കും ലഭ്യമാകണമെങ്കിൽ നമ്മുടെ ഏവരുടേയും കൂട്ടായ പ്രവർത്തനവും പരിശ്രമവും അത്യാന്താപേക്ഷിതമാണ്. അത്തരത്തിൽ കൃത്യമായ ലക്ഷ്യം മുൻനിർത്തിയുള്ള ഒരു പ്രവർത്തനത്തിന് നമുക്കേവർക്കും കൈകോർക്കാം.

# സ്വാതന്ത്ര്യ ദിനത്തിൽ മറക്കാൻ പാടില്ലാത്ത സ്ഥലങ്ങൾ

സംഭവബഹുലമായ പോരാട്ട വീര്യങ്ങളുടെ വിജയകഥ നാളെ വീണ്ടും ഓർമ്മിക്കപ്പെടും. നമുക്ക് വേണ്ടി, നമ്മുടെ ഭാരതമണ്ണിന് വേണ്ടി ജീവൻ ബലിയർപ്പിച്ച ധീരയോദ്ധാക്കളുടെ കഥകൾ കേട്ട് വരുംതലമുറയും ആവേശം കൊള്ളണം. സ്വാതന്ത്ര്യ സമരപോരാട്ട ക്കഥകൾ പറയുമ്പോൾ ഇനി പറയുന്ന സ്ഥലങ്ങളും മറക്കാതെ ഓർക്കാം.

### *ബരാക്പൂർ*

ശിപായി ലഹളയെ കുറിച്ച് അറിയാത്തവരായി ആരും തന്നെ യില്ല. ബ്രിട്ടീഷുകാരുടെ നിയമങ്ങൾക്കെതിരെ മംഗൾ പാണ്ഡെ എന്ന ശിപായി പ്രതികരിച്ചതും ഒന്നാം സ്വാതന്ത്ര്യ സമരം പൊട്ടി പുറപ്പെട്ടതും ബരാക്പൂരിൽ വച്ചാണ്. അക്കാലത്ത് ബ്രിട്ടീഷ് നിയമങ്ങളിലെ മാറ്റങ്ങളിൽ ഒന്നായ മാ 1953 എൻഫീൽഡ് റൈഫിൾസിൽ പേപ്പർ കാർട്ട്റിഡ്ജ് ഉപയോഗിക്കണ മെന്ന നിർദ്ദേശത്തിനെതിരെയാണ് ശിപായി പ്രതികരിച്ചത്. 1857 ഏപ്രിൽ 8ന് മംഗൾ പാണ്ഡെയെ തൂക്കിലേറ്റി. ബരാക്പൂർ ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന കന്റോൺമെന്റ് കൂടിയാണ്.

### *ഝാൻസിയ*

ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിലെ ഇതിഹാസ നായിക റാണി ലക്ഷ്മി ഭായിയുടെ പേരിനോട് ചേർന്ന് നിൽക്കുന്ന പ്രദേശമാണ് ഝാൻസിയ. ശിപായി ലഹളയുടെ അലയൊലികൾ എത്തിച്ചേരുകയും വലിയൊരു യുദ്ധത്തിന് തുടക്കം കുറിക്കുകയും ചെയ്ത പ്രദേശമാണിത്.

### *ബോംബെ*

സ്വാതന്ത്ര്യ സമരകാലത്തെ പ്രധാന തീരുമാനങ്ങൾ പലതും എടുത്തത് ബോംബെയിൽ വച്ചായിരുന്നു. അലൻ ഒക്ടോവിയൻ ഹ്യൂം ആണ് ബോംബെയിൽ വച്ച് കോൺഗ്രസ് സ്ഥാപിച്ചത്. ബോംബെയിലാണ് കോൺഗ്രസിന്റെ ആദ്യ സെഷൻ 1885 ഡിസംബർ 28 മുതൽ 31 വരെ നടന്നത്.

### *കൽക്കട്ട*

കൊൽക്കത്തയിലാണ് സുരേന്ദ്രനാഥ് ബാനർജെ ആദ്യത്തെ ദേശീയ സംഘടനയായ ഇന്ത്യൻ നാഷണൽ അസോസിയേഷൻ സ്ഥാപിച്ചത്. ഇവിടെ വളർന്നുവന്ന ദേശീയതയിൽ ഭയന്ന ബ്രിട്ടീഷുകാർ ഇന്ത്യയുടെ തലസ്ഥാനം കൊൽക്കത്തയിൽ നിന്നും ഡൽഹിയിലേക്ക് മാറ്റി.

### *ചമ്പാരൻ*

ഭക്ഷ്യവിളകൾക്ക് പകരം നീലം കൃഷി ചെയ്യാൻ ബ്രിട്ടീഷുകാർ ഉത്തരവിട്ടു. അതേ തുടർന്ന് നിരവധി കർഷക കുടുംബങ്ങൾ പട്ടിണിയിലാവുകയും പലരും മരിക്കുകയും ചെയ്തു. ഈ അവസരത്തിൽ മഹാത്മാഗാന്ധി ഇവിടം സന്ദർശിക്കുകയും പ്രക്ഷോഭം ആരംഭിക്കുകയും ചെയ്തു. പ്രക്ഷോഭഫലമായി ചമ്പാരൻ കാർഷിക നിയമം പാസാക്കി.

### *ചൗരിചൗരാ*

ഉത്തർപ്രദേശിലെ ഖോരക്പൂരിലാണ് ഈ സ്ഥലം സ്ഥിതി ചെയ്യുന്നത്. സമാധാനപരമായി പ്രകടനം നടത്തിയ ആളുകളെ പോലീസ് ആക്രമിക്കുകയും നിരവധിപേരെ കൊല്ലുകയും ചെയ്തു. തുടർന്ന് രോഷാകുലരായ ജനക്കൂട്ടം പോലീസ് സ്റ്റേഷൻ തീയിട്ടു. 22 പോലീസുകാർ കൊല്ലപ്പെടുകയും ചെയ്തു.

### *കകോരി*

1925 ആഗസ്റ്റ് 9-ന് നടന്ന കകോരി ഗൂഢാലോചനയ്ക്ക് പ്രസിദ്ധമായ ഈ സ്ഥലം ഉത്തർപ്രദേശിലെ ലക് നൗവിലാണ് സ്ഥിതി ചെയ്യുന്നത്. ഇന്ത്യൻ പോരാളി കൾക്ക് അവരുടെ പ്രവർത്തനങ്ങൾ നടത്താനും ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസോസിയേഷന് ജനങ്ങളുടെ പിന്തുണ ലഭിക്കാനും പണം ആവശ്യമായി വന്നിരുന്നു. ഈ അവസരത്തിൽ 8000 രൂപയടങ്ങിയ ബ്രിട്ടീഷ് ട്രഷറിയുടെ പണബാഗ് മോഷ്ടിക്കുകയും ചെയ്തു. ബ്രിട്ടീഷ് സ്വത്ത് കൊള്ളയടിക്കപ്പെട്ട ആദ്യത്തെ സംഭവം ആയതിനാൽ അന്വേഷണത്തിന് ഉത്തരവിടുകയും 40 ഓളം വിപ്ലവകാരികളെ പിടികൂടുകയും ചെയ്തു.

### *ദണ്ഡി*

ഗുജറാത്തിലെ നവസാരി ജില്ലയിലെ ദണ്ഡി എന്ന ഗ്രാമം ഉപ്പ് സത്യാഗ്രഹത്തിലൂടെ പേരുകേട്ട സ്ഥലമാണ്.

### *ജാലിയൻ വാലാബാഗ്*

ഇന്ത്യൻ ചരിത്രത്തിലെ ഏറ്റവും വിഷമകരമായ സംഭവം നടന്നത് ഇവിടെയാണ്. സമാധാനപരമായി നടന്നിരുന്ന പൊതുയോഗത്തിലേക്ക് ജനറൽ ഡെയറിന്റെ നേതൃത്വത്തിൽ ബ്രിട്ടീഷ് സൈന്യം എത്തുകയും ജനക്കൂട്ടത്തിന് നേരെ വെടിയുതിർക്കുകയും ചെയ്തു. 1919 ഏപ്രിൽ 13-ന് നടന്ന ഈ സംഭവത്തിൽ നിരവധിയാളുകൾ മരണപ്പെട്ടു.

## വൊക്കേഷണൽ കോഴ്സസ്സ്- തൊഴിലധിഷ്ഠിത കോഴ്സുകൾ

കോളേജ് പ്രവേശനത്തിനായി ശ്രമിക്കുമ്പോൾ മാതാപിതാക്കളും കുട്ടികളും പുതിയ ഒരു പ്രോഗ്രാമിനെക്കുറിച്ചു കേൾക്കുവാൻ സാധ്യതയുണ്ട്. B.A, B.Com, B.Sc ബിരുദപഠനത്തോടൊപ്പം B Voc എന്ന നൈപുണ്യാധിഷ്ഠിത കോഴ്സുകളാണിവ. B Voc കോഴ്സുകൾ കോളേജുകളിൽ ആരംഭിക്കാനുള്ള കാരണങ്ങൾ പലതാണ്. ലഭ്യമായിരിക്കുന്ന കണക്കുകളനുസരിച്ച് ജനസംഖ്യയുടെ 60% ആളുകൾ ചെറുപ്പക്കാരാണ്. പക്ഷേ ഇതിൽ 10% ആളുകൾക്കു മാത്രമേ ജോലിക്കായുള്ള വൈദഗ്ധ്യം ഉണ്ടായിരിക്കുകയുള്ളൂ. ബാക്കിയുള്ള 90% ആളുകൾക്കും ജോലിക്കുവേണ്ടിയുള്ള പ്രാവീണ്യത്തിനുവേണ്ടി പ്രത്യേക പരിശീലനം ആവശ്യമാണ്. ഗവൺമെന്റിന്റെയും, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെയും ഭാഗത്തുനിന്ന് നൈപുണ്യവികസനത്തിനുവേണ്ടി പല പ്രാരംഭനടപടികളും സ്വീകരിച്ചിട്ടുണ്ട്. നാഷണൽ എഡ്യുക്കേഷന്റെ നയപരിപാടിയുടെ ഭാഗമായി 2025 ഓടുകൂടി 50% വിദ്യാർത്ഥികളെങ്കിലും വൊക്കേഷണൽ കോഴ്സിൽ പ്രാവീണ്യം നേടിയവരായിരിക്കും എന്നാണ് കരുതപ്പെടുന്നത്. ഇതിന്റെയൊക്കെ ഭാഗമായിട്ടാണ് മറ്റ് ബിരുദകോഴ്സുകൾക്കൊപ്പം തൊഴിലധിഷ്ഠിത കോഴ്സുകളും ആരംഭിച്ചത്.

കുട്ടികളുടെ അഭിരുചിക്കും താല്പര്യങ്ങൾക്കും അനുസൃതമായി B Voc കോഴ്സുകൾ തുടങ്ങാൻ കോളേജുകളും യുണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളും ശ്രമിക്കുന്നുണ്ട്. Internship, On job training, Project work എന്നിവയെല്ലാം ആ Voc കോഴ്സുകളുടെ പ്രത്യേകതകളാണ്. B Voc പ്രോഗ്രാമുകൾ ചെയ്യുന്നതോടൊപ്പം അഭിരുചിക്കനുസൃതമായ സ്കിൽസും വളർത്തുന്നത് ജോലി ലഭ്യതയ്ക്ക് വളരെ സഹായകരമാണ്. അതുകൊണ്ടുതന്നെ 'വൊക്കേഷണൽ പ്രോഗ്രാം' ചെയ്യുന്ന കുട്ടികൾക്ക് എളുപ്പത്തിൽ ജോലി കിട്ടുവാൻ സാധ്യതയുണ്ട്. അതുപോലെ കുട്ടികൾക്ക് നൈപുണ്യ പരിശീലനത്തോടൊപ്പം ജോലിക്കുള്ള അവസരങ്ങളും കൂടുതൽ സൂക്ഷിക്കേണ്ടതായിട്ടുണ്ട്. എറണാകുളത്ത് വൊക്കേഷണൽ കോഴ്സസ് ലഭ്യമായിട്ടുള്ള കോളേജുകളുടെ പേര് താഴെ കൊടുക്കുന്നു.

### St. Teresa's College, Ernakulam
B Voc Food Processing Techmology
B Voc Software Development
M Voc Food Processing Technology

### St. Paul's College, Kalamassery
B Voc Agri Entrepreneurship and Rural Enterprises
B Voc Food Processing Technology
B Voc Visual Media and Film Making
B Voc Hospital Management and Administration
B Voc Automotive Skills
B Voc Sports, Physical Education and Fitness

### St. Xavier's College, Aluva
B Voc Software Quality Assurance & Quality Control
B Voc Culinary Arts & Hospitality Management
B Voc Accounting and Taxation

### CUSAT, Kalamassery
B Voc Business Process And Data Analytics
M Voc Mobile Phone Application Development
M Voc Technology and Management Consulting

### St. Albert's College, Ernakulam
B Voc Journalism and Mass Communication
B Voc Professional Accounting and Taxation
B Voc Logistics Management
B Voc Retail Management
B Voc Travel and Tourism
B Voc Medical & Psychiatric Social Work
B Voc Fitness Management & Personal Training
B Voc Sports Nutrition & Physiotherapy
B Voc Renewable Energy
B Voc Software Development
B Voc Commercial Aquaculture
B Voc Fish Post Harvest Technology & Management.
M Voc Logistics & Supply Chain Management
M Voc Renewable Energy

The following programs are available in different Colleges

### under M G University, Kottayam
B.Voc. Animation and Graphic Design
B.Voc. Fashion Technology
B.Voc. Food Processing Technology
B.Voc. Marketing Management and Information Technology
B.Voc. Retail Management and Information Technology
B.Voc. Sports Nutrition and Physiotherapy
B.Voc. Sustainable Agriculture

# കളമശ്ശേരി ലിറ്റിൽ ഫ്ളവർ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട്




*തൊഴിൽ നൈപുണ്യ പരിശീലന മേഖലയിൽ മികവിന്റെ കേന്ദ്രമെന്ന് വിശേഷിപ്പിക്കപ്പെടുന്ന കളമശ്ശേരി ലിറ്റിൽ ഫ്ളവർ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഇന്ത്യയിലെതന്നെ മികവുറ്റ തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ മുൻപന്തിയിൽ നില്ക്കുന്നു. കേരളസംസ്ഥാന സർക്കാരിന്റെ ഏറ്റവും മികച്ച ഐ.ടി.ഐ. കൾക്കുള്ള ഗ്രേയ്ഡിംഗിൽ അംഗീകാരം ലഭിക്കാൻ ഇടയാക്കിയത് പരിശീലനരംഗത്തും, അദ്ധ്യയനത്തിലും, ലോകോത്തര ലാബുകൾ ക്രമീകരിക്കുന്നതിലും കൈവരിച്ച ഈ മികവുതന്നെയാണ്.*

വെല്ലുവിളികൾ നിറഞ്ഞ, അടിസ്ഥാന പൊതുവിദ്യാഭ്യാസം പോലും ഒരുക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു കാലത്താണ്, 1962 ൽ ദൈവദാസൻ അഭിവന്ദ്യ ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ ദീർഘവീക്ഷണത്തിൽ, വരാപ്പുഴ അതിരൂപതയുടെ സാമൂഹ്യശുശ്രൂഷയുടെ ഭാഗമായി, ലിറ്റിൽ ഫ്ളവർ എഞ്ചിനീയറിങ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത്. സമൂഹത്തിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്കും, വിദ്യാഭ്യാസം മുടങ്ങിപ്പോയവർക്കും, തൊഴിൽ രഹിതരായവർക്കും തൊഴിൽനേടി, സാമ്പത്തിക വിജയം കൈവരിച്ച് ജീവിതത്തിൽ മുന്നേറുവാനുള്ള ഒരു കൈത്താങ്ങാണ് ഈ സ്ഥാപനം.

സാങ്കേതിക പരിശീലനമെന്ന പതിവു സങ്കൽപ്പത്തിനപ്പുറം വിദ്യാർത്ഥികൾക്ക് ആഗോള കാഴ്ചപ്പാടോടെ പഠിക്കാനും പരിശീലിക്കാനും, തുടർന്ന് സ്വദേശത്തും, ഗൾഫ്, യൂറോപ്പ് വിദേശരാ

ജ്യങ്ങളിലും തൊഴിൽ നേടുവാനുമുള്ള അവസരമാണ് കളമശ്ശേരി ലിറ്റിൽ ഫ്ളവർ എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരുക്കിയിരിക്കുന്നത്. രാജ്യത്തെ മികച്ച സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിനുള്ള പുരസ്കാരങ്ങൾ സ്വന്തമാക്കിയിട്ടുള്ള ലിറ്റിൽ ഫ്ളവർ എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ സൗകര്യങ്ങൾ ആഗോളസ്ഥാപനങ്ങളുടെപോലും ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. വ്യാവസായികലോകത്ത് ഏറെ ഖ്യാതി നേടിയിട്ടുള്ള ജർമൻ സ്റ്റാൻഡേർഡ് സംവിധാനമായ ഇൻഡസ്ട്രി സ്റ്റാൻഡേർഡ് 4.0 നിലവാരത്തിലുള്ള അത്യാധുനിക ലാബുകളും, മിനിയേച്ചർ പ്ലാന്റുകളും, ഇൻഡസ്ട്രിയിലെ അനുഭവസമ്പത്തും വൈദഗ്ധ്യമുള്ള പരിശീലകരും ഇൻസ്റ്റിറ്റ്യൂട്ടിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നു.

പ്രധാനമായും മൂന്നുവിധത്തിലുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടത്തപ്പെടുന്നത്. കേന്ദ്ര ഗവൺ മെന്റിന്റെ അംഗീകാരമുള്ള NCVT ITI ട്രേഡ് പരിശീലനം, Advanced Training Programmes, International Trade Test Center വിവിധ ട്രേഡുകളിലായി ഇവിടെ നല്കപ്പെടുന്ന തൊഴിൽ പരിശീലനം പ്രധാനമായും രണ്ടു വിധത്തിലാണ്.

A. NCVT ITI Trades ഏഴു വിവിധ ട്രേഡുകളിലായി ITI ഇവിടെ പരിശീലനം നല്കപ്പെടുന്നു.

.......................................................................

1. **ഇലക്ട്രിക്കൽ**

.......................................................................

രണ്ടുവർഷത്തെ എൻ.സി.വി.ടി. ഇലക്ട്രിക്കൽ ട്രേഡ് (യോഗ്യത-പത്താംക്ലാസ് മുതൽ) ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിൽ ഉയർന്ന യോഗ്യതകളും, ജോലിപരിചയവുമുള്ള ട്രെയിനർമാരുടെ മേൽനോട്ടത്തിൽ പരിശീലനം. ഫ്രാൻസിലെ ഷ്നെയ്ഡർ ഇലക്ട്രിക് കമ്പനിയുടെ ഹോം ഓട്ടോമേഷൻ, ഫയർ അലാം ആന്റ് അഡ്രസ്സ് സിസ്റ്റം, സിസിടിവി ആൻഡ് ആക്സസ് സിസ്റ്റം എന്നിവയിൽ ആഡ് ഓൺ കോഴ്സുകൾ ലഭിക്കുന്നു.

.......................................................................

2. **ഫിറ്റർ**

.......................................................................

രണ്ടു വർഷത്തെ എൻസിവിടി ഫിറ്റർ ട്രേഡ് (യോഗ്യത-പത്താം ക്ലാസ്സ് മുതൽ)

ഇൻഡസ്ട്രിയിൽ അനുഭവസമ്പത്തും, പരിജ്ഞാനവുമുള്ള ട്രെയിനർമാരുടെ കീഴിൽ മികവുറ്റ പരിശീലനം. ഇതോടൊപ്പം തന്നെ പൈപ്പിംഗ് ആന്റ് സ്ട്രക്ചറൽ എൻജിനീയറിംഗിൽ അറിവും, പരിശീലനവും നേടാൻ അവസരം.

.......................................................................

3. **റെഫ്രിജറേഷൻ ആന്റ് എയർകണ്ടീഷനിംഗ് ട്രേഡ്**

.......................................................................

*രണ്ടുവർഷത്തെ എൻസിവിടി മെക്കാനിക് റെഫ്രിജറേഷൻ, എയർകണ്ടീഷൻ കോഴ്സ് (യോഗ്യത-പത്താംക്ലാസ് മുതൽ)*

വിദഗ്ധരുടെ മേൽനോട്ടത്തിൽ എയർകണ്ടീഷനിംഗ്, റെഫ്രിജറേഷൻ സംബന്ധിച്ച എല്ലാ മേഖലകളിലും വൈദഗ്ധ്യമാർന്ന പരിശീലനം. ഇൻഡസ്ട്രിയിൽ ഉപയോഗത്തിലുള്ള ഉന്നതനിലവാരമുള്ള മെഷീനറികൾ സജ്ജീകരിച്ച ലാബ്. ഫ്രാൻസിലെ ഷെനെയ്ഡർ ഇലക്ട്രിക് തയ്യാറാക്കിയ ഇൻഡസ്ട്രി സ്റ്റാൻഡേർഡ് 4.0 അനുസരിച്ചുള്ള ബിൽഡിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ (BMS) പരിശീലനം. വൻകിട വർക്സൈറ്റുകളുടെ മാതൃക പിന്തുടർന്ന് നിർമ്മിച്ച മിനിയേച്ചർ പ്ലാന്റുകളിൽ ഓൺ ദ ജോബ് പരിശീലനം വഴി പ്രവൃത്തി പരിചയം.

.......................................................................

4. **ഡ്രാഫ്റ്റ്സ്മാൻ സിവിൽ**

.......................................................................

രണ്ടുവർഷത്തെ എൻസിവിടി ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് (യോഗ്യത-പത്താം ക്ലാസ്സ് മുതൽ)സ്ട്രക്ചർ രൂപകല്പനയും ആസൂത്രണവും, ഡ്രോയിം ഗ്സ് തയ്യാറാക്കൽ, ക്വാണ്ടിറ്റി എസ്റ്റിമേഷൻ തുടങ്ങിയ മേഖലകളിൽ പ്രാവീണ്യം നേടാം. സിവിൽ എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട ഓട്ടോകാഡ്, റെവിറ്റ് കംപ്യൂട്ടർ ആപ്ളിക്കേഷനുകളിൽ അവഗാഹം നേടാം. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് L&T ൽ മൂന്നുമാസത്തെ വിദഗ്ധ പരിശീലനം.

.......................................................................

5. **ഇലക്ട്രോണിക്സ് മെക്കാനിക്**

.......................................................................

ഇൻസ്ട്രുമെന്റേഷൻ ആന്റ് റോബോട്ടിക്സ് ഉൾപ്പെടുന്ന രണ്ടു വർഷത്തെ എൻസിവിടി ഇലക്ട്രോണിക്സ് കോഴ്സ്

.......................................................................

6. **മോട്ടോർ മെക്കാനിക് വെഹിക്കിൾ**

.......................................................................

*രണ്ടുവർഷത്തെ എൻസിവിടി മോട്ടോർ മെക്കാനിക് വെഹിക്കിൾ ട്രേഡ് (യോഗ്യത-പത്താം ക്ലാസ്സ് മുതൽ)*

വാഹനങ്ങളുടെ യന്ത്രഭാഗങ്ങളുടെ പ്രവർത്തനവും, അറ്റകുറ്റപണികളും, ആധുനിക യന്ത്രങ്ങളുടെ സഹായത്തോടെ പഠിപ്പിക്കുന്നു. ബി.എം. ഡബ്ല്യൂ കാർ ഡിവിഷന്റെ സഹകരണത്തോടെയുള്ള സ്കിൽ നക്സ്റ്റ് പ്രോഗ്രാമുമായി ബന്ധപ്പെട്ട് ആധുനിക ഡീസൽ എഞ്ചിൻ, കൂടാതെ ജർമൻ ഗ്രൂപ്പിന്റെ 8 സ്പീഡ് ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ, നിസ്സാൻ പെട്രോൾ എഞ്ചിനും CVT ഗിയർബോക്സും, ഫോക്സ് വാഗൺ 6-സ്പീഡ് DSG ട്രാൻസ്മിഷൻ എന്നിവ വിദ്യാർത്ഥികൾക്ക് പഠിക്കുവാനായി ഒരുക്കിയിരിക്കുന്നു. കൂടാതെ, ലോഞ്ച് ഇന്ത്യയുടെ അഡ്വാൻസ്ഡ് OBD സ്കാനിംഗ് ടൂൾ, എം-ക്യാറ്റ് ഇന്ത്യയുടെ 3 വീൽ അലൈൻമെന്റ് മെഷീൻ, വീൽ ബാലൻസിംഗ് മെഷീൻ, ബ്രേക്ക് ആന്റ് സസ്പെൻഷൻ ടെസ്റ്റിംഗ് മെഷീൻ, ടയർ ചേഞ്ചിംഗ് മെഷീൻ, ഓട്ടോ ഇലക്ട്രിക്കൽ ടെസ്റ്റ് ബെഞ്ച്, നൈട്രജൻ ഇൻഫ്ളേറ്റർ, ഇൻജക്ടർ ക്ലീനിംഗ് ആന്റ് ടെസ്റ്റിംഗ് മെഷീൻ, ഡിജിറ്റൽ ബാറ്ററി ടെസ്റ്റർ, പോസ്റ്റസ് ആന്റ് സിസർ കാർ ലിഫ്റ്റ് തുടങ്ങിയ ആധുനിക ഉപക

രണങ്ങളുടെ സഹായത്തോടെയുള്ള പഠനവും, പരിശീലനവും വിദ്യാർത്ഥികൾക്ക് നല്കുന്നു.

7. **വെൽഡിംഗ്**

*ഒരുവർഷത്തെ എൻസിവിടി വെൽഡിംഗ് ട്രേഡ് (യോഗ്യത-പത്താംക്ലാസ് മുതൽ)*

ആധുനിക വെൽഡിംഗ് മെഷീനുകൾ സജ്ജീകരിച്ചിട്ടുള്ള ലാബുകളിൽ, വൈദഗ്ധ്യമുള്ള ട്രെയ്നർമാരുടെ കീഴിൽ പരിശീലനം. രാജ്യാന്തരനിലവാരത്തിലുള്ള റോബോട്ടിക് വെൽഡിംഗ് സെന്റർ സൗകര്യം. ഈ സൗകര്യമൊരുക്കുന്ന കേരളത്തിലെ ആദ്യത്തെ സ്ഥാപനം. വെർചൽ വെൽഡിംഗ് മെഷീനിൽ പരിശീലനത്തിന് സൗകര്യം.

B. Advanced Training Programs

1. **ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ കോഴ്സ്**

*ഒരുവർഷത്തെ ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ കോഴ്സ് (യോഗ്യത-പത്താംക്ലാസ് മുതൽ)*

മൂന്നുമാസത്തെ ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ ഹ്രസ്വകാല കോഴ്സ്. (യോഗ്യത-ഐറ്റിഐ, ഡിപ്ലോമ, ബി.ടെക്)

ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ കോഴ്സിലൂടെ വിവിധ പവർ പ്ലാന്റുകളിൽ ആവശ്യമായി വരുന്ന ഇൻഡസ്ട്രിയൽ വയറിംഗ്, പാനൽ ബോർഡ് ഡിസൈനിംഗ്, ഇലക്ട്രിക്കൽ ഡ്രോയിംഗ്, ത്രീ ഫേസ് മോട്ടർ ആന്റ് ടെർമിനൽ കണക്ഷൻസ്, കേബിൾ ലെയിംഗ് ആന്റ് ടെർമിനേഷൻ, ട്രാൻസ്ഫോർമർ ആന്റ് ജനറേറ്റർ ഡിസൈൻ, എർത്തിംഗ് ആന്റ് ലൈറ്റിംഗ് പ്രൊട്ടക്ഷൻ തുടങ്ങിയവയിൽ വൈദഗ്ധ്യം നേടാം. ഫ്രാൻസിലെ ഷ്നെയ്ഡർ ഇലക്ട്രിക് കമ്പനിയുടെ ഹോം ഓട്ടോമേഷൻ, ഫയർ അലാം ആന്റ് അഡ്രസ്സ് സിസ്റ്റം, സിസിടിവി ആന്റ് ആക്സസ് സിസ്റ്റം എന്നിവയിൽ പരിശീലനം നല്കുന്നു.



2. **പൈപ്പിംഗ് ആന്റ് സ്ട്രക്ചറൽ എഞ്ചിനീയറിംഗ് കോഴ്സ്**

*ഒരു വർഷത്തെ പൈപ്പിംഗ് ആൻഡ് സ്ട്രക്ച്ചറൽ എഞ്ചിനീയറിംഗ് കോഴ്സ്*

മൂന്നുമാസത്തെ ഹ്രസ്വകാല കോഴ്സ് (യോഗ്യത-ഐറ്റിഐ, ഡിപ്ലോമ, ബി.ടെക്)

രാജ്യാന്തര നിലവാരം പുലർത്തുന്ന ആധുനിക ന്യൂമാറ്റിക് ഗ്രൈൻഡറുകൾ സജ്ജീകരിച്ചിട്ടുള്ള പൈപ്പിങ് ആന്റ് സ്ട്രക്ച്ചറൽ എഞ്ചിനീയറിംഗ് ലാബിൽ വെൽഡിംഗ്, പൈപ്പിങ്, സ്ട്രക്ച്ചറൽ ഫാബ്രിക്കേഷൻ മേഖലയിൽ വൈദഗ്ധ്യമാർന്ന പരിശീലനം, പ്ലാസ്മ കട്ടിങ്പോലുള്ള ആധുനിക ടെക്നോളജിയിൽ ജോലിപരിചയം നേടാൻ അവസരം. വിദേശരാജ്യങ്ങളിൽ ഓയിൽ റിഫൈനറികളിലും, ഓയിൽ വെൽസൈറ്റുകളിലും നിരവധി ജോലിസാദ്ധ്യതകളുള്ള കോഴ്സ്.

3. HVAC&R **കോഴ്സ്**

*ഒരു വർഷത്തെ HVAC&R കോഴ്സ് (യോഗ്യത-പത്താംക്ലാസ് മുതൽ)*

മൂന്നുമാസത്തെ HVAC&R ഷോർട്ട്ടേം കോഴ്സ് (യോഗ്യത-ഐറ്റിഐ, ഡിപ്ലോമ, ബി.ടെക്)

ഇൻഡസ്ട്രിയിൽ നിലവിൽ ഉപയോഗത്തിലുള്ള പ്ലാന്റുകളിൽ പരിചയം ലഭിക്കുവാനായി, മിനിയേച്ചർ പ്ലാന്റുകൾ ഉൾക്കൊള്ളുന്ന ലോകോത്തര നിലവാരമുള്ള ലാബിൽ ആഗോള ഗുണനിലവാരത്തിന് അനുസൃതമായി തയ്യാറാക്കിയ അത്യാധുനിക മെഷീനറിയും ഉപകരണങ്ങളും ഉപയോഗിച്ചുകൊണ്ടുള്ള വിദഗ്ധ പരിശീലനം ഫ്രാൻസിലെ ഷ്നെയ്ഡർ ഇലക്ട്രിക് തയ്യാറാക്കിയ ഇൻഡസ്ട്രി സ്റ്റാൻഡേർഡ് 4.0

അനുസരിച്ചുള്ള ബിൽഡിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ വൈദഗ്ധ്യം നേടാം. മുൻനിര സ്വിസ് കൺസെപ്റ്റ് ഡിസിൻഫക്ഷൻ കമ്പനിയായ ദുബായ് സാനി സർവീസ് സജ്ജീകരിച്ചിരിക്കുന്ന ലാബിൽ പരിശീലന അവസരം.

.................................................................

**4. ഇൻസ്ട്രുമെന്റേഷൻ കോഴ്സ്**

.................................................................

*ഒരു വർഷത്തെ ഇൻസ്ട്രുമെന്റേഷൻ കോഴ്സ് (യോഗ്യത-പത്താം ക്ലാസ് മുതൽ)*

മൂന്നുമാസത്തെ ഇൻസ്ട്രുമെന്റേഷൻ ഹ്രസ്വകാല കോഴ്സ് (യോഗ്യത-ഐറ്റിഐ, ഡിപ്ലോമ, ബി.ടെക്)

ഷ്നെയ്ഡർ കമ്പനിയുടെ മേൽനോട്ടത്തിലുള്ള പ്രോഗ്രാമബിൾ ലോജിക് കൺട്രോൾ ഇൻഡസ്ട്രിയൽ കംപ്യൂട്ടർ കൺട്രോൾ സിസ്റ്റം എന്നിവ സജ്ജീകരിച്ചിട്ടുള്ള ആധുനിക ലാബിൽ പരിശീലനം.

.................................................................

5. അഡ്വാൻസ്ഡ് വെൽഡിംഗ്/ റോബോട്ടിക് വെൽഡിംഗ് കോഴ്സ്

.................................................................

*റോബോട്ടിക് വെൽഡിംഗ് ഉൾപ്പെടെയുള്ള ഏഴുമാസത്തെ അഡ്വാൻസ്ഡ് വെൽഡിംഗ് കോഴ്സ് (യോഗ്യത-പത്താംക്ലാസ് മുതൽ)*

മൂന്നുമാസത്തെ ഷോർട് ടേം വെൽഡിംഗ് കോഴ്സ് (യോഗ്യത-ഐറ്റിഐ, ഡിപ്ലോമ, ബി.ടെക്)

ജപ്പാൻ ഓസ്ട്രിയ സാങ്കേതിക സഹായത്തോടെ ഒരുക്കിയ റോബോട്ടിക് വെൽഡിംഗ്, വെർച്ചൽ വെൽഡിംഗ് മെഷീനുകളിൽ പ്രാവീണ്യം നേടാം. ലോകത്തെ അത്യാധുനിക വെൽഡിംഗ് മെഷീനുകളായ ഫാസ്റ്റ് മിഗ് എക്സ് 450, അലൂമിനിയം വെൽഡിംഗ് മെഷീൻ എന്നിവയിൽ പരിശീലനത്തിന് അവസരമൊരുക്കുന്നു. VTIG, MIG, ARC സാങ്കേതികതകളിൽ വൈദഗ്ധ്യം നേടാൻ അവസരം. SMAW, GTAW, GMAW തുടങ്ങിയ അഡ്വാൻസ്ഡ് വെൽഡിംഗിൽ പരിശീലനം

.................................................................

**6. ബ്ലാസ്റ്റിംഗ് ആന്റ് എയർലെസ് സ്പ്രേ പെയിന്റിംഗ്**

.................................................................

ഒരു മാസത്തെ ബ്ലാസ്റ്റിംഗ് ആന്റ് എയർലെസ് സ്പ്രേ പെയിന്റിംഗ് കോഴ്സിൽ 18 വയസ്സു തികഞ്ഞ ആർക്കും ചേരാവുന്നതാണ്. യഥാർത്ഥ തൊഴിൽ അന്തരീക്ഷത്തിൽ സജ്ജീകരിച്ചിട്ടുള്ള പഠന സൗകര്യങ്ങളോടുകൂടെയുള്ള ലാബിൽ ഓൺ ദ ജോബ് ട്രെയിനിംഗ് മാതൃകയിലുള്ള പരിശീലനം.

ടാറ്റ ഗ്രൂപ്പിന്റെ ലേൺ, ഏൺ ആന്റ് പ്രോഗ്രസ് സ്കീം വഴി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി ഒരുക്കുന്ന ലീപ് ട്രെയിനിംഗ് ഒരു വർഷം നീളുന്ന പരിശീലന പരിപാടിയാണ്. കോഴ്സിന്റെ ഭാഗമായി ടാറ്റ മോട്ടോഴ്സിന്റെ അംഗീകൃത സർവീസ് സെന്ററുകളിൽ പരിശീലനം നല്കുന്നു. ടാറ്റയിലും മറ്റു സ്ഥാപനങ്ങളിലും ഇതിലൂടെ ജോലി ലഭിക്കാൻ അവസരമൊരുങ്ങുന്നു.

ഇന്ത്യ യമഹ മോട്ടോഴ്സിന്റെ സഹകരണത്തോടെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും യമഹ ടെക്നിക്കൽ സ്കൂളിന്റെ ഒരു വർഷം നീളുന്ന ഇരുചക്ര വാഹന സാങ്കേതിക പരിശീലനം. പഠനത്തോടൊപ്പം വിദഗ്ധ ജോലി പരിചയവും ലഭിക്കുന്നതിലൂടെ യമഹയിൽ ജോലി അവസരം ലഭിക്കുന്നു.

.................................................................

C. International Trade Test Center

.................................................................

പരിശീലനകാലം കഴിയുമ്പോൾ ജോലി തേടി ഇങ്ങുന്ന സ്ഥാപനമല്ല, ജോലി നേടി ഇറങ്ങുന്ന സ്ഥാപനമാണ് ലിറ്റിൽ ഫ്ളവർ ഇൻജിനീയറിംങ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന് ഇവിടെ നിന്ന് ജോലി ലഭിച്ചിറങ്ങുന്ന പതിനായിരങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ഇതിന് വേദിയൊരുക്കുന്ന, നാട്ടിലും, വിദേശത്തും ജോലിക്കായി ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്ന ഇന്റർനാഷണൽ ട്രേഡ് ടെസ്റ്റ് സെന്റർ ലിറ്റിൽ ഫ്ളവർ എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജീവനാഡിയായി മാറുന്നു. ഓരോ വർഷവും, ബഹുരാഷ്ട്രകമ്പനികൾ ഉൾപ്പെടെ മുന്നൂറിലേറെ വിദേശ കമ്പനികൾ ക്യാമ്പസ് ഇന്റർവ്യൂവിനായി, ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിച്ചേരുന്നു. ഇവിടത്തെ വിദഗ്ധ പരിശീലകരേയും, ടെസ്റ്റ് പരിശോധകരേയും, ലിറ്റിൽ ഫ്ളവർ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ അത്യാധുനിക ലാബുകളും, വർക്ഷോപ്പുകളും ഉൾപ്പെടുന്ന സംവിധാനങ്ങളേയും ഉപയോഗപ്പെടുത്തിക്കൊണ്ടാണ് തങ്ങളുടെ തൊഴിലിടങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികൾക്കുവേണ്ടിയുള്ള ഇന്റർവ്യൂവുകളും, ടെസ്റ്റുകളും അവർ നടത്തുന്നത്. ഇതുവഴി, ലിറ്റിൽ ഫ്ളവർ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികൾക്ക് യൂറോപ്പ്, ഗൾഫ് വിദേശരാജ്യങ്ങളിൽ ജോലി കണ്ടെത്തുവാൻ ലഭിക്കുന്ന സാധ്യതകൾ അനന്തമാണ്.

*നൂറുകണക്കിന് എഞ്ചിനീയറിംഗ് കോളേജുകളും, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥിതി ചെയ്യുന്ന കേരളത്തിൽ ഇത്രയധികം വിദേശ കമ്പനികൾ ഒരു ഐടിഐയിൽ റിക്രൂട്ട്മെന്റിനായി എത്തുന്നുവെന്നതു മാത്രം മതി ലിറ്റിൽ ഫ്ളവർ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മികവിന് തെളിവ്.*

# മഴക്കാല രോഗങ്ങൾ



മഴക്കാലം വന്നതോടെ മഴക്കാല രോഗങ്ങളെപറ്റിയുള്ള ആധിയും ഏറുകയാണ്. എന്നാൽ, കൃത്യമായ പ്രതിരോധ പ്രവർത്തനങ്ങളിലൂടെ അവയെ പൂർണമായും തടയാൻ കഴിയും. പരിസരശുചിത്വവും വ്യക്തിശുചിത്വവുമാണ് ഏറ്റവും പ്രധാനപ്പെട്ടത്. മഴക്കാല രോഗങ്ങളെ ജലജന്യം, കൊതുകു ജന്യം, മറ്റുകാരണങ്ങൾ കൊണ്ടുണ്ടാകുന്നത് എന്നിങ്ങനെ മൂന്നായിതിരിക്കാം.മഴയൊന്നു പെയ്തു തുടങ്ങിയിട്ടേയുള്ളൂ. ചൂടിൽനിന്ന് ഉള്ളു കുളിർക്കു മ്പോഴേക്കും പനിക്കാലവും വന്നെത്തിയിരിക്കുന്നു. മുമ്പെങ്ങുമില്ലാത്തവിധം കേരളം ഇപ്പോൾ പകർച്ചവ്യാധികളുടെ വിളനിലമാണെന്നാണ് ആരോഗ്യ, ശാസ്ത്ര മേഖലയിലുള്ളവരുടെ വിലയിരുത്തൽ. സാധാരണ മൺസൂൺ രോഗങ്ങളുടെ പട്ടിക യിൽ ഇന്ന് പ്രധാനി പനി തന്നെയാണ്. ഓരോ ദിവസവു മെന്നോണം പുതിയതരം പനികൾ രംഗത്തുവരുന്നു. അൽപം ജാഗ്രത പാലിച്ചാൽ പനിയിൽനിന്ന് രക്ഷ നേടാനും, അൽപം ഉണർന്നു പ്രവർത്തിച്ചാൽ പനി ബാധിച്ച് മരണം സംഭവിക്കുന്നതും നമുക്ക് തടയാനാകുമെന്നാണ് ആരോഗ്യ വിദഗ്ധർ പറയുന്നത്. ചികിത്സിച്ച് ഭേദപ്പെടുത്താൻ കഴിയാത്ത പനി ഇല്ലെന്നാണ് ഡോക്ടർമാരുടെ അഭിപ്രായം. പക്ഷേ ചികിത്സ യഥാസമയം ലഭിക്കണമെന്നു മാത്രം. പനിയെ സാധാരണ രോഗമായി ഇന്നു കരുതാനാകില്ല. വിവിധതരം വൈറൽ പനികൾ സജീവമായ ഇക്കാലത്ത് പനി ബാധിച്ചാൽ ചികിത്സ നിർബന്ധമാണ്. എച്ച് 1 എൻ 1 എന്ന പന്നിപ്പനി, ചികുൻഗുനിയ, എലിപ്പനി, ഡെങ്കിപ്പനി, മലമ്പനി, അഞ്ചാംപനി, മഞ്ഞപ്പനി, റോസ് റിവർ ഫീവർ എന്നിവയാണ് പനികളിലെ വില്ലന്മാർ. പന്നിപ്പനി, എലിപ്പനി, ഡെങ്കിപ്പനി, മലമ്പനി എന്നിവയാണ് കൂടുതൽ പേരു ടെയും ജീവൻ കവരുന്നത്. ജലജന്യ രോഗങ്ങൾ കുടി വെള്ളത്തിലൂടെയും മറ്റും രോഗാണു മനുഷ്യശരീരത്തിൽ പ്രവേശിക്കുന്നതിലൂടെയാണ് ഇവ ഉണ്ടാകുന്നത്. കോളറ, ടൈഫോയിഡ്, മഞ്ഞപ്പിത്ത രോഗങ്ങൾ (ഹൈപ്പറ്റൈറ്റിസ് A&E) അക്യൂട്ട്, ഡയേറിയൽ ഡിസീസ് (ADD) എന്നിവയാണ് ഇതിൽ പ്രധാനപ്പെട്ടത്.ഛർദി, അതിസാരം (കോളറ)'വിബ്രി യോ കോളറെ' എന്ന വൈറസാണ് ഈ രോഗം പരത്തുന്നത്. കുടി വെള്ളത്തിലൂടെ ഇത് ശരീരത്തി ലെത്തുകയും കടുത്ത ഛർദിയും അതിസാരവും ഉണ്ടാക്കുകയും ചെയ്യുന്നു. ഇപ്രകാരം അമിതമായ തോതിൽ ശരീരത്തിലെ ജലവും ലായകങ്ങളും നഷ്ടപ്പെടു കയാണെങ്കിൽ അത് രോഗിയുടെ മരണത്തിനു വരെ ഇടയാക്കുന്നു. ഒ.ആർ.എസ്. ലായനിയുടെ ഉപയോഗത്തിലൂടെ ശരീരത്തിലെ നഷ്ടപ്പെട്ട ജലം ഒരളവു വരെ നിലനിർത്താനാവും.

## അക്യൂട്ട് ഡയേറിയൽ ഡിസീസ്

ലോകാരോഗ്യസംഘടനയുടെ കണക്ക് പ്രകാരം അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണത്തിന്റെ രണ്ടാമത്തെ

കാരണം വയറിളക്ക രോഗങ്ങളാണ്. ഓരോ വർഷവും അഞ്ചു വയസ്സിൽ താഴെയുള്ള ലക്ഷക്കണക്കിന് കുട്ടികളാണ് ഇതുകാരണം മരിക്കുന്നത്. ശരീരത്തിൽ നിന്നുള്ള അമിതജലനഷ്ടമാണ് ഈ രോഗത്തെ ഇത്രയും മാരക മാക്കുന്നത്. ഒരു ദിവസം മൂന്നോ അതിൽ കൂടുതലോ തവണ ഇളകി മലം പോവുകയാണെങ്കിൽ അതിനെ വയറിളക്കമായി കണക്കാക്കാം.

ടൈഫോയിഡ്

'സാൽമൊണെല്ല' എന്ന ബാക്ടീരിയ പരത്തുന്ന ടൈഫോയിഡ് പനി, മലിനജലത്തിലൂടെയും രോഗിയുടെ വിസർജ്യത്തിൻെറ അംശമടങ്ങിയ ഭക്ഷണപദാർഥത്തി ലൂടെയുമാണ് പകരുന്നത്. ആഴ്ചകൾ നീണ്ട് നിൽക്കുന്ന കടുത്തപനി, നാസാര ന്ധ്രങ്ങളിലൂടെയുള്ള രക്തപ്രവാഹം, കടുത്ത വയറുവേദന, വയറിളക്കം എന്നിവയാണ് പ്രധാന ലക്ഷണ ങ്ങൾ. തുറസ്സായ സ്ഥലങ്ങളിലുള്ള വിസർജനം, വൃത്തിരഹിതമായ ജീവിതരീതി, കൈകഴുകാതെ ഭക്ഷണം കഴിക്കൽ എന്നിവ ഈ രോഗം വരാനുള്ള സാധ്യത വർധിപ്പിക്കുന്നു.മഞ്ഞപ്പിത്ത രോഗങ്ങൾ ഹെപ്പറ്റൈറ്റിസ് എ, ഇ എന്ന രോഗാണു ശരീരത്തിൽ കയറി രണ്ട്-ആറ് ആഴ്ച കഴിഞ്ഞാലേ രോഗ ലക്ഷണങ്ങൾ പൂർണമായും വെളിവാകൂ. ക്ഷീണം, പനി, ഓക്കാനം, വിശപ്പില്ലായ്മ, കൺവെള്ളയിലും തൊലിപ്പുറത്തും മഞ്ഞനിറം പ്രത്യക്ഷപ്പെടുക എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ.

**കൊതുക് പരത്തുന്ന പകർച്ചവ്യാധികൾ**

**ചിക്കൻ ഗുനിയ**

ഈ വാക്കിന് പുരാതന മകോൺഡെ ഭാഷയിൽ വളഞ്ഞ് പുളയുക എന്നാണ് അർഥം. വേദന കാരണം രോഗി ഇപ്രകാരം ചെയ്യുന്നതിനാലാണ് ആ പേര് ലഭിച്ചത്. ഈഡിസ് കൊതുകുകൾ വാഹകരായുള്ള ഈ രോഗത്തിൻെറ പ്രഥമലക്ഷണം മൂന്ന് മുതൽ അഞ്ച് ദിവസം വരെ നീണ്ടു നിൽക്കുന്ന പനിയാണ്. തുടർന്ന് കൈകാലുകളിലെ സന്ധികളിൽ അസഹ്യമായ വേദന ഉടലെടു ക്കുന്നു. ആഴ്ചകളോ മാസങ്ങളോ ഈ വേദന നിലനിൽക്കാം.കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളത്തിൽ സജീവമായ പനിയാണ് ചികുൻഗുനിയ. ഈഡിസ് ഈജിപ്തി വർഗത്തിൽപെടുന്ന കൊതുകുകളാണ് ഇവ പരത്തുന്നത്. ശരീരത്തിൽ രോഗാണു പ്രവേശിച്ച് രണ്ടുമൂന്നു ദിവസത്തിനകം രോഗം പ്രകടമാകും. കുട്ടികളിലും രോഗപ്രതിരോധശേഷി കുറഞ്ഞവരിലും മെനിഞ്ചൈറ്റിസ് എൻസഫലോപതിയെന്ന അവസ്ഥയിലേക്കും ചികുൻഗുനിയ രോഗികളെ കൊണ്ടെത്തിക്കാറുണ്ട്. ഈ അവസ്ഥയിലെത്തുന്ന രോഗികൾ പ്രായം ചെന്നവരാണെങ്കിൽ മരിക്കാനുള്ള സാധ്യതയേറെയാണ്. ആൽഫാ വിഭാഗത്തിൽപെടുന്ന ഒരു തരം വൈറസുകളാണ് രോഗം പരത്തുന്നത്. വൈറസ് പരത്തുന്ന രോഗമായതിനാൽ ആന്റിബയോട്ടിക് മരുന്നുകൾ ഫല പ്രദമല്ല. നല്ല വിശ്രമമാണ് ആവശ്യം. ആഫ്രിക്കയിലെ സാഹിലി ഭാഷയിൽ വളയുക എന്ന അർഥം വരുന്ന വാക്കിൽനിന്നാണ് ഈ രോഗത്തിന്റെ പേര് വരുന്നത്. രോഗം ബാധിച്ചയാൾ വേദനകൊണ്ട് വളയുന്ന അവസ്ഥയാണിതിനു കാരണം. 1953-ൽ ടാൻസാനിയയിലാണ് ആദ്യമായി ലോകത്ത് ചികുൻഗുനിയ റിപ്പോർട്ട് ചെയ്യപ്പെട്ടത്. പകൽസമയത്ത് കടിക്കുന്ന കൊതുകുകളില ൂടെയാണ് രോഗം പടരുക. പെൺവർഗത്തിൽപെടുന്ന കൊതുകുകളാണ് പ്രധാന രോഗവാഹകർ. കറുത്ത നിറവും വെളുത്ത വരകളും പൊട്ടുകളും കാണുന്ന കൊതുകുകളാണ് ഈഡിസ് ഈജിപ്തി. മനുഷ്യനെ വിടാതെ പിൻതുടരുന്നതിനാൽ ഇവയെ പുലിക്കൊതുക് എന്നും വിളിക്കാറുണ്ട്. പനിയും ശക്തമായ സന്ധിവേദനയുമാണ് പ്രധാന രോഗലക്ഷണങ്ങൾ. ചിലർക്ക് ശരീരത്തിൽ അങ്ങിങ്ങായി ചുവന്ന പാടുകളും പുറംവേദനയുമു ണ്ടാകും. പനി കഴിഞ്ഞാലും മാസങ്ങളോളം സന്ധിവേദനയു ണ്ടാകുമെന്നതാണ് പ്രത്യേകത.

കുട്ടികളേക്കാൾ കൂടുതൽ മുതിർന്നവരിലാണ് സന്ധിവേദന അനുഭവപ്പെ ടുന്നതായി കാണുന്നത്. ചികുൻഗുനിയക്ക് പ്രത്യേക മരുന്നുകൾ ഇന്ന് ലഭ്യമല്ല. സാധാരണ പാര സെറ്റാമോൾ ടാബ്‌ലറ്റാണ് നൽകുന്നത്. ആദ്യ ദിവസങ്ങളിൽ നല്ല വിശ്രമം ആവശ്യമാണ്. രോഗി ധാരാളം വെള്ളം കുടിക്കുകയും വേണം. നീരും വേദനയും കുറക്കാനും പ്രത്യേക മരുന്നില്ല. സാധാരണ ഉപയോഗിക്കുന്ന വേദന സംഹാരികളാണ് ഇപ്പോൾ ഉപയോഗിച്ചുവരുന്നത്. പനികളിൽ എലിപ്പനിയും ഡെങ്കിപ്പനിയുമാണ് ആന്തരാവയവങ്ങളെ ബാധിച്ച് രോഗിയുടെ ജീവൻ അപ കടാവസ്ഥയിലാക്കുന്നത്. വൈറൽ പനിയൊഴികെ മറ്റെല്ലാ പനികളും എലികളെപ്പോലുള്ള ക്ഷുദ്ര ജീവികളാണ് പരത്തുന്നത്. അതിനാൽ പരിസര ശുചീകരണം പനി പടരാതിരിക്കാൻ സ്വീകരിക്കേണ്ട പ്രധാന മാർഗമാണ്.പണ്ട് ആഫ്രിക്കൻ വനാന്തരങ്ങളിൽ ആൾക്കുരങ്ങിലും മറ്റ് സസ്തനികളിലും ഒതുങ്ങിനിന്നി രുന്നവയാണ് ചിക്കുൻ ഗുനിയ വൈറസുകൾ. പിന്നീട് മനുഷ്യരിലേക്കു വ്യാപി ക്കുകയായിരുന്നു. രോഗാണുവാഹ കരായ കൊതുകുകളുടെ കടി യേൽക്കുമ്പോൾ രോഗാണുക്കൾ പുതിയ വ്യക്തിയിൽ എത്തിച്ചേരും. പ്രധാനമായും ഈഡിസ് ഈജിപ്തി വിഭാഗത്തിൽപ്പെട്ട കൊതുകുകളാണ് രോഗം പരത്തുക. ഇതേ വർഗത്തിൽപ്പെട്ട അൽബോപിക്റ്റസും വിറ്റേറ്റസും രോഗാണുവിനെ മറ്റൊരാളിലേക്കു പകർത്താൻ കഴിവുള്ള കൊതുകുകളാണ്. 1953ൽ ആഫ്രിക്കയിലെ ടാൻസാനിയ യിലാണ് ചിക്കുൻ ഗുനിയക്കു കാരണമാകുന്ന സൂക്ഷ്മാണുവിനെ ആദ്യമായി കണ്ടെത്തിയത്. രോഗബാധിതനായ വ്യക്തി പനിക്കൊപ്പം അസഹനീയമായ സന്ധിവേദനയും പേശീവേദനയും കാരണം നിവർന്നു നിൽക്കാൻ കഴിയാതെ വളഞ്ഞുപോകാറുണ്ട്. ടാൻസാനിയയിലെ സ്വാഹിലി ഭാഷയിൽ ചിക്കുൻ ഗുനിയ എന്ന പദത്തിന്റെ അർഥം 'വളഞ്ഞിരി

ക്കുക' എന്നതാണ്. ചിക്കുൻ ഗുനിയ മാരകരോഗ മല്ലെങ്കിലും ഒരു പ്രദേശമാകെ പെട്ടെന്ന് പടർന്നുപിടിക്കുന്നതിനാൽ ഗുരുതരമായ സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ ഉണ്ടാക്കാറുണ്ട്. സാധാരണ ജലദോഷപ്പനിയിൽനിന്നു വ്യത്യസ്തമായി മൂക്കൊലിപ്പും തുമ്മലും കാണാറില്ല. ശക്തമായ സന്ധിവേദനകൾ, പ്രത്യേകിച്ച് കൈകാൽവിരലുകളെ ബാധിക്കാറുണ്ട്. കൈയിലും കാലിലും നെഞ്ചത്തും കാണുന്ന ചുവന്ന പാടുകൾ ശ്രദ്ധേയമാണ്. ചിലരിൽ പ്രകാശത്തിലേക്കു നോക്കുമ്പോൾ കണ്ണിന് വേദന ഉണ്ടാകാറുണ്ട്. പ്രായമേറിയവരിലും പ്രതിരോധശേഷി കുറഞ്ഞവരിലും നവജാത ശിശുക്കളിലും ചിക്കുൻ ഗുനിയ ഗുരുതരമാകാറുണ്ട്. മിക്ക രോഗികളിലും സന്ധിവേദന ആഴ്ചകൾക്കുള്ളിൽ അപ്രത്യക്ഷ മാകാറുണ്ട്. എന്നാൽ, സന്ധി കൾക്ക് പരിക്കുപറ്റിയവരിലും മറ്റേതെങ്കിലും തരത്തിലുള്ള സന്ധിവാതരോഗങ്ങൾ ഉള്ള വരിലും സന്ധികളുടെ വീക്കവും വേദനയും മാസങ്ങളോളം മാറാതിരിക്കും. ലഘുവായ വ്യായാമങ്ങൾക്കൊപ്പം ചിറ്ററത്ത, കുറുന്തോട്ടി, കരിങ്കുറിഞ്ഞി, ചുക്ക്, ആവണക്ക് തുടങ്ങിയ ഔഷധി കൾ അടങ്ങിയ മരുന്നുകൾ നല്ല ഫലം തരും.

## റോസ് റിവർ ഫീവർ

ചികുൻഗുനിയ പോലെ രോഗലക്ഷണങ്ങൾ കാണിക്കുന്ന പനിയാണ് റോസ് റിവർ ഫീവർ. തമിഴ്നാട്ടിൽ കണ്ടുവരുന്ന രോഗം കേരളത്തിലേക്ക് പടർന്നിരി ക്കാമെന്നാണ് ആരോഗ്യ വകുപ്പ് സംശയി ക്കുന്നത്. പനി ബാധിച്ചയാളുടെ കവിളുകൾ റോസ് നിറത്തിൽ തടിച്ചു തിണർക്കുന്നതു മൂലമാണത്രെ ഈ പനിക്ക് ഈ പേരു വന്നത്. ആസ്ത്രേലിയയിൽ കണ്ടെത്തിയ റോസ് റിവർ വൈറസാണ് കൊതുകിലൂടെ ഈ പനി പടർത്തുന്നത്. ചികുൻഗുനിയ യുടെ ലക്ഷണങ്ങളാണ് പനിക്കുള്ള തെങ്കിലും രക്തപരിശോധന നടത്തിയാൽ ചികുൻഗുനിയ പോസിറ്റീവ് ഫലം ലഭിക്കില്ലെ ന്നതാണ് രോഗത്തിന്റെ പ്രത്യേകത. നാലുമാസം മുമ്പുതന്നെ തമിഴ്നാട്ടിൽ ഈ രോഗം ബാധിച്ചതായി റിപ്പോർട്ടുണ്ടായിരുന്നു വെങ്കിലും സ്ഥിരീകരണം ഉണ്ടാകുന്നത് ഈ അടുത്ത കാലത്താണ്. സംസ്ഥാനത്ത് കൊതുക് സാന്ദ്രത കൂടുതലായുള്ളതും മറ്റും ഈ രോഗത്തിനുള്ള അനുകൂല സാഹചര്യമാണുണ്ടാക്കുകയെന്ന് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ പറയുന്നു. ചികുൻഗുനിയ വൈറസിനുണ്ടാകുന്ന ജനിതക മാറ്റമാണ് റോസ് റിവർ പനിക്ക് കാരണമെന്നാണ് സംശയിക്കുന്നത്. ശക്തമായ പനി, നീർവീക്കം, സന്ധികളിലെ നീർക്കെട്ട് എന്നിവ ഉണ്ടാകുന്നതിനാൽ രോഗം ബാധിച്ചയാൾക്ക് ദിനചര്യകൾ ചെയ്യാൻപോലും പ്രയാസം അനുഭവപ്പെടുന്ന അവസ്ഥയാ ണുണ്ടാകുക. ഈസിഡ് പോളിനെസിസ്, ക്യൂലക്സ് അനുലിറോക്ടിസ് എന്നീ വിഭാഗ ത്തിലുള്ള കൊതുകുകളാണ് രോഗം പരത്തുന്നത്. രോഗാണു കൊതുകിന്റെ രക്തത്തിൽ നിർജീവാവസ്ഥയിലും, മനുഷ്യരക്തത്തിൽ സജീവാവ സ്ഥയിലുമാകും. ഇൻക്യുബേഷൻ പിരിയേഡ് കഴിയുന്നതോടെ ശക്തമായ പനിയും മറ്റ് അസ്വസ്ഥതകളും തുടങ്ങും. രോഗം മാറിയാലും ഏറെനാൾ നീർക്കെട്ടും സന്ധിവേദനയും രോഗിയെ അലട്ടും. ഈഡിസ് കൊതു കുകൾ പരത്തുന്ന മറ്റൊരു രോഗമാണിത്. 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഓസ്ട്രേലിയയിൽ കണ്ടെത്തിയ പകർച്ചവ്യാധി 1979 കളിൽ പസഫിക് ദ്വീപസമൂഹ ത്തിൽ എത്തിപ്പെട്ടു. സന്ധികൾക്ക് അനുഭവപ്പെടുന്ന ശക്തമായ വേദനയും നീരുമാണ് പ്രധാന ലക്ഷണം. ഇത് വർഷങ്ങളോളം മാറാതെ നിൽക്കും.

## ഫ്ളു അഥവാ വൈറൽ പനി

പകർച്ചപ്പനിയെന്ന പേരിൽ ഏറ്റവും കൂടുതൽ പേർക്ക് ബാധിക്കുന്ന പനിയാണ് വൈറൽ പനി. ഇതിനെ ഫൽ എന്നാണ് സാധാരണ വിളിക്കാറ്. മഴക്കാലത്ത് കുട്ടികളിലാണ് ഇത് ഏറ്റവും കൂടുതലായി ബാധി ക്കുന്നത്. റൈനോ, അഡിനോ, കൊറോണാ വൈറസുകളാണ് രോഗം പരത്തുന്നത്. ചെറിയ പനി, തലവേദന, മൂക്കൊലിപ്പ്, തൊണ്ടയിൽ കുരുകുരുപ്പ് എന്നിവയാണ് ലക്ഷണങ്ങൾ. പേശീവേദന പോലുള്ള ഉപദ്രവകരമായ ലക്ഷണങ്ങൾ ഈ പനിക്കില്ല. ജലദോഷപ്പനിയെ ന്നറിയപ്പെടുന്ന ഇവ നാലോ അഞ്ചോ ദിവസത്തെ ചികിത്സ കൊണ്ട് പൂർണമായും സുഖം പ്രാപിക്കും. വായുവിലൂടെ ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് പകരുന്നതാണ് ഈ പനി.

## ഡെങ്കിപ്പനി

ഈഡിസ് ഈജിപ്തി' കൊതുകുകൾ പ്രധാന വാഹകരായുള്ള വൈറൽ പനിയാണ് ഡെങ്കിപ്പനി. കടുത്ത പനി, തലവേദന, പേശിയിലേയും സന്ധിയിലേയും വേദന, തൊലിപ്പുറത്തെ തിണർപ്പുകൾ എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ.സംസ്ഥാന ത്ത് ഈ സീസണിൽ പടർന്നുപിടിക്കുന്ന പനിയാണ് ഡങ്കിപ്പനി. രണ്ടാഴ്ചക്കിടെ 20 പേരാണ് ഡങ്കിപ്പനി ബാധിച്ച് മരിച്ചത്. തിരുവനന്തപുരം ജില്ലയിലാണ് കൂടുതൽ പേർ മരിച്ചത്. 13 പേർ. ആയിരക്കണക്കിന് പേർക്ക് ഡങ്കിപ്പനി സ്ഥിരീകരിച്ചിട്ടുമുണ്ട്. ഡെങ്കിപ്പനി ഈഡിസ് വർഗത്തിൽപെടുന്ന കൊതുകുകളാണ് പരത്തുന്നത്. ആന്തരിക രക്തസ്രാവമാണ് ഈ രോഗത്തിന്റെ വില്ലൻ. ശക്തമായ പനി, സന്ധിവേദന, അസ്ഥിവേദന, തലവേദന തുടങ്ങിയവയാണ് രോഗലക്ഷണങ്ങൾ. കുട്ടികളിലും ശിശുക്കളിലും ചർമത്തിലു ണ്ടാകുന്ന പാടുകൾ മാത്രമായിരിക്കും ലക്ഷണങ്ങൾ. ഒന്നിലേറെ തവണ രോഗാണുബാധയേൽക്കുന്നവർക്ക് ഗുരുതരമായ ആരോഗ്യ പ്രശ്നമാണ് ഡെങ്കിപ്പനിയു ണ്ടാക്കുക. രക്തത്തിലെ പ്ലേറ്റ്

ലറ്റുകളുടെ എണ്ണം കുറക്കാനും, രക്ത സ്രാവത്തിനും ഇടയാകും. മൂക്കിൽനിന്നും വായിൽനിന്നും രക്തസ്രാവമുണ്ടാകുന്നുവെന്നതാണ് മറ്റു പനികളിൽനിന്നു ഡെങ്കിപ്പനിയെ വ്യത്യസ്തമാക്കുന്നത്. കുടലിലും ചിലർക്ക് രക്തസ്രാവമുണ്ടാ കാറുണ്ട്. രോഗത്തെ തുടർന്ന് രക്തസമർദം അമിതമായി താഴുന്നത് ഷോക്ക് എന്ന അവസ്ഥയുണ്ടാക്കും. രക്തസ്രാവമുള്ള രോഗികൾക്ക് മരണസാധ്യത 30 ശതമാനത്തോളമാണ്. എത്രയുംവേഗം ചികിത്സ നൽകിയാൽ അപകടം ഒഴിവാക്കാം. ദേഹത്തെ ചുവന്ന പാടുകൾ, കറുത്ത നിറത്തിലുള്ള മലം പോകുക, വായിൽനിന്നും മൂക്കിൽനിന്നുമുള്ള രക്തസ്രാവം, ഭക്ഷണ വിരക്തി, സ്വഭാവ വ്യതിയാനം എന്നിവയാണ് രോഗ ലക്ഷണങ്ങൾ. കൈകാലുകൾ തണുത്തിരിക്കുക, മൂത്രത്തിന്റെ അളവ് കുറയുക, ശ്വാസതടസ്സം എന്നീ ലക്ഷണങ്ങൾ രോഗി പ്രകടിപ്പിച്ചാൽ രോഗിയുടെ നില അതീവ ഗുരുതരമാണെന്ന് മനസ്സിലാക്കാം. ഇത്തരം ഘട്ട ങ്ങളിൽ തീവ്രപരിചരണ ചികിത്സ യാണ് രോഗിക്ക് നൽകേണ്ടിവരിക. ഈഡിസ് വിഭാഗത്തിൽപ്പെട്ട കൊതുകുകൾ പരത്തുന്ന മാരകമായ രോഗമാണ് ഡെങ്കിപ്പനി. അതിശക്തമായ പേശീവേദന, കടുത്ത പനി, അസ്ഥികളെ നുറുക്കുന്ന വേദന തുടങ്ങിയവയാണ് പ്രാരംഭലക്ഷണങ്ങൾ. പനി ശക്തമാകുമ്പോൾ രക്തത്തിലെ പ്ലേറ്റ്ലെറ്റുകളുടെ എണ്ണം കുറയുന്നത് രക്തസ്രാവത്തിന് ഇടയാക്കും. വായ, മൂക്ക്, കുടൽ തുടങ്ങിയ ഭാഗങ്ങളിൽനിന്നുള്ള രക്തസ്രാവം ഡെങ്കിപ്പനി ഗുരുതരമാകുന്നതിന്റെ ലക്ഷണങ്ങളാണ്. എന്നാൽ, ചെറിയ പനിയും, ചുവന്ന പാടുകളും മാത്രമേ പലപ്പോഴും കുട്ടികളിൽ കാണാറുള്ളു. രക്തസ്രാവത്തോടൊപ്പം മയക്കം, മരവിച്ച കൈകാലുകൾ, മൂത്രത്തിന്റെ അളവ് കുറയുക തുടങ്ങിയവ രോഗം സങ്കീർണമാകുന്നതിന്റെ ലക്ഷണങ്ങളാണ്. രോഗാണു ബാധിതനായ വ്യക്തിയെ കടിക്കുന്ന കൊതുകുകൾ ഏഴുദിവസങ്ങൾക്കുശേഷം മറ്റുള്ള വരിലേക്ക് രോഗം പരത്താനുള്ള ശേഷി നേടുന്നു. ഒരിക്കൽ രോഗാണുവാഹകരായ കൊതുകുകൾ തുടർന്നുള്ള ജീവിതകാലം മുഴുവൻ മറ്റുള്ളവരിലേക്ക് രോഗം നേരിട്ട് പരത്തുന്നു. മുന്തിരി, കരിങ്കൂവളം, നറുനീണ്ടി, നെല്ലിക്ക, പാച്ചോറ്റി, രാമച്ചം, ചിറ്റീന്തൽ തുടങ്ങിയ ഔഷധങ്ങൾ അടങ്ങിയ മരുന്നുകൾ പ്ലേറ്റ്ലെറ്റുകളുടെ എണ്ണത്തെ കൂട്ടാറുണ്ട്.

## ജപ്പാൻ ജ്വരം

ജപ്പാൻ ജ്വരം പരത്തുന്ന 'ഫ്‌ളാവി' വൈറസിനെ ക്യൂലക്സ് കൊതുകുകളാണ് വഹിക്കുന്നത്. ശരീരപേശികൾ ഉറച്ച് പോവുക, പനി, തലവേദന എന്നിവയാണ് പ്രാരംഭ ലക്ഷണങ്ങൾ. ശരീരോഷ്മാവ് ക്രമാതീതമായി ഉയരുക, കഴുത്തും മറ്റു സന്ധികളും ഇളക്കാൻ ബുദ്ധിമുട്ടുണ്ടാവുക, അപസ്മാരം പോലുള്ള ലക്ഷണം, പെരുമാറ്റ വ്യതിയാനം എന്നിവയാണ് പിന്നീട് പ്രത്യക്ഷപ്പെടുന്നത്. കുട്ടികളിൽ ഈ രോഗം ഉണ്ടാക്കുന്ന മരണനിരക്ക് വളരെ ഉയർന്നതാണ്. രോഗാണുക്കൾ തലച്ചോറിനെ ബാധിച്ച് അപസ്മാര ലക്ഷണങ്ങൾ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഉണ്ടാക്കുന്ന മാരകമായ കൊതുകുജന്യരോഗമാണിത്. 1924ൽ ജപ്പാനിലാണ് രോഗം ആദ്യമായി പടർന്നു പിടിച്ചത്. ക്യൂലക്സ് വിഭാഗത്തിൽപ്പെട്ട കൊതുകുകളാണ് രോഗം പരത്തുന്നത്. വളർത്തുമൃഗങ്ങളായ കന്നുകാലികൾ, പന്നി, കൊക്ക് വർഗത്തിൽപ്പെട്ട പക്ഷികൾ, വവ്വാൽ തുടങ്ങിയവയിൽ ജപ്പാൻ ജ്വരത്തിനു കാരണ മാകുന്ന രോഗാണുക്കൾ ദീർഘനാൾ സജീവമായി കഴിയാറുണ്ട്. രോഗം തടയാൻ ശരിയായ രീതി യിലുള്ള ജന്തുപരിപാലനം അനിവാര്യമാണ്. ശക്തമായ പനി, കുളിര്, അപസ്മാരം, ശ്വാസതടസ്സം, തലച്ചോറിൽ നീർക്കെട്ട്, നാഡീസംബന്ധമായ പ്രശ്നങ്ങൾ തുടങ്ങിയ സങ്കീർണതകൾ കാണുന്നു. 45 ശതമാനത്തിലധികം രോഗബാധിതർ മരണപ്പെടാറുണ്ട്. യെല്ലോ ഫീവർ ഈഡിസ് ഈജിപ്തി വിഭാഗത്തിൽപ്പെടുന്ന കൊതുകുകൾ പരത്തുന്ന പകർച്ചവ്യാധിയാണ് യെല്ലോ ഫീവർ. 1900നു മുമ്പ് ഇതൊരു കൊതുകുജന്യ രോഗമാണെന്ന് കണ്ടുപിടിച്ചിരുന്നില്ല. കരളിനെയാണ് രോഗം പ്രധാനമായും ബാധിക്കുന്നത്. പനിയെത്തുടർന്നുണ്ടാകുന്ന കടുത്ത മഞ്ഞപ്പിത്തത്തിൽ നിന്നാണ് പകർച്ചവ്യാധിക്ക് ഈ പേരുണ്ടായത്. ആഫ്രിക്കൻ കാടുകളിൽ കുരങ്ങുകളിൽ നിലനിൽ ക്കുന്ന വൈറസുകൾ ഇപ്പോഴും ഒരു വെല്ലുവിളിയായി തുടരുന്നു.വെസ്റ്റ് നൈൽ ഫീവർ വനാന്തരങ്ങളിൽ വിഹരിച്ചിരുന്ന പക്ഷികളിലേക്ക് ക്യൂലക്സ് വിഭാഗത്തിൽപ്പെട്ട കൊതുകുകളാണ് രോഗം പരത്തിയിരുന്നത്. വനത്തിൽ നായാട്ടിനു പോയവരിലേക്ക് ഈ വൈറസുകൾ കടക്കുകയായിരുന്നു. പനി, ചുവന്ന പാടുകൾ, കണ്ണുവേദന, ഛർദി ഇവയാണ് പ്രധാന ലക്ഷണങ്ങൾ. എന്നാൽ, കുട്ടികളിലും പ്രായമേറിയവരിലും രോഗം തലച്ചോറിനെ ബാധിക്കുന്നതി നാൽ പലപ്പോഴും മരണപ്പെടാറുണ്ട്.

## റിഫ്റ്റ് വാലി ഫീവർ

ഈഡിസ് കൊതുകുകൾ പരത്തുന്ന ഈ രോഗം പ്രധാനമായും ബാധിക്കുന്നത് ആടുമാടുകളെയാണ്. ഇവയുമായി അടുത്ത് ഇടപഴകുമ്പോൾ രക്തത്തിലൂടെയും മറ്റു ശരീരഭാഗങ്ങളിലൂടെയും രോഗം മനുഷ്യരിലേക്കു പടരുന്നു. മഴക്കാലത്ത് രോഗം കൂടുതലായി പടരും. ആഫ്രിക്കയിൽ ധാരാളമായി കണ്ടുവരുന്നു. ശക്തമായ പനിക്കൊപ്പം ആന്തരിക രക്തസ്രാവവും കാണാറുണ്ട്. അപൂർവമായി തലച്ചോറിനെയും ബാധിക്കുന്നു.സെന്റ് ലൂയിസ് എൻസഫലൈറ്റിസ് ക്യൂ ലക്സ് വിഭാഗത്തിൽപ്പെട്ട കൊതുകുകൾ പരത്തുന്ന വൈറസ് പക്ഷികളിൽനിന്ന് മനുഷ്യരിലേക്ക് വ്യാപിക്കുന്നു. എല്ലാ പ്രായക്കാരെയും ബാധിക്കുന്ന ഈ രോഗം തലച്ചോറിനെയും നാഡികളെയും ബാധിച്ച് തളർച്ച, അപസ്മാരം, ഓർമക്കുറവ് ഇവയ്ക്കിടയാക്കും. പ്രായമായ

വരിൽ രോഗം സങ്കീർ ണമാകുന്നു. 1933ൽ ഈ രോഗം സെന്റ് ലൂയിസ് നഗരത്തിൽ പടർന്നുപിടിച്ചിരുന്നു. 1942ലാണ് കൊതുകാണ് ഇതു പരത്തു ന്നതെന്ന് കണ്ടെത്തിത്. രോഗ ബാധിതരായ കുട്ടികൾ ഏറെക്കാലം ബോധരഹിതരാ കാറുണ്ട്. വൈകല്യങ്ങൾ ബാധിക്കുന്നവരും ഉണ്ട്.

**.മന്തുരോഗം**

എലിഫന്റിയാസിസ് എന്നറിയ പ്പെടുന്ന മന്തുരോഗത്തെ പ്പറ്റിയുള്ള ആധികാരിക വിവരം ആദ്യമായി നൽകിയത് ഡോ. പാട്രിക് മാൻസൻ ആണ്. 1875ൽ ചൈനയിൽ ജോലിചെയ്തിരുന്ന ഡോ. പാട്രിക് മാൻസൻ ശവ ശരീരത്തിന്റെ ലസികാഗ്രന്ഥി യിൽനിന്ന് നൂൽവണ്ണത്തിലുള്ള 'ഫൈലേറിയ' കീടങ്ങളെ കണ്ടെത്തി. മന്തുരോഗിയുടെ രക്തം കുടിക്കാൻ കൊതുകു കൾക്ക് അവസരം നൽകി പഠനം തുടർന്ന് ഡോ. പാട്രിക് ഫൈ ലേറിയാ ലാർവകളെ കൊതു കിന്റെ ഉദരത്തിൽ കണ്ടെത്തി. ഇതോടെ ഈ ജീവികൾക്ക് രണ്ട് ജീവിതഘട്ട ങ്ങൾ ഉണ്ടെന്നും അത് കൊതുകിലും മനുഷ്യരി ലുമായി പൂർത്തീകരി ക്കുന്നു വെന്നും അദ്ദേഹം കണ്ടെത്തി. മന്തുരോഗിയിൽ ലിംഫ് ദ്രാവക ത്തിന്റെ ഒഴുക്കിന് തടസ്സമു ണ്ടാവുകയും കെട്ടിക്കിടക്കുകയും ചെയ്യും. ചിലരിൽ പൊട്ടി അണുബാധ ഉണ്ടാകാറുണ്ട്. മാൻസോണിയ കൊതുകു കളാണ് മന്തു പരത്തുന്നത്.

**.മലമ്പനി**

അനോഫിലസ് കൊതുകുകളാണ് മലമ്പനി പരത്തുന്നത്. രോഗം പരത്തുന്ന കൊതുകിന്റെ കടിയേറ്റാൽ 7-14 ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ പ്രകടമാകും. ചെറിയ തണുപ്പാണ് ആദ്യലക്ഷണം. പിന്നീടത് വിറയലായി മാറും. വിയർപ്പിലൂടെ ധാരാളം ജലനഷ്ടവും ഉണ്ടാകും. 1897 ആഗസ്ത് 20ന് റൊണാൾഡ് റോസ് ആണ് അനോഫിലസ് കൊതുകുകളാണ് മലേറിയ പരത്തുന്നതെന്നു കണ്ടെ ത്തിയത്. ചരിത്രപ്രാധാന്യമുള്ള ആ ദിനത്തിന്റെ ഓർമയ്ക്കായാണ് ആഗസ്ത് 20 കൊതുകുദിനമായി ആചരിക്കുന്നത്.
കൊതുകുകടിയിലൂടെ മനുഷ്യരക്തത്തിലെത്തുന്ന രോഗാണു കരളിൽ പെരുകുകയും രക്തത്തിലേക്ക് വ്യാപിക്കുകയും ചെയ്യുന്നു. തുടർന്ന് ഇവ ചുവന്നരക്താണുക്കളെ ആക്രമിച്ച് രക്തകോശത്തിനുള്ളിൽ താവളമുറപ്പിക്കും. രോഗാണുക്കൾ പെരുകി രക്തകോശം പൊട്ടി നൂറുകണക്കിന് അണുക്കൾ മറ്റു കോശങ്ങളിലേക്കു കടക്കുകയും ചെയ്യുന്നു. കൊതുകുകളെ നശിപ്പിക്കാത്തിടത്തോളം കാലം വൈറസുകൾ സുരക്ഷിതമാണ്. രോഗത്തിനും ദുരിതത്തിനും ഇടയാക്കുന്ന വൈറസുകൾ വലുപ്പത്തിൽ വളരെ ചെറുതാണ്. ഒരു കോശത്തിനകത്തുതന്നെ ലക്ഷക്കണക്കിന് വൈറസുകൾ ഉണ്ടാകാം. കൊതുകിലും മനുഷ്യനിലും കുരങ്ങ് ഉൾപ്പെടെയുള്ള ജന്തുക്കളിലും വൈറസ് വംശവർധന നടക്കുന്ന തിനാൽ ആക്രമണം തുടർന്നുകൊണ്ടിരിക്കും. ബോധവൽക്കരണത്തിലൂടെയും കൂട്ടായ്മയിലൂടെയും കൊതുകിനെ നശിപ്പിച്ചേ മതിയാകൂ.

*മറ്റുകാരണങ്ങളാൽ ഉണ്ടാകുന്ന പകർച്ച വ്യാധികൾ*

**എലിപ്പനി**

എലികളാണ് 'ലെപ്റ്റോ സ്പൈറ' എന്ന ഈ രോഗാണുവിൻെറ പ്രധാന വാഹകർ. രോഗാണുക്കൾ എലിയുടെ മൂത്രത്തിലൂടെ വെള്ളത്തിലത്തെുന്നു. ആ വെള്ളം നമ്മുടെ വായിലൂടെയോ മുറിവി ലൂടെയോ മറ്റോ ശരീരത്തിലത്തെുമ്പോൾ രോഗാണുവും ഉള്ളിൽ പ്രവേശിക്കുന്നു. മൃഗങ്ങളുമായി കൂടുതൽ ഇടപഴകുന്ന ഇടയന്മാർ, മൃഗപരിപാലകർ, കർഷകർ, മലിനജലം വൃത്തിയാക്കുന്നവർ എന്നിവരിലാണ് ഈ രോഗം വരാൻ കൂടുതൽ സാധ്യതയുള്ളത്. പനി, തലവേദന, കുളിരൽ, ഛർദി, മഞ്ഞപ്പിത്തം, ചെങ്കണ്ണ്, വയറുവേദന എന്നിവയാണ് ലക്ഷണങ്ങൾ. ശരീരത്തിൽ രോഗാണു പ്രവേശിച്ച് നാല് മുതൽ 14 ദിവസം കഴിഞ്ഞാണ് രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നത്.
മറ്റു പനികളിൽനിന്ന് വ്യത്യസ്തമായി ബാക്ടീരിയ പരത്തുന്ന രോഗമാണ് എലിപ്പനി അഥവാ ലെപ്റ്റോസ് പൈറോസിസ്. മറ്റു പനികൾ കൊതുകുകൾ പരത്തുന്ന വൈറസുകളാണെങ്കിൽ എലിപ്പനി പരത്തുന്നത് എലികളാണ്. ആന്തരികാവയവങ്ങളെ ബാധിക്കുന്ന എലിപ്പനി സംസ്ഥാനത്ത് എല്ലാ വർഷവും നൂറിലേറെ പേരുടെയെങ്കിലും ജീവനൊടുക്കുന്നുണ്ട്. ലെപ്റ്റോ സ്പൈറ എന്ന സ്പൈറോകീറ്റ്സ് വിഭാഗത്തിൽ പെടുന്ന ബാക്ടീരിയകളാണ് രോഗം പരത്തുന്നത്. രോഗാണുക്കൾ വസിക്കുന്നത് എലികളിലും അറവു മാടുകളിലും പട്ടികളിലും മറ്റുമാണ്. ഇവ ഏറെക്കാലം മൂത്ര വിസർജനത്തിലൂടെ മണ്ണിലെത്തിക്കൊണ്ടിരിക്കും. നമ്മുടെ ശരീരത്തിൽ ചെറിയ മുറിവുകളോ മറ്റോ ഉണ്ടെങ്കിൽ അതിലൂടെ രോഗാണു അകത്തു പ്രവേശിക്കും. മൃഗങ്ങളുടെ മൂത്രം ദേഹത്ത് വീഴുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നത് നല്ലതാണ്.
ശക്തമായ പനി, കാലിന്റെയും നടുവിന്റെയും പേശികളുടെ വേദന, ഓക്കാനം, ഛർദി, തലവേദന എന്നിവ രോഗലക്ഷണങ്ങളാണ്.
മൃഗങ്ങളുടെയോ എലികളുടെയോ മൂത്രം കലർന്ന വെള്ളം കുടിക്കുന്നതും രോഗബാധക്കിടയാക്കും.
എലിപ്പനിമൂലം ന്യൂമോണിയ, വൃക്കരോഗം, മഞ്ഞപ്പിത്തം എന്നിവയും രോഗിക്ക് ബാധിക്കാനും മരണം സംഭവിക്കാനും കാരണമാകും. വൃക്കരോഗങ്ങൾ ഉണ്ടാക്കുന്നതും എലിപ്പനിയുടെ പ്രത്യേകതയാണ്. കണ്ണിലുള്ള രക്തക്കുഴലുകൾ പൊട്ടുന്നതിനാൽ കണ്ണ് ചുവന്നു

വരുന്നതും ലക്ഷണമാണ്. വൃക്കകളുടെയും ഹൃദയത്തിന്റെയും പ്രവർത്തനത്തെ സാരമായി ബാധിക്കുന്ന എലിപ്പനി മിക്കവരെയും മരണത്തിലേക്ക് എത്തിക്കുകയാണ് പതിവ്. രോഗത്തിന്റെ ഒന്നാം ഘട്ടം അവസാനിച്ചാൽ രണ്ടാം ഘട്ടം ആരംഭിക്കുക യാണ് ചെയ്യുക. ഈ അവസ്ഥയിൽ പനി വീണ്ടും തുടങ്ങുകയും തലച്ചോറിനെയും നാഡികളെയും ബാധിക്കുകയും ചെയ്യുന്നു. മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കിയാൽ രോഗം തീവ്രത കുറഞ്ഞ് സുഖപ്പെടുകയും ചെയ്യും. പെനിസിലിൻ, ടെട്രാസൈക്ലിൻ തുടങ്ങിയ ആന്റി ബയോട്ടിക്കുകളാണ് പ്രധാനമായും ചികിത്സക്ക് ഉപയോഗിക്കുന്നത്.

**പക്ഷിപ്പനി**

2009ൽ മാരകമായി പടർന്ന് പിടിക്കുകയും 2010 ആയപ്പോഴേക്കും 17,000ത്തോളം പേരുടെ മരണത്തിനിടയാക്കുകയും ചെയ്ത ഈ രോഗം 'ഇൻഫ്ളുവൻസ- A H1N1 എന്ന രോഗാണുവാണ് പരത്തുന്നത്. സാധാരണ ജലദോഷ പനിയുടെ ലക്ഷണങ്ങളിൽ തുടങ്ങി ശ്വാസകോശങ്ങളിൽ നീർക്കെട്ടുണ്ടാക്കുന്നു. അപ്രകാരം ശ്വാസതടസ്സം നേരിടുകയും അത് രോഗിയുടെ മരണത്തിന് വരെ കാരണമാവുകയും ചെയ്യുന്നു.

**പ്രതിരോധ മാർഗങ്ങൾ**

*1. തിളപ്പിച്ചാറിയ ശുദ്ധജലം മാത്രം ഉപയോഗിക്കുക*
*2. തുറസ്സായ സ്ഥലങ്ങളിലെ മലമൂത്ര വിസർജനം പാടെ വർജിക്കുക.*
*3. പരിപൂർണ വ്യക്തിശുചിത്വവും പരിസര ശുചിത്വവും പാലിക്കുക.*
*4. ഭഷണസാധനങ്ങൾ കഴുകിമാത്രം ഉപയോഗിക്കുക. അടച്ച് സൂക്ഷിക്കുക.*
*5. ജലസംഭരണികൾ അടച്ചു സൂക്ഷിക്കുക.*
*6. വെള്ളം കെട്ടിക്കിടക്കാൻ അനുവദിക്കാതിരിക്കുക. ചിരട്ടകൾ, ചട്ടികൾ, പൊട്ടിയ പാത്രങ്ങൾ, ഉപയോഗശൂന്യമായ സംഭരണികൾ എന്നിവയിൽ വെള്ളം കെട്ടിക്കിടക്കുന്നത് തടയുക.*
*7. വെള്ളം കെട്ടിനിർത്തൽ അനിവാര്യമാണെങ്കിൽ അതിൽ ഗപ്പി, ഗാമ്പൂസിയ തുടങ്ങിയ മത്സ്യങ്ങളെ വളർത്തുക. ഇവ കൊതുകിൻെറ കൂത്താടികളെ നശിപ്പിക്കുന്നു.*
*8. ഓടകളിലും അഴുക്കുചാലുകളിലും ഫോഗിങ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക*
*9) കൊതുകുനിവാരണം നടത്തുക, കൊതുകുകടിയേൽക്കാതിരിക്കാൻ കൊതുകുവല, നീളമുള്ള വസ്ത്രങ്ങൾ എന്നിവ ഉപയോഗിക്കുക.*
*10) മലിനജല സംസർഗം ഒഴിവാക്കുക.*
*11) H1N1 രോഗം സംശയിക്കുന്ന സ്ഥലങ്ങളിലുള്ളവർ തൂവാലയോ മാസ്കോ ഉപയോഗിച്ച് മൂക്കും വായയും മൂടുക.*
*12) പകർച്ചവ്യാധികളുടെ എന്തെങ്കിലും ലക്ഷണങ്ങൾ കാണുകയാണെങ്കിൽ ഉടൻതന്നെ അംഗീകൃത ഡോക്ടർമാരിൽ നിന്നും ചികിത്സ തേടുക. സ്വയം ചികിത്സ തീർത്തും ഒഴിവാക്കുക*

**വേണം ജാഗ്രതയും മുൻകരുതലുകളും**

പനിയും പകർച്ചവ്യാധികളും തടയാൻ സംസ്ഥാന ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം ലഘുലേഖയിലും പോസ്റ്ററിലും പ്രസംഗത്തിലും മാത്രം ഒതുങ്ങുന്നതാണ് രോഗം പടർന്നു പിടിക്കാൻ പ്രധാന കാരണം. മറ്റു സംസ്ഥാനങ്ങളിൽ നടക്കുന്ന മഴക്കാല പൂർവ ശുചീകരണം കണ്ടാലേ നമുക്കത് മനസ്സിലാകൂ. ഓരോ വർഷവും നിരവധി കുടുംബങ്ങളെയാണ് പനി അനാഥരാക്കുന്നത്. ഉദ്യോഗസ്ഥരും ഭരണാധികാരികളും കൈ മലർത്തുമ്പോൾ ഓരോരുത്തർക്കും ചെയ്യാവുന്ന മുൻകരുതലുകൾ രോഗവ്യാപനത്തെ ഒരു പരിധിവരെ പിടിച്ചുനിർത്തും. വീടിന്റെ പരിസരത്തെ ഒഴിഞ്ഞ പാത്രങ്ങളിലും മറ്റും കെട്ടിക്കിടക്കുന്ന വെള്ളം ഒഴിവാക്കുക. കൊതുകുകൾ നമ്മുടെ വീടിന്റെ 50 മീറ്റർ പരിധിയിലാണ് വളരുന്നതെന്ന് മനസ്സിലാക്കുക. ടെറസ്സിലെയും ചെടിച്ചട്ടികളിലെയും വെള്ളക്കെട്ടുകൾ ഒഴിവാക്കുക, വീടിനു സമീപത്തെ പുല്ലുകളും കുറ്റിച്ചെടികളും വെട്ടി നശിപ്പിക്കുക. പകൽ സമയത്ത് കൊതുകുകൾ ചെടികളിലാണ് വിശ്രമിക്കുന്നത്. വെള്ളക്കെട്ടിനു മീതെ ഡീസൽ, മണ്ണെണ്ണ എന്നിവ ഒഴിക്കുന്നത് കൊതുകുകളുടെ ലാർവകളെ നശിപ്പിക്കും. വാട്ടർ ടാങ്കുകളും, സെപ്റ്റിക് ടാങ്കുകളുടെ ഓപണിംഗുകളും വല ഉപയോഗിച്ച് മൂടണം. മാസത്തിലൊരിക്കൽ ഡി ഡി റ്റി, പൈത്രിൻ എന്നീ മിശ്രിതങ്ങൾ ചേർത്ത് വീട്ടിലും പരിസരത്തും സ്പ്രേ ചെയ്യണം. കൊതുകുകൾ വീട്ടിൽ കയറാതെ നോക്കാൻ ജനലുകളും വെന്റിലേറ്ററുകളും ചെറിയ വലകൾ ഉപയോഗിച്ച് മൂടുന്നത് നല്ലതാണ്. ഉറങ്ങുമ്പോൾ കൊതുകുവല ഉപയോഗിക്കണം. കൈകാലുകൾക്ക് മുറിവുള്ളപ്പോൾ മലിനജലം തട്ടാതെ നോക്കണം. തിളപ്പിച്ചാറിയ വെള്ളം മാത്രമേ കുടിക്കാവൂ. പനി ബാധിച്ചാൽ സ്വയം ചികിത്സ നടത്താതെ സർക്കാർ ആശുപത്രി യിൽ പോയി ചികിത്സ തേടണം. വീടിനും പരിസരത്തുമുള്ള ചപ്പുചവറുകളും ഭക്ഷണാവശിഷ്ടങ്ങളും മറ്റും നശിപ്പിച്ച് എലി പെരുകുന്നത് തടയണം.

# ആരാധനക്രമം (നിറങ്ങൾ)



1. **വെളുപ്പ് നിറം**

പരിശുദ്ധിയുടെയും നൈർമ്മല്യത്തിന്റെയും അടയാളമാണ്. താഴെ പറയുന്ന അവസരങ്ങളിൽ വെളുപ്പു നിറം ഉപയോഗിക്കുന്നു.

1. ഉയിർപ്പുകാലത്തും പിറവിക്കാലത്തും
2. പീഡാസഹനം ഒഴിച്ചുള്ള കർത്താവിന്റെ തിരുനാളുകളിലും സ്മരണകളിലും.
3. പരിശുദ്ധ കന്യകാമറിയം, ദൈവദൂതന്മാർ, രക്തസാക്ഷികളല്ലാത്ത വിശുദ്ധർ എന്നിവരുടെ തിരുനാളുകളിലും സ്മരണകളിലും
4. സകല വിശുദ്ധരുടെയും തിരുനാളിൽ (നവംബർ 1)
5. വിശുദ്ധ സ്നാപക യോഹന്നാന്റെ ജനന തിരുനാളിൽ.
6. വി. യോഹന്നാൻ സുവിശേഷകന്റെ തിരുനാളിൽ.
7. വി. പത്രോസ് അപ്പസ്തോലന്റെ സിംഹാസന തിരുനാളിൽ
8. വി. പൗലോസിന്റെ മാനസാന്തര തിരുനാളിൽ.

.

2. **ചെമപ്പു നിറം**

.രക്തത്തിന്റെ നിറമാണ് ചെമപ്പ്. സ്നേഹത്തിന്റെയും സഹനത്തിന്റെയും വേദനയുടെയും രക്തസാക്ഷിത്വത്തിന്റെയും പ്രതീകം.

താഴെ പറയുന്ന അവസരങ്ങളിലാണ് പുരോഹിതൻ ചെമപ്പ് ഉപയോഗിക്കുന്നത്.

1. കുരുത്തോല ഞായറാഴ്ച
2. ദുഃഖവെള്ളിയാഴ്ച
3. പെന്തക്കുസ്ത മഹോത്സവ തിരുനാൾദിനം
4. കർത്താവിന്റെ പീഡാസഹന അനുഷ്ഠാന കർമ്മം
5. അപ്പസ്തോലന്മാരുടെയും സുവിശേഷകന്മാരുടെയും തിരുനാളുകൾ
6. രക്തസാക്ഷികളുടെ തിരുനാളുകൾ
7. പരിശുദ്ധാത്മാവിന്റെ തിരുനാൾ ദിനം

3. **പച്ചനിറം**

പ്രകൃതിയുടെ നിറമാണ് പച്ച. കണ്ണുകൾക്ക് കുളിർമയേകുന്ന പച്ചനിറം പ്രത്യാശയുടെ പ്രതീകമാണ്. തിരുനാളുകൾ ഒഴിച്ചുള്ള സാധാരണ ദിവസങ്ങളിൽ പച്ചനിറത്തിലുള്ള തിരുവസ്ത്രങ്ങൾ ഉപയോഗിക്കുന്നു. ഈ നിറം യേശുവിന്റെ രണ്ടാം വരവിനായി പ്രത്യാശയോടെ കാത്തിരിക്കുന്ന സഭാസമൂഹത്തെ പ്രതിനിധാനം ചെയ്യുന്നു.

4. **വയലറ്റ് നിറം**

പശ്ചാത്താപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും പ്രതീകമാണ് വയലറ്റ് നിറം അഥവാ ധൂമ്ര നിറം. നോമ്പുകാലത്തും ആഗമനകാലത്തും മരിച്ചവർക്കു വേണ്ടിയുള്ള ദിവ്യബലികളിലും വയലറ്റ് നിറം ഉപയോഗിക്കുന്നു.

5. **സ്വർണ്ണ നിറം**

തിരുകർമ്മ വസ്ത്രങ്ങളിൽ സ്വർണ്ണ നിറത്തിലുള്ള വസ്ത്രങ്ങൾ ആഘോഷാവസരങ്ങളിൽ ഉപയോഗിക്കുന്നു. വെള്ള നിറത്തിനു പകരമായാണ് ഇന്ന് സാധാരണയായി സ്വർണ്ണ നിറം ഉപയോഗിക്കുന്നത്.



*'ജീവന്റെയും സ്നേഹത്തന്റെയും സമന്വയമാണ് കുടുംബം'*
*ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ*

ആഗോള കത്തോലിക്കാസഭ പ്രഖ്യാപിച്ച കുടുംബവർഷാചരണത്തോടനുബന്ധിച്ച് വരാപ്പുഴ അതിരൂപത നടത്തിയ വലിയ കുടുംബങ്ങളുടെ സംഗമത്തിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് 'ജീവന്റെയും സ്നേഹത്തിന്റെയും സമന്വയമാണ് കുടുംബം' എന്ന് അഭിവന്ദ്യ മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു. കുട്ടികളിലൂടെയാണ് കുടുംബം അനുഗ്രഹിക്കപ്പെടുന്നതെന്നും, പ്രതിസന്ധികളുടെ ഈ കാലഘട്ടത്തിൽ മക്കളുടെ നേരായ വളർച്ചയിൽ മാതാപിതാക്കന്മാർ പ്രത്യേകം ശ്രദ്ധാലുക്കളാകണമെന്നും ആർച്ച് ബിഷപ്പ് ഓർമ്മിപ്പിച്ചു. വരാപ്പുഴ അതിരൂപത ഫാമിലി കമ്മീഷൻ ഡയറക്ടർ ഫാ. പോൾസൺ സിമേതി അധ്യക്ഷത വഹിച്ച ചടങ്ങിൽ, ആശീർഭവൻ ഡയറക്ടർ ഫാ. വിൻസെന്റ് വാരിയത്ത്, സിസ്റ്റർ ജോസഫീന, KCBC പ്രോലൈഫ് സമിതി സംസ്ഥാന പ്രസിഡണ്ട് ജോൺസൺ ചൂരേപ്പറമ്പിൽ, കോ-ഓർഡിനേറ്റർ നിക്സൺ വേണാട്ട് എന്നിവർ പ്രസംഗിച്ചു. മുന്നൂറോളം പേർ പങ്കെടുത്ത ചടങ്ങിൽ ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ കുടുംബങ്ങൾക്ക് സ്നേഹോപഹാരങ്ങൾ നൽകി.



*വരാപ്പുഴ അതിരൂപത എറണാകുളം സോഷ്യൽ സർവീസസ് സൊസൈറ്റി*
*ആർച്ച് ബിഷപ്പ്സ്സ് സ്നേഹ ഭവനം ധനസഹായ വിതരണം നടത്തി*

ഈ കാലഘട്ടത്തിലും സ്വന്തമായി വാസയോഗ്യമായ ഭവനം ഇല്ലാത്ത ആയിരങ്ങൾ നമ്മുടെ സമൂഹത്തിൽ ഉണ്ടെന്നുള്ളത് ഏറെ വേദനാജനകമാണെന്നും ധൂർത്തും ആർഭാടവും ഒഴിവാക്കി പാവപ്പെട്ടവരെ സഹായിക്കുവാൻ സമൂഹം മുന്നോട്ടുവരണമെന്നും വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത ഡോ. ജോസഫ് കളത്തിപ്പറമ്പിൽ പിതാവ് പറഞ്ഞു. വരാപ്പുഴ അതിരൂപത സാമൂഹ്യ പ്രവർത്തന വിഭാഗമായ എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി നടപ്പിലാക്കുന്ന ആർച്ച്ബിഷപ്പ്സ് സ്നേഹഭവനം പദ്ധതിയുടെ ഭാഗമായി 44 കുടുംബങ്ങൾക്കുള്ള ധനസഹായ വിതരണം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭവനം

ഇല്ലാത്തവരുടെ വേദനയിൽ അവരോടൊപ്പം താനും അതിരൂപതയും പങ്കുചേരുന്നതായും അഭിവന്ദ്യ പിതാവ് പറഞ്ഞു. എറണാകുളം, തൃശൂർ ജില്ലകളിൽ നിന്നുള്ള 44 കുടുംബങ്ങൾക്കാണ് ഈ സ്നേഹസമ്മാനം ലഭ്യമായത്. എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. മാർട്ടിൻ അഴീക്കകത്ത്, അസി. ഡയറക്ടർ ഫാ. ജിബിൻ മാതിരപ്പള്ളി, വാർഡ് കൗൺസിലർ ശ്രീ. മനു ജേക്കബ്, സിസ്റ്റർ ട്രീസ സിൽജി SMDC എന്നിവർ സംസാരിച്ചു.



*ഡയാലിസിസ് ചലഞ്ച്: 1000 സൗജന്യ ഡയാലിസിസ് കൂപ്പണുകൾ വിതരണം ചെയ്തു*

എറണാകുളം പാർലമെന്റ് മണ്ഡലത്തിലെ നിർദ്ധനരായ രോഗികൾക്കുവേണ്ടി ഹൈബി ഈഡൻ എം.പി.യും വരാപ്പുഴ അതിരൂപതയുടെ സാമൂഹിക സേവന വിഭാഗമായ എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ചേർന്ന് നടപ്പിലാക്കുന്ന ഡയാലിസിസ് ചലഞ്ച് പ്രൊജക്ടിന്റെ ഭാഗമായുള്ള ആദ്യ 1000 സൗജന്യ ഡയാലിസ് കൂപ്പണുകൾ വിതരണം ചെയ്തു. ഇ.എസ്.എസ്.എസ്. ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്ത് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഇ.എസ്.എസ്.എസ്. അസി. ഡയറക്ടർ ഫാ. ജിബിൻ ജോർജ്ജ് മാതിരപ്പിള്ളി, കൗൺസിലർ മനു ജേക്കബ്, വിപിൻ ജോ, സിസ്റ്റർ മേരി തോമസ് തുടങ്ങിയവർ പങ്കെടുത്തു.പ്രസ്തുത പദ്ധതിയിൽ 750 രൂപ മുടക്കി പങ്കുചേരാം. പദ്ധതിക്കായി സൗത്ത് ഇന്ത്യൻ ബാങ്ക്, എറണാകുളം നോർത്ത് ബ്രാഞ്ചിൽ എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. (അക്കൗണ്ട് നമ്പർ-0485053000018794, ഐ.എഫ്.എസ്സി-SIBL0000485). വിദേശത്തു നിന്നുള്ള വർക്ക് സ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ന്യൂഡൽഹി മെയിൻ ബ്രാഞ്ചിലുള്ള ഇ.എസ്.എസ്.എസിന്റെ എഫ്സിആർഎ അക്കൗണ്ടിലേക്കും പണം അയയ്ക്കാം. (അക്കൗണ്ട് നമ്പർ-40103200926, IFSC : SBIN0000691, സ്വിഫ്റ്റ് കോഡ്-SBININBB104.

*ലോക ഗാർഹിക തൊഴിലാളി ദിനചാരണത്തിന്റെ ഭാഗമായി എറണാകുളം സോഷ്യൽ സർവീസ് സൊ സൈറ്റിയും കേരള ലേബർ മൂവ്മെന്റും സംയുക്തമായി നടത്തിയ ഗാർഹിക തൊഴിലാളി ദിനാഘോഷം* എറണാകുളം എം.എൽ.എ. ശ്രീ. ടി.ജെ.

NEWS



വിനോദ് ഉത്ഘാടനം ചെയ്തു.ഗാർഹിക തൊഴിലാളികൾക്ക് വേണ്ടിയുള്ള 189-ാം കൺവെൻഷൻ അംഗീകരിക്കുകയും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിച്ച് നിയമനിർമാണം നടത്തണമെന്നും സമ്മേളനം ആവശ്യപെട്ടു. ഗാർഹിക തൊഴിലാളി ഫോറം സംസ്ഥാന പ്രസിഡന്റ് ശ്രീമതി. ഷെറിൻ ബാബു അധ്യക്ഷത വഹിച്ച യോഗത്തിൽ വരാപ്പുഴ അതിരൂപത വികാരി ജനറൽ മോൺസിഞ്ഞോർ മാത്യു ഇലഞ്ഞിമറ്റം, കെ.എൽ.എം ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്ത്, കെ.എൽ.എം. രൂപത പ്രസിഡണ്ട് ശ്രീ ബിജു പുത്തൻപുരക്കൽ, കെ.ഡി.ഡബ്ലിയു.എഫ് വരാപ്പുഴ അതിരൂപത പ്രസിഡണ്ട് ശ്രീമതി. ഫ്രാൻസിസ്ക ദാസ്, ശ്രീമതി. ശൈലജ, ശ്രീമതി. ഷീജ, മിസ്സ്. ആഷ്മി എന്നിവർ സംസാരിച്ചു.ഗാർഹിക തൊഴിലാളികളെ കുറിച്ച് പഠനം നടത്തി ഡോക്ടറേറ്റ് നേടിയ ഇ.എസ്.എസ്.എസ്. പ്രൊജക്ട് ഓഫീസർ ഡോക്ടർ റ്റിറ്റ്സൺ ദേവസിയെയും, ഗാർഹിക തൊഴിലാളി ഫോറത്തിലൂടെ ശാക്തീകരിക്കപ്പെട്ട സ്ത്രീ എന്ന നിലയിൽ ആകാശവാണി റേഡിയോ നിലയത്തിൽ സ്വന്തം അനുഭവം പങ്കുവെച്ച ശ്രീമതി. ശൈല ജയെയും യോഗത്തിൽ ആദരിച്ചു. ഗാർഹിക തൊഴിലാളി ദിനാചരണത്തോടനുബന്ധിച്ച് ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങളെ കുറിച്ചുള്ള സെമിനർ ഡബ്ലിയു.ഐ.എഫ് ദേശീയ പ്രസിഡണ്ട് ശ്രീ. ജോയി ഗോതുരുത്ത് നയിച്ചു. തുടർന്ന് തൊഴിലാളികളുടെ കലാകായിക മത്സരങ്ങളും സംഘടിപ്പിച്ചു.

*ദൃശ്യം സൗജന്യ നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു*


.

വരാപ്പുഴ അതിരൂപത എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിയും ചൈതന്യ ഐ



ഹോസ്പിറ്റൽ രവിപുരവും സംയുക്തമായി സംഘടിപ്പിച്ച ദൃശ്യം സൗജന്യ നേത്ര പരിശോധനക്യാമ്പ് 22.06.2022 ബുധനാഴ്ച കടവന്ത്രയിലെ സെന്റ് സെബാസ്റ്റ്യൻ പള്ളി ഓഡിറ്റോറിയത്തിൽ വച്ചു നടന്നു. 152 പേർ പങ്കെടുത്ത പ്രസ്തുത ക്യാമ്പിൽ BCC സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് റോയ് കോവട്ടിൽ സ്വാഗതം ആശംസിച്ചു. തൃക്കാക്കര M.L.A ശ്രീമതി. ഉമ തോമസ് ഉദ്ഘടാനം നിർവഹിച്ചു. ഇ.എസ്.എസ്.എസ്. ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്ത്, ഡോ. ജോൺ അക്കര, കൊച്ചിൻ കോർപ്പറേഷൻ കൗൺസിലർ ശ്രീ. ആന്റണി പൈനുത്തറ, അജപാലന ശുശ്രൂഷ കോ ഓർഡിനേറ്റർ ശ്രീ. ജോസഫ് സിമേന്തി എന്നിവർ സംസാരിച്ചു. ഇടവക വികാരി ആന്റണി അറക്കൽ ക്യാമ്പിന് ആവശ്യമായ എല്ലാ പിന്തുണയും നൽകി സഹായിച്ചു. ഇ.എസ്.എസ്.എസ് റീജിയണൽ കോ ഓർഡിനേറ്റർ ശ്രീമതി ലിജി ടി.ജെ യും, SHG ടീമംഗങ്ങളും പരിപാടിക്ക് നേതൃത്വം നൽകി.

## *വിശുദ്ധ തോമസ് മൂർ അനുസ്മരണദിനം കൊണ്ടാടി കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത*



കെ.സി.വൈ.എം. വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ കെ.സി.വൈ.എം. ന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ തോമസ് മൂർ അനുസ്മരണ ദിവ്യബലി എറണാകുളം ആശിർഭവൻ ചാപ്പലിൽവച്ച് നടത്തപ്പെട്ടു. കെ.സി.വൈ.എം വരാപ്പുഴ അതിരൂപത ഡയറക്ടർ റവ. ഫാ. റാഫേൽ ഷിനോജ് ആറാഞ്ചേരി



വിശുദ്ധ കുർബാന യ്ക്ക് നേതൃത്വം നൽകി. വിശുദ്ധ കുർബാനയ്ക്കുശേഷം വിശുദ്ധ തോമസ് മൂറിന്റെ ചിത്രത്തിൽ കെ.സി.വൈ.എം.നേതാക്കന്മാർ പുഷ്പാർച്ചന നടത്തി. 100 ഓളം യുവജനങ്ങൾ പങ്കെടുത്തു.

## *ലഹരി വിരുദ്ധ സന്ദേശ സൈക്കിൾ റാലിയുമായി കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത*

ലഹരി വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് കെ.സി.വൈ.എം. വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ കൊച്ചി മെട്രോ റെയിലുമായി സഹകരിച്ചുകൊണ്ട് നടത്തിയ സൈക്കിൾ റാലി ശ്രീ. ഹൈബി ഈഡൻ എം.പി. ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത പ്രസിഡന്റ് ആഷ്‌ലിൻ പോൾ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. റാഫേൽ ഷിനോജ് ആറാഞ്ചേരി, ജനറൽ സെക്രട്ടറി ജോർജ് രാജീവ് പാട്രിക്ക്, എക്സിക്യൂട്ടീവ് അംഗങ്ങളായ ഹൈന വി. എഡ്വിൻ, സോണാൽ സ്റ്റീവൻസൺ കെ., ഡിലി ട്രീസാ, ടിൽവിൻ തോമസ്, വിനോജ് വർഗീസ്, അക്ഷയ് അലക്സ്, ജോയ്സൺ പി ജെ, ലെറ്റി എസ് വി, ദിൽമ മാത്യു, മേഖല ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. ക്വീൻസ് വോക്ക്‌വേയിൽ നിന്നും ആരംഭിച്ച സൈക്കിൾ റാലി കലൂർ ജവഹർലാൽ നെഹ്റു മെട്രോ സ്റ്റേഷനിൽ അവസാനിച്ചു. 150 ഓളം യുവജനങ്ങൾ പങ്കെടുത്തു.

## *കെ.സി.വൈ.എം വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ യുവജന മാസാചരണത്തിന് ആരംഭം കുറിച്ചു*

കെ.സി.വൈ.എം. വരാപ്പുഴ അതിരൂപതയുടെ നേതൃത്വത്തിൽ യുവജന മാസാചരണത്തോട നുബന്ധിച്ച് അർപ്പിക്കപ്പെട്ട വി കുർബ്ബാനയ്ക്കു ഫാ.



NEWS

റൈഗൻ ഒസിഡി നേതൃത്വം നൽകി. തുടർന്ന് കെ.സി.വൈ.എം. ന്റെ മൂവർണ്ണ പതാക കെ.സി.വൈ.എം വരാപ്പുഴ അതിരൂപത പ്രസിഡന്റ് ആഷ്‌ലിൻ പോൾ ഉയർത്തി. കെ.സി.വൈ.എം വരാപ്പുഴ അതിരൂപതയുടെ സ്ഥാപക ജനറൽ സെക്രട്ടറിയും കെ.സി.വൈ.എം മുൻ സംസ്ഥാന പ്രസിഡന്റുമായിരുന്ന കെ.ജി. മത്തായി മുഖ്യപ്രഭാഷണം നടത്തി. കെ.സി.വൈ.എം. ഡയറക്ടർ റവ.ഫാ. റാഫേൽ ഷിനോജ് ആറാഞ്ചേരി, യുവജന കമ്മീഷൻ ഡയറക്ടർ റവ. ഫാ. ജിജു ക്ലീറ്റസ് തിയ്യാടി, കെ.സി.വൈ.എം. സംസ്ഥാന സെക്രട്ടറി സ്മിത ആന്റണി, കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത ജനറൽ സെക്രട്ടറി ജോർജ് രാജീവ് പാട്രിക്ക്, ട്രഷറർ എഡിസണ്‍, വരാപ്പുഴ യൂത്ത് കോ ഡിനേറ്റർ സിബിൻ യേശുദാസ്, കെ.സി.വൈ.എം വരാപ്പുഴ അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങളായ ഹൈന വി. എഡ്വിൻ, സോണാൽ സ്റ്റീവൻസൺ, ഷാബിൻ തദേവൂസ്, ഡീലി ട്രീസാ, വിനോദ് വർഗ്ഗീസ്, ടിൽവിൻ തോമസ്, അക്ഷയ് അലക്സ്, ഫിനിക്സ് ആന്റണി അലക്സ്, ജോയ്സൺ പി.ജെ., ദിൽമ മാത്യു, ലെറ്റി എസ്.വി., അരുൺ വിജയ്, മേഖല ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

### ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന ആഗസ്റ്റ് മാസത്തെ പരിപാടികൾ: വിവാഹ ഒരുക്ക കോഴ്സ്:

05, 06, 07 & 19, 20, 21
രാവിലെ 9 മണി മുതൽ
വൈകീട്ട് 5 മണി വരെ.

മാതൃവേദി മീറ്റിങ്:
13-ാം തിയതി രാവിലെ 10:30 ന്.

ഏകസ്ഥരുടെ കൂട്ടായ്മ:
18-ാം തിയതി രാവിലെ 10:30 ന്.

വിധവകളുടെ കൂട്ടായ്മ:
20-ാം തിയതി വൈകീട്ട് 10:30 ന്


## *ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ*

1. സ്ഥൈര്യലേപനാർത്ഥികൾ, ഇൻഫന്റ് ജീസസ് ചർച്ച്, എറണാകുളം - 50,000/-
2. സ്ഥൈര്യലേപനാർത്ഥികൾ, സേക്രട്ട് ഹാർട്ട് ചർച്ച്, കോതാട് - 25,000/-
3. സെന്റ് ക്ലേവ് മൊണാസ്ട്രി വില്ല സുസൂറോ, ചെമ്പുമുക്ക് - 10,000/-
4. സെന്റ് ആന്റണീസ് ഫ്രൈഷൻ, ഇമ്മാക്കുലേറ്റ് കൺസപ്ഷൻ ചർച്ച്, കൊരട്ടി - 2,00,000
5. ശ്രീ. ജോൺസൺ പിൻഹീറോ & ശ്രീമതി ഷേർളി പിൻഹീറോ, ഫീസ്റ്റ് പ്രസിഡന്റ്സ്, സെന്റ് ആന്റണീസ് ചർച്ച, വടുതല - 35,000/-
6. അഗസ്റ്റീനിയൻ ഫാദേഴ്സ്, ആലുവ- 10,000/-
7.ശ്രീമതി ലീലാമ്മ ജോസഫ് കുടിലിൽ, അങ്കമാലി - 3000/-
8. സെന്റ് ജൂഡ് ഫ്രൈഷൻ, യൂദാപുരം, അങ്കമാലി - 25,000/-
9.പ്രസിഡന്റ്സ്, സേക്രട്ട് ഹാർട്ട് ചർച്ച്, കോതാട് - 30,000/.-
10. സ്ഥൈര്യലേപനാർത്ഥികൾ, ഔവ്വർ ലേഡി ഓഫ് പെർപെചൽ ഹെൽപ്, വളപ്പ്- 25,000/-

NB: ആർച്ച് ബിഷപ്പ്സ് 'സ്നേഹഭവനം' പദ്ധതി - ഈ പദ്ധതിയിലേക്കുള്ള ധനസഹായങ്ങൾ ഫെഡറൽ ബാങ്കിന്റെ എറണാകുളം നോർത്ത് ശാഖ 10040100182645 നമ്പർ (IFS Code FDRL0001004) വഴി നൽകാവുന്നതാണ്.



ഫാ. വില്ല്യം ചാൾസ്



*ആഗസ്റ്റ് 7*
ലൂക്ക 12: 32-48

അന്ത്യവിധിയിൽ ശ്രദ്ധിക്കേണ്ട ആത്മീയ രഹസ്യങ്ങൾ യേശു വെളിപ്പെടുത്തുന്ന സുവിശേഷഭാഗമാണിത്.

“യജമാനൻ വരുമ്പോൾ ഉണർന്നിരിക്കുന്നവരായി കാണപ്പെടുന്ന ഭൃത്യർ അനുഗൃഹീതർ.” ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം യജമാനൻ വരുന്നതിനു മുമ്പ് ഉണർന്നിരുന്നുവോ, ജോലികൾ ചെയ്തുവോ എന്നതല്ല പ്രസക്തം. യജമാനൻ വന്ന ഈ നിമിഷത്തിൽ നീ ഉണർവോടെയാണോ ഇരിക്കുന്നത് എന്നതാണ് പ്രധാനം. ഞാൻ ഒത്തിരി ദൈവരാജ്യ വേലകൾ ചെയ്തിട്ടുണ്ട് എന്ന് പറഞ്ഞിട്ട് കാര്യമില്ല. യേശു ഇന്നു വന്നാൽ നീ ഒരുക്കമാണോ?

“അവൻ രാത്രിയുടെ രണ്ടാം യാമത്തിലോ മൂന്നാം യാമത്തിലോ വന്നാലും അവരെ ഒരുക്കമുള്ളവരായി കണ്ടാൽ അവർ അനുഗൃഹീതർ.” റോമാക്കാർ രാത്രിയെ നാല് യാമങ്ങളായി വിഭജിച്ചിരുന്നു. യഹൂദർ മൂന്നു യാമങ്ങളായും വിഭജിച്ചിരുന്നു. ഇതിൽ രണ്ടാം യാമത്തിലോ മൂന്നാം യാമത്തിലോ എന്ന് പറയുന്നത് രാത്രി 10 മണിക്കും സൂര്യോദയത്തിനും ഇടയ്ക്കുള്ള സമയമാണ്. അതിനർത്ഥം ഏതു നിമിഷത്തിലും നമ്മൾ ഒരുക്കമുള്ളവരായി ഇരിക്കണം എന്നാണ്.

അതുകൊണ്ടുതന്നെ യജമാനൻ ഏൽപ്പിച്ചിരിക്കുന്ന ജോലിയിൽ ഭൃത്യൻ നിരന്തരം വ്യാപൃതനായിരിക്കണം. വിശ്വസ്തതയോടും ജാഗരൂകതയോടും കൂടി ജീവിക്കാൻ സുവിശേഷകൻ നമ്മെ ഉദ്ബോധിപ്പിക്കുകയാണ്. ഒരുക്കമുള്ളവരായിരിക്കാനാണ് നമ്മോട് നിർദ്ദേശിക്കുന്നത്.

ക്രിസ്തുവിന് മുമ്പ് അഞ്ചാം ശതകത്തിൽ ജീവിച്ചിരുന്ന ഗ്രീക്ക് തത്ത്വജ്ഞാനിയാണ് സോക്രട്ടീസ് (ബി.സി. 470-399). ഏഥൻസിൽ നിന്നുള്ള അദ്ദേഹമാണ് പാശ്ചാത്യ തത്ത്വശാസ്ത്രത്തിന്റെ പിതാവ്. പ്ലേറ്റോ, ക്സെനോഫർ, അരിസ്റ്റോഫാനസ് എന്നിവരുടെ രചനകളിൽ നിന്നാണ് സോക്രട്ടീസിനെക്കുറിച്ച് നമുക്ക് അറിവ് ലഭിക്കുന്നത്. അദ്ദേഹത്തിന്റെ പ്രശസ്തമായ വരികൾ ഇതാണ്':

‘ഒരു തത്വജ്ഞാനിയുടെ ജീവിതം മരണത്തെക്കുറിച്ചുള്ള ഒരു നിരന്തര ധ്യാനമാണ്. ശാന്തമായി മരണത്തെ സമീപിക്കാൻ അതു നമ്മെ സഹായിക്കുന്നു.”

നമുക്ക് ഇങ്ങനെ കൂട്ടിച്ചേർക്കാം: ക്രിസ്ത്യാനിയുടെ ജീവിതം യേശുവിന്റെ ദ്വിതീയാഗമനത്തെപ്പറ്റിയുള്ള നിരന്തര ധ്യാനമാണ്.

*ആഗസ്റ്റ് 14*
ലൂക്ക 12: 49-53

ചൈനയിലെ കളരിപ്പയറ്റുകളിലൊന്നാണ് തായ് ചി ഹുവാൻ. ശരീരത്തിനു ശിക്ഷണം കൊടുക്കുക എന്നതിനേക്കാൾ ആന്തരിക സമാധാനം ലഭിക്കാനാണ് ഇത് അഭ്യസിക്കുന്നത്. ചെൻ, യാങ്, വൂ

എന്നിങ്ങനെ പല പാഠശാലക ളുണ്ട് ഈ കളരി പഠിപ്പിക്കുന്നതാ യി. അതിരില്ലാത്ത മുഷ്ടി എന്നാണ് തായ് ചി ഹുവാൻ എന്ന പേരിനർത്ഥം. ഈ കളരിപ്പ യറ്റ്
അഭ്യസിക്കുന്നവർ ധ്യാനത്തി ലൂടെ ലഭിക്കുന്നതിനേക്കാൾ ഉന്നതമായ ആന്തരിക സമാധാനവും ശാന്തിയും അനുഭവിക്കുമത്രേ.

ഇന്നത്തെ സുവിശേഷത്തിൽ യേശു പറയുന്നു, താൻ സമാധാ നമോ ആന്തരിക ശാന്തിയോ അല്ല ഭിന്നതയാണ് കൊണ്ടുവന്നിരിക്കു ന്നത്. എന്നാണ് ഈ തിരുവചന ത്തിന്റെ പൊരുൾ? ഈ വചന ത്തിന്റെ അർത്ഥവും ആഴവും മന സ്സിലാക്കാതെ കുഴഞ്ഞേക്കാം.

സമാധാന രാജാവായ ദൈവപു ത്രൻ തന്റെ ഉത്ഥാനത്തിനുശേഷം പ്രത്യക്ഷപ്പെടുമ്പോൾ ശിഷ്യന്മാ രോട് പറയുന്നത് നിങ്ങൾക്ക് സമാധാനം എന്നാണ്. ഇവിടെ വാക്കുകളിൽ വൈരുദ്ധ്യം തോന്നുക എന്നത് സ്വാഭാവികമാ ണ്. സമാധാനമല്ല, ഭിന്നതകളാണ് ഞാൻ കൊണ്ടുവരുന്നതെന്ന് പറഞ്ഞ ക്രിസ്തു ഉത്ഥാനശേഷം പറയുന്നത് നിങ്ങൾക്ക് സമാധാന മെന്നും.

ഇവിടെ വ്യക്തമാകുന്ന ചിത്രം കാലങ്ങളുടേതാണ്; ഭിന്നതകളു ടെയും ചർച്ചയുടെയും പീഡാസ ഹനത്തിന്റെ കാലവും ഉയിർപ്പിന്റെ വെട്ടമുള്ള സമാധാന ത്തിന്റെ കാലവും ഭിന്നതകളുടെ കാലവും സമാധാനത്തിന്റെ കാലവും ജീവിതത്തിൽ തീർച്ചയാ ണ്. കാലങ്ങളെല്ലാം ശാന്തമായിരി ക്കുമെന്ന് യേശു വാക്കു തരുന്നി ല്ല. എന്നാൽ എല്ലാ കാലത്തും യേശു കൂടെ ഉണ്ടാകുമെന്ന് ഉറപ്പ് നൽകുന്നു. "യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോടു കൂടെ ഉണ്ടായിരിക്കും" ഇതുറപ്പാണ്. കർത്താവാഗ്രഹിക്കുന്ന അഗ്നി വീട്ടിലും നാട്ടിലും ഭൂമിയിലും കത്തിജ്വലിച്ചുകൊള്ളട്ടെ. അവി ടുന്ന് തന്റെ സമാധാനത്തിന്റെ മഴ അയയ്ക്കും. കാലമേതായാലും അവിടുത്തെ കൃപയുണ്ടാകും.

*ആഗസ്റ്റ് 22*
**ലൂക്ക 13: 22-30**

ഇടുങ്ങിയ വാതിലിലൂടെ പ്രവേശി ക്കുന്നവർക്ക് വിശാലമായ കാഴ്ച പ്പാടുകൾ ലഭിക്കുമെന്നത് സത്യമാ ണ്. കാവ്യാത്മകമായി Robert Frost ഇതിനെ അനുഗമിക്കുന്നു; രണ്ടു വഴികൾ അദ്ദേഹത്തിന്റെ മുമ്പിൽ തെളിയുന്നുണ്ട്. ഒന്ന്: എല്ലാവരും നടന്നുകൊണ്ടിരിക്കുന്ന പാത. മറ്റേത് അധികമാരും നടക്കാത്ത തും. രണ്ടാമത്തെ പാത തിരഞ്ഞെ ടുത്തുകൊണ്ട് ഒടുവിൽ അദ്ദേഹം പറഞ്ഞു: 'That has made all the difference.

ദൈവം കൂടെയില്ലാത്ത എന്റെ യാത്രകൾ അർത്ഥശൂന്യമാണ് എന്ന് ഞാൻ തിരിച്ചറിയുമ്പോ ഴേക്കും സമയം വൈകിയിട്ടുണ്ടാ കുമോ? എല്ലാത്തരം സുഖസൗക ര്യങ്ങളുടെയും സ്വാർത്ഥനേട്ടങ്ങളു ടെയും പിന്നാലെ ഓടിയോടി ഞാൻ തളർന്നു വീഴുമ്പോഴായിരി ക്കുമോ എന്റെ കിതപ്പ് 'ഈശോ' എന്ന് മന്ത്രിക്കുക? ഞാൻ തിര ഞ്ഞെടുക്കാൻ ഉദ്യമിക്കുന്ന പാത കൾക്ക് സൗന്ദര്യം നൽകുന്നത് ഞാൻ തന്നെയാണെന്നുള്ള തിരിച്ച റിവ് ഉണ്ടായിരിക്കണം. സുവിശേ ഷത്തിൽ നാം കാണും 'പലരും ഇടുങ്ങിയ വാതിലിലൂടെ പ്രവേശി ക്കാൻ ശ്രമിക്കും. എന്നാൽ അവർക്ക് സാധിക്കുകയില്ല.' സ്വന്തം കോട്ട വെടിയാതെ ഒരിക്കലും വെളിച്ചം കാണാൻ സാധിക്കില്ല. നമ്മുടെ കംഫർട്ട് സോൺ വെടിഞ്ഞ് പുറത്തുവരാൻ നമുക്ക് ആകണം.

വി. വിയാനിയച്ചൻ തന്റെ ജനങ്ങളെ ഉപദേശിച്ചതുപോലെ നന്നായി തുടങ്ങാൻ സാധിച്ചി ല്ലേലും നന്നായി അവസാനിപ്പി ക്കാൻ തീർച്ചയായും എനിക്ക് സാധിക്കും. ചില വലിയ നേട്ട ങ്ങൾക്ക് വേണ്ടി കുറച്ചൊക്കെ സ്വസ്ഥത വെടിയാനും, മറ്റുള്ള വർക്ക് വേണ്ടി സമയം കണ്ടെ ത്താനും ഉള്ളിൽ വൻ തിരയടി ഉള്ളപ്പോഴും പുറത്ത് ശാന്തത ഉള്ളവരായി ഇരിക്കാനും നാം കുറച്ചൊക്കെ ഇടുങ്ങിയ വാതി ലിനെ സമീപിക്കേണ്ടി വരും.

*ആഗസ്റ്റ് 28*
**ലൂക്ക 14: 1, 714**

ഭക്ഷണം എന്ന പ്രതീകത്തെ ഉപ യോഗിച്ചു ദൈവരാജ്യത്തെ നിർവ്വ ചിക്കുന്ന യേശുവിനെയാണ് നമ്മൾ ഈ സുവിശേഷ ഭാഗത്ത് കാണുന്നത്. മഹാവിരുന്നിന്റെ മുഖ്യാതിഥിയായി ക്ഷണിക്കപ്പെട്ട യേശു ഇപ്പോൾ അതിഥിയല്ല, ആതിഥേയനാണ്, "എന്തെന്നാൽ, ക്ഷണിക്കപ്പെട്ടവരിൽ ഒരുവനും എന്റെ വിരുന്ന് ആസ്വദിക്കുകയില്ല എന്നു ഞാൻ നിങ്ങളോട് പറയു ന്നു. ദൈവം ഒരുക്കിയിരിക്കുന്ന രക്ഷാകര വിരുന്നിൽ പങ്കെടുക്കാ നുള്ള അവന്റെ ക്ഷണത്തെ മനു ഷ്യർ എപ്രകാരം സ്വീകരിച്ചു എന്നും ദൈവം തന്നെ ഈ വിരു ന്നിൽ വിജാതീയർക്ക് കൊടുക്കുന്ന തെങ്ങനെയെന്നും വ്യക്തമാക്കുന്ന ഉപമയാണിത്.

ചില മനുഷ്യർ എല്ലായിടത്തും അംഗീകാരവും ബഹുമതിയും സ്ഥാനമാനങ്ങളും പ്രതീക്ഷിക്കും. അങ്ങനെയുള്ളവർക്ക് ഒരു മുന്നറി യിപ്പാണ് യേശു ഇവിടെ നൽകുക. നല്ല വ്യക്തിത്വങ്ങളുടെ സ്വഭാവ ത്തിന്റെ സവിശേഷത വിനയമാണ്. വിനയമെന്നത് നമ്മെത്തന്നെ കഴിവു കുറഞ്ഞവരായി താരതമ്യം ചെയ്യുന്നതല്ല. സമ്പൂർണ്ണതയുടെ പര്യായമായ ദൈവവുമായിട്ടാണ് നമ്മെ തുലനം ചെയ്യേണ്ടത്. നമ്മൾ വലിയ പാടവമുള്ളവരെ കാണു മ്പോഴാകും നമ്മുടെ അറിവിന്റെ പോരായ്മ മനസ്സിലാക്കുക.

എളിമപ്പെട്ടുകൊണ്ട് ജീവിക്കുവാൻ നമുക്ക് സാധിക്കട്ടെ. അപ്പോൾ തനിയെ മറ്റുള്ളവരുടെ ഇടയിൽ നമുക്ക് ബഹുമാനവും പ്രശസ്തി യുമുണ്ടാകും. പ്രഭാഷകന്റെ പുസ്തകം 3-ാം അദ്ധ്യായം 18-ാം വാക്യം, "നീയെത്ര ഉന്നതനാണോ അത്രമാത്രം വിനീതനാവുക. അപ്പോൾ കർത്താവിന്റെ കൃപയ്ക്ക് നീ പാത്രമാകും."

ബൈബിൾ വിചിന്തനം

# ആമേൻ പറഞ്ഞ് ആരംഭിച്ച സ്വതന്ത്രജീവിതം

ഫാ. യേശുദാസ് പഴമ്പിള്ളി



"എല്ലാവരും ശ്വസിക്കുന്നത് ഒരേ വായുവാണ്. തണൽ നൽകുന്നതിൽ മരങ്ങൾ വേർതിരിവ് കാണിക്കാറില്ല." മുൻ രാഷ്ട്രപതി റാം നാഥ് കോവിന്ദ്.

ഭൂമി സ്വാതന്ത്ര്യത്തിന്റെ മുന്നോർമ്മകളും വ്യക്തിജീവിതത്തിന്റെ ഭാവിചിന്തകളും കൈകോർക്കുന്ന കാലഘട്ടമാണിത്. മുക്കാൽ നൂറ്റാണ്ടോളം നീണ്ട സ്വാതന്ത്ര്യത്തിന്റെ അവകാശബോധം. വിവിധ മതങ്ങൾ, സംസാര ഭാഷകൾ, സംസ്കാര വൈവിധ്യങ്ങൾ ഏറെ സമ്പന്നത ഭാരതത്തിൽ കാണാനാകും. ലോകത്തിൽ തന്നെ അതിവേഗം വളരുന്ന വൈജ്ഞാനിക മേഖല ഇന്ത്യയ്ക്കുണ്ട്. ആത്മീകവും ഭൗതികവുമായ സ്നേഹക്കൂടിച്ചേരലുകൾ ഇന്നിന്റെ പ്രത്യേകതയാണ്. എന്നും സ്വാതന്ത്ര്യചിന്തകളിൽ ഏറ്റം ശ്രേഷ്ഠമായി കടന്നുവരുക പരിശുദ്ധ മറിയത്തിന്റെ ഓർമ്മകളാണ്.

ഇതാ കർത്താവിന്റെ ദാസി (ലൂക്ക 1:38) എന്നുപറഞ്ഞ് ദൈവഹിതത്തിന് സ്വയം ആമ്മേൻ അർപ്പിച്ച പരിശുദ്ധ അമ്മ, തന്റെ ജീവിതത്തിലുടനീളം അനുഭവിക്കേണ്ടിവന്ന സകല സങ്കടങ്ങളെയും അതിജീവിച്ചത് ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു; അവിടുത്തെ നാമം പരിശുദ്ധമാണ് (ലൂക്കാ 1:49) എന്ന ദിവ്യബോധ്യത്തിന്റെ കരുത്തിലാണ്.

"അവൻ പറയുന്നതുപോലെ ചെയ്യുവിൻ (യോഹ. 2,5) എന്ന മറിയത്തിന്റെ വചനങ്ങൾ തന്നെ ഓർമ്മിപ്പിക്കുന്നത്, ദൈവഹിതമനുസരിച്ച് ജീവിക്കുമ്പോൾ യഥാർത്ഥ സ്വാതന്ത്ര്യമെന്ന കുളിർകാറ്റ് നിനക്കും എനിക്കും സ്വന്തമാകുമെന്നു തന്നെയാണ്. ഇന്ന് കുടുംബങ്ങളിൽനിന്ന് "അമ്മ' പടിയിറങ്ങിയതിന്റെ ചില കാലികക്കാഴ്ചകൾ നമുക്കു തരുന്നത് മറക്കാനാവാത്ത നീറ്റോർമ്മകളാണ്. അമ്മത്വം നഷ്ടമായ അമ്മമാരും അമ്മമാർ പടിയിറങ്ങിയ കുടുംബങ്ങളും നാടിനുതന്നെ ശാപമാണ്. സ്വന്തം കുഞ്ഞിനെയും ഭർത്താവിനെയും കൊലയ്ക്കു കൊടുത്തിട്ട് കാമുകനൊപ്പം ജീവിക്കാൻ കൊതിക്കുന്നവർ, കഞ്ചാവിനും മയക്കുമരുന്നിനും അടിമകളായി സ്ത്രീത്വത്തെ അപമാനിക്കുന്നവർ, തന്റേടവും അസൂയയും ധാർഷ്ട്യവുംകൊണ്ട് കുടുംബത്തെ കുരുതിക്കളമാക്കുന്നവർ, ആശീർവദിച്ചു സ്വന്തമാക്കിയ കൃപയുടെ താലിച്ചരടുകൾ ഒറ്റ രാത്രികൊണ്ടുതന്നെ മുറിച്ചകറ്റുന്നവർ... ഇതൊക്കെ ഈ സ്വാതന്ത്ര്യ സമൂഹത്തിലെ ദുരന്തക്കാഴ്ചകളാണ്. ഇനിയാരും നമ്മെ പുറമേനിന്ന് ആക്രമിക്കുകയില്ല. മറിച്ച്, എന്റെയുള്ളിൽ നിന്നുതന്നെയാണ് വിവിധ യുദ്ധങ്ങളുടെ ആരംഭം. സമൂഹത്തിന്റെയും കുടുംബത്തിന്റെയും സമാധാനക്കൊടികൾ പാറിനിൽക്കേണ്ടത് നമ്മുടെ തന്നെ ചിന്തകളുടെയും പ്രവൃത്തികളുടെയും ഭൂമികയിലത്രേ. കടമകൾക്കും ഉത്തരവാദിത്വങ്ങൾക്കുമപ്പുറം അവകാശങ്ങൾക്ക് വേണ്ടി മാത്രം അലമുറയിട്ട് 75 വർഷങ്ങൾ കഴിഞ്ഞിട്ടും സ്വതന്ത്രമാകാത്ത മനസ്സും ബോധ്യങ്ങളും ഇന്നും നമുക്കുണ്ട്. സ്വതന്ത്രമായി ജീവിക്കാനും, അഭിപ്രായം പറയാനും, ഇഷ്ടമതത്തിൽ വിശ്വസിക്കാനും ഭരണഘടന നമുക്ക് അനുവാദം നൽകുന്നെങ്കിലും പലയിടങ്ങളിൽ ഇതെല്ലാം നിരസിക്കപ്പെടുന്നുണ്ട്. "കാട്ടുകഴുതയെ അഴിച്ചുവിട്ടതാര്?" അതിന് സ്വാതന്ത്ര്യം നൽകിയത് ആര്? (ജോബ് 39; 5) എന്ന ചോദ്യത്തിന് ഇന്നും പ്രസക്തിയുണ്ട്.

എന്നാൽ സ്വാതന്ത്ര്യം തിന്മയുടെ ആവരണമാക്കരുത്. മറിച്ച്, ദൈവത്തിന്റെ ദാസരെപ്പോലെ ജീവിക്കുവിൻ" (1 പത്രോസ് 2:16) വചനത്തിന്റെ മുന്നറിയിപ്പാണിത്. സ്വയം ദാസനാകുമ്പോഴാണ് നമുക്ക് ദൈവരാജ്യത്തിന്റെ സ്വാതന്ത്ര്യം അനുഭവിക്കാനാവുക. സ്നേഹവും സാഹോദര്യവും പുലർത്തുന്ന, അപരനെ അംഗീകരിക്കുന്ന, അഭിപ്രായങ്ങളെ മാനിക്കുന്ന, ജീവനോട് ആദരവ് പുലർത്തുന്ന ഒരു സ്വതന്ത്ര്യ മനസ്സാണ് ഇന്ന് ഏറെ ആവശ്യമുള്ളത്.

ചർച്ച

1. യഥാർത്ഥസ്വാതന്ത്ര്യം ആരംഭിക്കേണ്ടത് പരിശുദ്ധ അമ്മയിൽ നിന്നാണ്. ദൈവഹിതത്തിനു കീഴ്വഴങ്ങി, ദാസിയായി അവൾ ആത്മീയ സ്വാതന്ത്ര്യം അനുഭവിച്ചു. നമ്മുടെ കുടുംബങ്ങളിലെ പൈശാചിക ബന്ധനത്തിൽനിന്നും യഥാർത്ഥ സ്വാതന്ത്ര്യം ലഭിക്കാൻ എന്തുചെയ്യാനാകും?

2. എന്തും തുറന്ന് സംസാരിക്കാനും പങ്കുവയ്ക്കാനുമുള്ള സാഹചര്യമാണ് സ്വാതന്ത്ര്യം. നമ്മുടെ കുടുംബയൂണിറ്റുകളിൽ ഇത്തരം സാഹചര്യമുണ്ടോ? ഇല്ലെങ്കിൽ ചെയ്യേണ്ടത് എന്തൊക്കെ?

3.ദൈവത്തോടുള്ള തുറവി, രാഷ്ട്രത്തോടുള്ള കൂറ്, ഏറെ പ്രധാനപ്പെട്ട ഈ ഘടകങ്ങളിൽ ഇന്ന് അലംഭാവമുണ്ടോ? ഉണ്ടെങ്കിൽ നമുക്ക് എന്തു ചെയ്യാനാകും?

**അടുത്തമാസ വിചിന്തന ഭാഗം**
**മാതൃഭക്തി**
**പ്രഭാഷകൻ 3:4**

ജീവദീപ്തിയിലെ പരസ്യങ്ങൾക്കും വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004